Registered No. M. 5819 Licence No. 445. 12-7-45.

# THE TREASURY OF KNOWLEDGE

# ജ്ഞാനനിക്ഷേപം

Vol. LIX ഡിസംബർ 1956 No. 12.

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന
സംയുക്ത സഭാമാസിക

അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും
നിക്ഷേപങ്ങൾ ഗൂഢമായിരിക്കുന്നു.
കൊലൊ. ൨. ൩.

വരിസംഖ്യ — ആണ്ടിൽ 1 രൂ. 12 ണ. മാത്രം

തന്നെ എങ്കിലും ശിശുസ്നാനം, പട്ടതപം ഇവയെ നിഷേധിക്കുന്ന പെന്തിക്കോസ്തുകാരിൽനിന്നും മൈവെ ത്തിന്റെ ത്രിയേകതത്തെ ചൊടുക്കുന്ന റസ്സൽകാരിൽനിന്നും ബദ്ധഹീന വിശ്വാസിക്കു പരിശുദ്ധന നേരിട്ടുകൊണ്ടിരിക്കുന്ന ഏതു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഒരുനമിക്കുന്നതിനാൽ ജനം നശി ച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു തോട്ടപ്രദേശങ്ങളിലും പുതുവൽ സ്ഥലങ്ങളിലുമുള്ള ബലഹീന വിശ്വാ സികൾ തങ്ങളുടെ നിർമ്മല വിശ്വാസത്തിൽ നിലനിൽക്കത്തക്കവണ്ണം വായനക്കാർ ഒരുവരുടേയും നിര ന്തരമായ പ്രാർത്ഥനയെ അഭ്യർത്ഥിച്ചുകൊള്ളുന്നു.

K. P. S.

## Collections for Patpara Mission

(തുടർച്ച)

| | ക. | ണ. | പ. |
|---|---|---|---|
| ജൂൺ | | | |
| ശ്രീമതി കോശി ഐ. ചാണ്ടി, കോട്ടയം | 20 | 0 | 0 |
| ,, എൽ. എം. വറുഗീസ്, ബോംബെ | 10 | 0 | 0 |
| ശ്രീ ജോയി ഐസക്ക്, തങ്കമല വണ്ടിപ്പെരിയാർ | 5 | 0 | 0 |
| മല്ലപ്പള്ളി | 12 | 12 | 0 |
| ശ്രീമതി എൻ. കെ. കുഞ്ഞമ്മ, | | | |
| ബി. എം. സ്കൂൾ, കോട്ടയം | 5 | 0 | 0 |
| സണ്ടെസ്കൂൾക്യാമ്പു മേലുകാവു | 10 | 0 | 0 |
| ശ്രീ വി. ഐ. മാനിയേൽ, കണ്ണിക്കൽ | 1 | 0 | 0 |
| ,, ഇ. വി. ജോർജ്ജ് ബീഹാർ | 10 | 0 | 0 |
| ,, കെ. ഇ. ഫിലിപ്പു; അസി സ്റ്റൻറ് സെയിൽസ് ടാക്സ്, ഓഫീസർ, ചങ്ങനാശേരി | 10 | 0 | 0 |
| വൈ. എം. സി. എ., ഏറുമാപ്രമറ്റം | 5 | 0 | 0 |
| ശ്രീ കെ. സി. മാത്യു മച്ചുകാട്ട | 10 | 0 | 0 |
| നെടുങ്ങാപ്പള്ളി | 14 | 0 | 0 |

(തുടരും)

## ഡിസംബർ മാസത്തെ പഞ്ചാംഗം

൧൯൫൬. (വൃശ്ചികം ൧൭) ആഗമനത്തിൽ ഒന്നാം ഞായറാഴ്ച. സങ്കീ. ൫. ൨ ; യെശ. ൫. ൫—൬൩ ; യോഹ. ൩. ൫—൨൫.

൧൯൫൭. (വൃശ്ചികം ൨൪) ആഗമനത്തിൽ രണ്ടാം ഞായർ. സങ്കീ. ൧൯, ൫൧ ; യെശ. ൪൦ ; യോഹ. ൪. ൫൩—൫൩.

൧൯൫൮. (ധനു ൧) ആഗമനത്തിൽ മൂന്നാം ഞായറാഴ്ച. സങ്കീ. ൧൩൨. യെശ. ൬൨. ൫—൧൨ ; ലൂക്കൊ. ൩. ൫—൧൭.

൧൯൫൯. (ധനു ൮) ആഗമനത്തിൽ നാലാം ഞായറാഴ്ച. സങ്കീ. ൮൯. യെശ. ൩൫. ൫—൧൦ ; ലൂക്കൊ. ൧. ൩൮—൫൫.

൧൯൬൦. (ധനു ൧൫) ക്രൊ. ക്രിസ്മസ്നാൾ. സങ്കീ. ൫൩, ൭൪. യെശ. ൯. ൬—൭ ; ലൂക്കൊ. ൨. ൫—൨൦.

൧൯൬൧. (ധനു ൨൨) ബു. വിശുദ്ധ സ്തെഫാനോസ്. ഉല്പ. ൪. ൫—൫ ; അപ്പൊ. പ്ര. ൭.

൧൯൬൨. (ധനു ൨൩) വ്യാ. വിശുദ്ധ യോഹന്നാൻ പു. ൧൧. ൯—൨൩ ; യോഹ. ൨൧. ൨൪.

൧൯൬൩. (ധനു ൨൯) വെ. നിർമ്മലശിശുക്കൾ. യിരെ. ൩൧. ൫—൧൭ ; മത്താ. ൨൭. ൫—൧൮.

൧൯൬൪. (ധനു ൩൦) ക്രിസ്തു. പി. ഞാ. സങ്കീ. ൯൰. വ്യ. യെശ. ൬൩. ൫—൨൨ ; ലൂക്കൊ. ൨. ൨൨—൪൰.

1957 ജനു. ൧൯൬൫. (ധനു ൩൨) മഹതപ്രകാശം. സങ്കീ. ൨൭. യെശ. ൬൰ ; ലൂക്കൊ. ൨. ൪൭—൫൨.

C. M. S. P.—430—2300—7-12-1956.
PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM

# THE TREASURY OF KNOWLEDGE

# ജ്ഞാനനിക്ഷേപം

Vol. LIX | DECEMBER 1956 | No. 12

## BISHOP'S LETTER

## ബിഷോപ്പുതിരുമനസ്സിലെ കത്ത്

കർത്താവിൽ വാത്സല്യമുള്ളവരേ,

ഞാൻ കപിവറിനു പോരുന്നതിനു 12നു വൈകുന്നേരം ബോംബെയിൽ എത്തി. 14നു രാത്രി 2 മണിക്കായിരുന്നു വിമാനം. പിറേന്നു 9½ മണിക്കു ബസറയിൽ വന്നുചേർന്നു. അവിടെ നിന്നു വേറൊരു വിമാനത്തിൽ കയറി അര മണിക്കൂർകൊണ്ടു കപിവറ് വിമാനത്താവളത്തിൽ ഇറങ്ങി. അപ്പോൾ അവിടെ എണ്ണക്കമ്പനിയിലെ ചില യൂറോപ്യൻ ഉദ്യോഗസ്ഥന്മാരും സ്ഥലത്തെ ഇംഗ്ലീഷു ചാപ്പ്ലേനും മലയാളി സഭയിലെ പല അംഗങ്ങളുമുണ്ടായിരുന്നു. അന്നു ഉച്ചയ്ക്കു ജനറൽ മാനേജരുടെ വസതിയിൽവച്ചു നടന്ന ലഞ്ചിനു യൂറോപ്യരും ബിഷോപ്പും പത്നിയും ഇറാനിലെ ബിഷോപ്പും പത്നിയും ചാപ്പ്ലേനും ഭാര്യയും ഞാനുമുണ്ടായിരുന്നു. അന്നു ഉച്ചതിരിഞ്ഞു യൂറോപ്യരും ബിഷോപ്പു കമ്പനിയിലെ നാലു യൂറോപ്യന്മാരെ സ്ഥിരീകരിച്ചു. വൈകുന്നേരം ഏഴു പേരോളം അടങ്ങിയ ഒരു വലിയ ഡിന്നർപാർട്ടി കമ്പനിവകയായി നടത്തിയതിൽ ഞാൻ മാത്രമേ ഒരു നാട്യനിലയിട്ടുണ്ടായിരുന്നുള്ളു. പിറേറദിവസമായിരുന്നു പള്ളിപ്രതിഷ്ഠ. രാവിലെ ഇംഗ്ലീഷിൽ ഒക്ടോബറിനുശേഷം ക്രമം അനുസരിച്ചു ഞാൻ വിശുദ്ധബലിയർപ്പിച്ചു. പുതിയ പള്ളി കമ്പനിക്കാർ പതിനായിരം പവൻ ചെലവാക്കി പണി കഴിപ്പിച്ചിട്ടുള്ളതു് ഇംഗ്ലീഷുകാർ, അസ്സിറിയൻ, സുറിയാനി, അറബി, ഉറുദു, തെലുങ്കു, മലയാളം, എന്നീ ഏഴു ഭാഷക്കാർക്കായി പ്രത്യേകം ശുശ്രൂഷകൾ അവിടെ നടത്തിപ്പോരുന്നുണ്ടു്. മനോഹരമായ ഈ ദൈവാലയം എല്ലാ നിലയിലുമുള്ള ആരാധനക്കാരുടെ ആത്മികാഭിവൃദ്ധിക്കായി തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇപ്പോഴത്തെ ഇവിടുത്തെ ചാപ്പ്ലേൻ റവ. ആഷ്ഫറൻ അവർകൾ എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുപോകുന്നതിനും എല്ലാവരുടെയും ആവശ്യങ്ങൾക്കു അപ്പപ്പോൾ ശുശ്രൂഷ ചെയ്യുന്നതിനും സവ്വദാ സന്നദ്ധനുമാകയാൽ ദൈവമഹത്വത്തിനും അനേകരുടെ അനുഗ്രഹത്തിനുമായി വളരെ പ്രയോജനപ്പെടുന്നുണ്ടു്. യൂശോലേം ബിഷോപ്പു തിരുമേനി ശനിയാഴ്ചയും ഇറാനിലെ തിരുമേനി ബുധനാഴ്ചയും സ്ഥലം വിട്ടു. ഞാൻ കമ്പനിവക മനോഹരമായ അതിഥിമന്ദിരത്തിൽ തന്നെ അതിനുമുമ്പു താമസിച്ചുകൊണ്ടു സന്ദർശനങ്ങൾ നടത്തുകയും യോഗങ്ങളും ശുശ്രൂഷകളും ഏർപ്പാടുകയും ചെയ്തു. നമ്മുടെ സഭയിലെ രണ്ടു യുവാക്കന്മാരെ ഇതിനിടയിൽ സ്ഥിരീകരിക്കയും ചെയ്തു. കമ്പനിയുടെ പ്രവർത്തനരംഗത്തിൽനിന്നു ഏകദേശം ഇരുപത്തഞ്ചു മൈൽ ദൂരെയാണു കപിവറ് പട്ടണം. അവിടെയും മലയാളി സഭോഗങ്ങൾ വളരെയുണ്ടു്. അവിടെയും ഞാൻ പോകയും ശുശ്രൂഷകളും മറ്റും നടത്തുകയും ചെയ്തു. ഈ പ്രദേശങ്ങളിലുള്ള ജനങ്ങളുടെ സഭാകാര്യങ്ങളിലുള്ള ഉത്സാഹവും താല്പര്യവും അത്ഭുതകരമാണു്. അതിനാൽ വർഷംതോറും നമ്മുടെ രാജ്യത്തുനിന്നു ശുശ്രൂഷകളും മറ്റും നടത്തിക്കൊടുക്കുന്നതിനുംമറ്റുമായി മാറിമാറി ഓരോ ആളുകൾ വരുന്നതു വളരെ ആവശ്യവും അനുഗ്രഹപ്രദവുമായിരിക്കുമെന്നതിനു രണ്ടുപക്ഷമില്ല. കമ്പനി അധികൃതരും അതിനു സമ്മതിച്ചിരിക്കയാണു്. കുറഞ്ഞപക്ഷം രണ്ടാഴ്ചയെങ്കിലും താമസിക്കുന്ന പക്ഷം മിക്കവാറും ഓരോ കേന്ദ്രങ്ങളിലുമുള്ള എല്ലാവരെയും സന്ദർശിക്കുന്നതിനു സാധിക്കുമായിരിക്കും.

നമ്മുടെ മുട്ടിച്ചിറ ഇടവകക്കാരിയായി മുദിയനായിൽനിന്നു മെഡിക്കൽ ഓഫീസറുടെ സമ്പാദിച്ച ഡോ. മിസ്സ് ഡാനിയേൽ ഇവിടെ കപിവറ്റ് പട്ടണത്തിലെ ഗവൺമെൻറു ആസ്പത്രിയിൽ പ്രശസ്ഥമായ നിലയിൽ ജോലി ചെയ്യുവരുന്ന എന്നുള്ളതു ഏറ്റവും സന്തോഷാവഹമായിട്ടുള്ള കാര്യമത്രെ. ശ്രീ ജോൺ ഡാനിയേൽ എന്ന അവരുടെ സഹോദരനും കുടുംബസഹിതം അവിടെ താമസിച്ചുകൊണ്ടു നല്ല ഒരു പ്രൈവറ്റ് ബിസിനസ്സു ഭംഗിയായി നിവൃത്തിച്ചുപോരുന്നു എന്നുള്ളതും അഭിനന്ദനീയമത്രെ.

എനിക്കു 25-ാം ഞായറാഴ്ച മാത്രമേ അവിടെനിന്നു പോരുന്നതിനു സാധിച്ചുള്ളൂ. പോരുന്നവേളയിൽ ബഹറിനിൽ വിമാനത്താവളത്തിൻെറ കേടുപോക്കിനുവേണ്ടി ഒരു രാത്രി താമസിക്കേണ്ടിവന്നു. അപ്പോൾ നമ്മുടെ സഭാംഗങ്ങളിൽ ചിലരെ കണ്ടു. ഞാൻ കറാച്ചിയിൽനിന്നു ചൊവ്വാഴ്ച വെളുപ്പിനു ഒന്നരമണിക്കു പുറപ്പെട്ടു അഞ്ചുമണിയോടെ ബോംബെയിൽ എത്തുകയും ആറുമണിക്കു കൊച്ചിയിലേക്കു പറക്കുകയും ചെയ്തു. യാത്ര ഈ പ്രാവശ്യം ക്ലേശകരമായിരുന്നു. അതിനാൽ ഞാൻ ക്രിസ്തുമസ്സുവരെ പൂർണ്ണ സ്വസ്ഥത എടുക്കുന്നതിനു ആവശ്യപ്പെട്ടിരിക്കയാണ്.

നിങ്ങൾക്കു എല്ലാവർക്കും ഏറ്റവും മംഗളകരമായ ഒരു ക്രിസ്തുമസ്സ് ആശംസിച്ചുകൊണ്ടു ഏഴുതുന്നു

നിങ്ങളുടെ വാത്സല്യമുള്ള
C. K. JACOB,
*Bishop.*

*Kottayam,*
*28-11-1956.*

---

പത്രാധിപക്കുറിപ്പുകൾ:—

## ക്രിസ്തുമസ്സ്

ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ്, "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിനു, ആർദ്രകരുണയാൽ ഉയരത്തിൽനിന്നു ഉദയം നമ്മെ സന്ദർശിച്ച"തിനെ അനുസ്മരിപ്പിക്കുന്നതാണല്ലൊ ക്രിസ്തുമസ്സ്ദിനം. ലോകത്തെ ഉദ്ധരിപ്പാൻ പരലോകത്തിൽനിന്നും, ജഡമെടുത്തു ഈ ലോകത്തിൽ മനുഷ്യനായി അവതരിച്ച ജഗന്നാഥൻെറ തിരുവവതാരത്തെ ഏതുമാത്രം ആഘോഷപൂർവ്വം കൊണ്ടാടിയാലും അതു പോരാത്തതാണ്.

എന്നാൽ ക്രിസ്തുമസ്സ്ദിനാഘോഷവും, ഇതര ജന്മദിനാഘോഷവും തമ്മിലൊരു വ്യത്യാസമുണ്ട്. സാധാരണ ജന്മദിനം ഒരു വ്യക്തിക്കു മാത്രം പ്രാധാന്യമുള്ളതാണ്. എന്നാൽ ക്രിസ്തുമസ്സ് യേശുക്രിസ്തുവിൻെറ തിരുവവതാരദിനം മാത്രമല്ല, ലോകത്തിൻെറ വീണ്ടെടുപ്പിനുള്ള ദിവസവുമാണ്. ഇരുളിലും മരണനിഴലിലും ഇരുന്നവർക്കു പ്രകാശം ലഭിച്ചദിനം! ഉയരത്തിൽനിന്നു ഉദയം തന്നെ സന്ദർശിച്ചദിനം!

പക്ഷേ, ഭൂമിയിൽ സമാധാനവും മനുഷ്യരിൽ സംപ്രീതിയും കൈവരുത്തുവാൻ ജനിച്ച യേശുക്രിസ്തുവിൻെറ അനുഗാമികൾ സമാധാനവും, സംപ്രീതിയും അനുഭവിക്കുന്നവരോ, മറ്റുള്ളവർ അവ അനുഭവിക്കുന്നതിനു സഹായിക്കുന്നവരോ ആകുന്നുവോ? തൻെറ തിരുവവതാരോദ്ദേശത്തിനു വിപരീതമായി ജീവിക്കുന്നവർ എത്ര ആഘോഷപൂർവ്വമായി ആ ദിനത്തെ കൊണ്ടാടിയാലും ദൈവപ്രസാദം ലഭിക്കയില്ല. സാധുകളായ ആട്ടിടയരും, കീർത്തി ലഭിച്ച വിദ്വാന്മാരും കടന്നുപോയ പുൽത്തൊഴുത്തിലേക്കു ഈ ക്രിസ്തുമസ്സ്ദിനം നമുക്കും കടന്നുപോകാം. നമ്മുടെ ആഘോഷങ്ങളുടെയും സന്തോഷത്തിൻെറയും മദ്ധ്യത്തിൽ ആ ശിശുവിനെ കാണാതെ കടന്നുപോകരുതു്. നമ്മുടെ ഗാനശുശ്രൂക്ഷകൾ, നമ്മുടെ പ്രത്യേക ആരാധനകൾ, വിരുന്നുകൾ, ദാനങ്ങൾ ഇവയിലൊക്കെയും ഈ ശിശുവിൻെറ ദിവ്യകാന്തി വിളങ്ങട്ടെ. ആ ശിശു സന്തോഷത്തോടെ പങ്കെടുക്കുവാൻ ഇടയാകട്ടെ. നിരാശിതരിൽ പ്രത്യാശയും, അന്ധകാരത്തിലിരിക്കുന്നവർക്കു പ്രകാശവും, അസ്വസ്ഥചിത്തർക്കു സമാധാനവും, അനാരോഗ്യവാന്മാർക്കു ആശ്വാസവും, നിത്യമായ ശാന്തിയും ഈ ക്രിസ്തുമസ്സ്ദിനത്തിൽ ലഭിക്കട്ടെ.

മാസികാബന്ധുക്കൾക്കുവേണ്ടി സകലവിധ ക്രിസ്തുമസ്സ് മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

---

## ലോകസമാധാനം

കമ്മൂണിസ്റ്റ് രാഷ്ട്രങ്ങളും, ഇതര രാഷ്ട്രങ്ങളും രണ്ടു ചേരിയിൽനിന്നു ലോകാധിശത്വത്തിനുവേണ്ടിയുള്ള ഒരു വടംവലി, രണ്ടാം ലോകമഹായുദ്ധത്തിനുശേഷം വളരെ ഗുരുതരമായ ഒരു നിലയിൽ എത്തിച്ചേർന്നിരുന്നു. എന്നാൽ ഒരു മൂന്നാംകക്ഷി രൂപീകരിച്ചു ഈ സംഘർഷാവസ്ഥയ്ക്കു തെല്ലൊരു അയവു വരുത്തിയതു ഇന്ത്യയുടെ മഹത്തായ സേവനമാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. അതു മുൻപറഞ്ഞ ചേരിയിൽപെട്ടവരുടെ സാമ്രാജ്യമോഹത്തെ നിഷ്ഫലമാക്കിത്തീർത്തു എന്നു പറയാം. അതിനുവേണ്ടി നമ്മുടെ അഭിവന്ദ്യനേതാവായ പണ്ഡിറ്റു നെഹ്രു പ്രയോഗിച്ചതു സമാധാനപരമായ സഹവർത്തിത്വം എന്നൊരറിയിപ്പാണ്. രാഷ്ട്രങ്ങൾ ശക്തിയോ വലിപ്പമോ ഗണിക്കാതെ പരസ്പരം ബഹുമാനിക്കയും അന്യോന്യം അന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കയും ചെയ്യുവാൻ തീരുമാനിച്ചതാണു ഈ താൽക്കാലിക സമാധാനത്തിനു കാരണം.

എന്നാൽ ഇതിനിടയിലും ചില ചരടുവലികൾ നടക്കുന്നുണ്ടെന്നു അടുത്തകാലത്തുണ്ടായ സംഭവങ്ങൾ തെളിയിച്ചുകഴിഞ്ഞു. താൽക്കാലികസമാധാനം അനുഭവിച്ചുകൊണ്ടിരുന്നവരിൽ ഒരു മൂന്നാം ലോകമഹായുദ്ധത്തിനു വഴി തെളിച്ചേക്കുമോ എന്നുള്ള ഭീതി ഉളവാക്കുന്നതിനു പര്യാപ്തമായിരുന്നു, സ്വയസ്സ് ദേശസാൽക്കരണം. ന്യായമായി ചിന്തിച്ചാൽ സ്വയസ്സ് തങ്ങളുടെ നിയന്ത്രണത്തിലിരിക്കേണ്ടതാണെന്നുള്ള ഈജിപ്തിന്റെ വാദം ശരിതന്നെയാണ്. എന്നാൽ അതും പ്രസിദ്ധസ്വേച്ഛാധിപനായ നാസറിന്റെ സാമ്രാജ്യമോഹത്തിൽ നിന്നുളവാകുന്നതും, തങ്ങളുടെ ഭീമമായ വരവിനെ സാരമായി ബാധിക്കുന്നതുമാണെന്ന പാശ്ചാത്യശക്തികൾ നല്ലവണ്ണം മനസ്സിലാക്കി. എങ്കിലും ലോകത്തിൽ ജനാധിപത്യത്തിനു നേതൃത്വം നൽകിയതും, വിശാലവീക്ഷണത്തിന്റെയും ഉൽകൃഷ്ടാശയങ്ങളുടെയും വിളനിലമെന്നു പേരെടുത്തതുമായ ബ്രിട്ടൻ ഈ സാഹസിക കൃത്യത്തിനു ഇറങ്ങി പുറപ്പെട്ടതു അല്പംപോലും ന്യായീകരിക്കാൻ നിവൃത്തിയില്ല. ഇംഗ്ലണ്ടിൽതന്നെ രാഷ്ട്രീയനേതാക്കന്മാർ മാത്രമല്ല കാൻറർബറി ആർച്ചുബിഷപ്പുമുതലായ വല പ്രമുഖ സാമൂഹികനേതാക്കന്മാരും ഈ പടനീക്കത്തെ സവിശേഷശക്തിയോടുകൂടെയും എതിർത്തു പ്രസ്താവനകൾ ചെയ്തിട്ടുണ്ട്. യിസ്രായേലും ഈജിപ്തും തമ്മിലുള്ള സംഘട്ടനത്തിൽ സമാധാനമുണ്ടാക്കുന്നതിനെന്നുള്ള ഭാവേന സൂയസ്സ്കനാൽ പിടിച്ചെടുക്കുവാൻ ബ്രിട്ടൻ മുതിർന്നതും, തൻമൂലം അനേക നിരപരാധികളുടെ ജീവനാശത്തിനും, മറനേകർ ഭവനരഹിതരായിത്തീരുന്നതിനും കാരണമാകുകയും ചെയ്തതിൽ ശ്രമിച്ചാലും ന്യായീകരിക്കുവാൻ സാധ്യമാകുമെന്നു തോന്നുന്നില്ല.

ഇനിയും മറെറാരുവശം നോക്കിയാൽ, ബ്രിട്ടന്റെ നയത്തെ ശക്തിയായ ഭാഷയിൽ അപലപിക്കയും, അപരെ ശിക്ഷിക്കണമെന്നു ആക്രോശിക്കയും ചെയ്തവർ ബുഡാപ്പസ്റ്റിൽ അഗ്നികിരയമാക്കിയിരിക്കുന്നു. സ്വന്തമായി ഒരു ഗവൺമെൻറുണ്ടാക്കി സ്വാതന്ത്ര്യം അനുഭവിക്കുന്നതിനു ഹംഗേറിയൻ ശ്രമിക്കുമ്പോൾ ടാങ്കും യന്ത്രത്തോക്കുകളുമയച്ചു സ്വാതന്ത്ര്യപ്രേമികളായവരെ ഉൻമൂലനം ചെയ്യുന്നതിനു റഷ്യ എടുത്ത നയം കിരാതനയമാണെന്നു പറയുമ്പോൾ അതു അക്ഷരംപ്രതി വാസുവമാണ്. തങ്ങളുടെ ഇരുപത്തുനാലു ശ്രമത്താൽ കെട്ടിപ്പടുത്തിട്ടുള്ള തലസ്ഥാനനഗരി, റഷ്യയുടെ സാമ്രാജ്യമോഹത്തിനുമുമ്പിൽ എരിഞ്ഞു ചാമ്പലായി. സ്വാതന്ത്ര്യത്തിനും, സമത്വത്തിനുംവേണ്ടി നിലകൊള്ളുന്നു എന്നു വിളിച്ചുപറയുന്നവരുടെ ഈ പ്രവർത്തി അതി നീചമായതു തന്നെയാണ്.

ചുരുക്കം ചില സാമ്രാജ്യമോഹികളെ ഒഴിച്ചാൽ ലോകസമാധാനമുണ്ടാകുവാൻ എല്ലാവരുടെയും ആഗ്രഹം. അതിനുവേണ്ടി യുഗായുഗങ്ങളായി വിവിധരാഷ്ട്രങ്ങൾ വിവിധരീതിയിലുള്ള ഭരണകൂടങ്ങൾ സൃഷ്ടിച്ചുനോക്കുന്നു. പക്ഷേ, ഇവയൊന്നും സ്വാതന്ത്ര്യത്തിനും, സമാധാനത്തിനും സഹായകങ്ങളല്ല എന്നു തെളിവായിക്കഴിഞ്ഞിരിക്കുന്നു. ഇതിനു ഏകപരിഹാരം നാം വിശ്വസിക്കുന്നപ്രകാരം ദൈവരാജ്യസ്ഥാപനമാണ്. ലോകസമാധാനം അടിക്കടി തെറ്റിക്കപ്പെടുമ്പോഴും, വിപ്ലവങ്ങളും, യുദ്ധങ്ങളും പൊട്ടി പുറപ്പെടുമ്പോഴും, നിത്യമായ ദൈവരാജ്യസ്ഥാപനത്തിനുള്ള നമ്മുടെ പങ്ക് നിർവ്വഹിക്കുന്നതിൽ കൂടുതൽ ജാഗ്രതകരായിത്തീരേണ്ടതാണ്. മാത്രവുമല്ല, മനുഷ്യനു കൈവരുത്തുവാനോ നശിപ്പിക്കുവാനോ സാധ്യമല്ലാത്ത ദിവ്യസമാധാനത്തെ ദൈവം ലോകത്തിനു പ്രദാനംചെയ്യുന്നതിനുവേണ്ടി നിരന്തരമായി പ്രാർത്ഥിക്കുകയും ചെയ്യാം.

---

## വാർത്തകളും കുറിപ്പുകളും

**നമ്മുടെ മാസിക.** ബാലശ്രേഷ്ഠാസംഘത്തിന്റെ വകയായി പ്രസിദ്ധീകരിക്കുന്ന 'നമ്മുടെ മാസിക'യുടെ ക്രിസ്തുമസ്സ്—നവവത്സര വിശേഷാൽപ്രതി തയ്യാറാക്കിക്കൊണ്ടിരിക്കുന്നതായി അ

റിയിച്ചിരിക്കുന്നു. മനോഹരങ്ങളായ ഗാനങ്ങൾ, ചെറു കഥകൾ, ലേഖനങ്ങൾ ഇവയാൽ നിറയപ്പെട്ടിരിക്കുന്ന ഈ മാസികയുടെ ഒരു പ്രതിക്ക് 8 ണ. വിലയാണ്.

---

വേദവായനകാർഡ്. 1957-ലേക്കുള്ള കാർഡുകൾ തയ്യാറായിരിക്കുന്നു. മെമ്പർഷിപ്പു ഫീസു 1 ണ. ക്രിസ്തുമസ്സു കാർഡുകളായി ഉപയോഗിക്കുവാനുള്ള വേദവായനകാർഡുകളും തയ്യാറായിട്ടുണ്ട്. വില 3 ണ. മാത്രം. ഇവ കോട്ടയം ഡയോസിസൻ ബുക്ക് ഡിപ്പോയിൽനിന്നും ചെങ്ങന്നൂർ സി. എസ്സ്. എസ്സ്. എം. ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.

---

ക്രിസ്തുമസ്സ് കരോൾസ്. കോട്ടയത്തെ പൂവർ ഫിലീഫ് അസ്സോസിയേഷൻ (കാഞ്ഞാർ, തൊടുപുഴ) പ്രസിദ്ധീകരിച്ചിട്ടുള്ള 'ക്രിസ്തുമസ്സ് കരോൾസ്' എന്ന ചെറു പാട്ടുപുസ്തകം അയച്ചുതന്നതു കൈപ്പറ്റിയിരിക്കുന്നു. ശ്രുതിമധുരങ്ങളായ അഭിനവ രാഗങ്ങളിൽ രചിക്കപ്പെട്ടിട്ടുള്ള ഗാനങ്ങൾ അടങ്ങിയിരിക്കുന്നതും' ആകർഷണീയമായ കവറോടുകൂടിയതുമായ ഈ പുസ്തകത്തിനു 5 അണ മാത്രമാണ് വില. ഇതു സാധാരണ രീതിയിലുള്ള ഒരു പ്രസിദ്ധീകരണമല്ലാത്തതിനാൽ ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. സാധുജന സഹായത്തിനുവേണ്ടി മാത്രം ഈ പുസ്തകത്തിന്റെ ആദായം വിനിയോഗിക്കപ്പെടുന്നതാണ്. ആയതിനാൽ ഈ അസ്സോസിയേഷന്റെ പ്രവർത്തനത്തിൽ ഞങ്ങൾ അവരെ അനുമോദിക്കുകയും പൊതുജനങ്ങളുടെ പിന്തുണയ്ക്കായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

---

## മാസിക സംബന്ധിച്ച്

പ്രസിദ്ധീകരണം. ചില വർഷങ്ങളായി മാസിക എല്ലാ മാസത്തിലും 8-ാം തീയതിയാണു പ്രസിദ്ധീകരിച്ചുവന്നതു്. എന്നാൽ പുതിയ വർഷം മുതൽ 1-ാം തീയതിക്കു മുമ്പായി എല്ലാവർക്കും മാസിക ലഭിക്കത്തക്കവണ്ണം ക്രമീകരണം ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കയാണ്. അതിനാൽ പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, റിപ്പോർട്ടുകൾ മുതലായവ തലേ മാസം 10-ാം തീയതിയോടുകൂടെ പത്രാധിപക്കു ലഭിച്ചിരിക്കേണ്ടതാണ്.

---

വരിസംഖ്യ. ഒരു പ്രസിദ്ധീകരണവും വരിസംഖ്യ ക്രമമായി ലഭിക്കാതെ നടത്തുവാൻ സാദ്ധ്യമല്ല. മാസികയുടെ വരിസംഖ്യ കുടിശ്ശികയാക്കിയിരിക്കുന്ന ചിലയാളുകൾ ഉണ്ട്. അങ്ങനെയുള്ളവർ തങ്ങളുടെ കുടിശ്ശിക മുഴുവനും വേഗം അടച്ചുതീർക്കേണ്ടതാണ്. ഡിസംബർ 31-ാം തീയതിക്കകം രണ്ടു വർഷത്തെ കുടിശ്ശികയുള്ളവർ അതു അടച്ചുതീർക്കാത്തപക്ഷം മാസിക ഉടനെ അയച്ചുകൊടുക്കുന്നതല്ല. പുതിയ വർഷത്തെ വരിസംഖ്യ മുൻകൂറായി അയച്ചുതരേണ്ടതാണെന്നുകൂടെ ഓർപ്പിച്ചുകൊള്ളട്ടെ.

---

പരസ്യങ്ങൾ. 'എൻ. സി. സി. റെവ്യൂ' 'സൌത്തു് ഇൻഡ്യാ ചർച്ച്മാൻ' മുതലായ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ചെയ്യുന്നതുപോലെ 'ജ്ഞാനനിക്ഷേപം' മാസികയിലും പരസ്യങ്ങൾ സ്വീകരിക്കുന്നതാണ്.

---

പരസ്യങ്ങൾ:—

| | | |
|---|---|---|
| Outer Cover full page | Rs. | 30 |
| half ,, | ,, | 18 |
| quarter ,, | ,, | 10 |
| Inner page full ,, | ,, | 20 |
| half ,, | ,, | 12 |
| quarter ,, | ,, | 8 |

## AN APPEAL

(ഓരോരുത്തരും തങ്ങളുടെ ഔദാര്യമനസ്സുകൾ ഈ സദുദ്യമത്തെ പ്രോത്സാഹിപ്പിക്കുമെന്നു വിശ്വസിക്കുന്നു. Ed.)

Conscious of their long association with Munro Thuruthu and out of concern for the welfare of the people of the Island, the Diocese of Central Travancore through its Board of Medical Works appointed in 1951 a Medical team in Munro Thuruthu. An old building was repaired and converted into a dispensary and accommodation for a few beds was also provided.

Under the earnest and devoted work of the Medical Officer Dr. Thomas and his staff, great progress has been made and Medical aid is open to all inhabitants without distinction of caste or creed.

But the facilities now available are totally inadequate to serve the sick and ailing of the locality. An additional inpatients ward, a Maternity ward and such adjuncts as lavatories etc. are urgent necessities.

It is estimated that Rs. 10,000/- will be needed for this minimum programme.

We, the members of the Church Committee, St. Mathias' Church, Munro Thuruthu, therefore appeal to all generous-hearted, to aid us liberally in this worthy attempt.

Sd/- M. C. Oommen, C. M. Oommen } Church wardens.
,, W. Thomas (Medical Missionary.)
,, Rev. T. B. Behanan.

For Church Committee,
St. Mathias' Church,
Munro Thuruthu.

Munro Thuruthu,
31-10-1956.

Those who have the interest for the welfare of the large community in this area, will surely respond to this appeal and I hope sufficient funds will be forthcoming to meet these urgent needs. I have great pleasure in commending this appeal.

Sd/- C. K. Jacob,
(Bishop)

31-10-1956.

## ക്രിസ്തുമസ് ഗാനങ്ങൾ

I

(പുതുവത്സരം വന്നല്ലോ വന്നല്ലോ തെയ് തെയ് തെയ് തെയ്.....എന്ന മട്ട്)

കന്നിവേദം രക്ഷകൻ വന്നല്ലോ-അതു-കാൺ-കാൺ-കാൺ
മന്നവേലൻ ബേതലേം പുൽക്കൂട്ടിൽ-ബഹു-ജോർ-ജോർ-ജോർ-

സന്തോഷപ്പുലരിയുദിച്ചല്ലൊ നമുടെങ്ങും–
സന്താപത്തിമിരമൊഴിഞ്ഞല്ലൊ വീടെങ്ങും— കനിവേറും

വാനസേനകളാനന്ദത്തോടു വാനിൽ ഗാനം പാടുന്നു
വാനിൽ ഗാനം പാടുന്നു–ഖല്ലൂ–ജോർ–ജോർ–ജോർ–ജോർ— കനിവേറും

മന്നിൽ ഗുണമണി മേരിയിൽ–മേരിയിൽ
മന്നൻ മശിഹാ ജാതനായി
ശോഭന താരമുദിച്ചല്ലൊ.....ഉദിച്ചല്ലൊ

ഗഗനതലേസ–ർ ദൂതരോടൊത്തി–
ട്ടുതികളുകളാൽ പാടുക നാം—ഗഗനതലേ.....
തിരുവവതാരം കൊണ്ടാടുക നാം—തിരുവവതാരം.....

സ്നേഹസപർശചനേ നിൻ മോഹനരൂപം
കണ്ടീടുമ്പോളെന്താനന്ദം—ഓ.....സ്നേഹ.....

പാണികൾ കൂപ്പി–പാവനപാദേ–
താണു വണങ്ങീൻ—ഓ.....പാണികൾ കൂപ്പി.....
ഖല്ലൂ–ജോർ–ജോർ–ജോർ–ജോർ–
കനിവേറും രക്ഷകൻ.....
മനുവേലൻ ബേതലേം.....
സന്തോഷപ്പുലരിയുദിച്ചല്ലൊ.....
സന്താപത്തിമിരമൊഴിഞ്ഞല്ലൊ.....

കനിവേറും രക്ഷകൻ വന്നല്ലൊ–വന്നല്ലൊ–
മനുവേലൻ ബേതലേം പുൽക്കൂട്ടിൽ—പുൽക്കൂട്ടിൽ.

## II

(എന്നുള്ളം തുള്ളി വിളയാടുവതും.....എന്ന മട്ട്)

ഏന്തു ശ്ലോക്ഷമംബെത്തിൽ ദൂതസംഘം ആകെ
അൻപുടയോനാകും തമ്പുരാന്റെ ജന്മഗാനം–

മോടിയോടുകൂടി ദേവദേവനെ സ്തുതിച്ചു മോദാൽ
തേടിയോടിക്കൂടി ആട്ടിടയർ മാട്ടിൻകൂട്ടിലപ്പോൾ
മോടിയോടു.....
തേടിയോടി.....

1 മിന്നിത്തിളങ്ങിടും താരക കണ്ടു
മന്നവരാം ശാസ്ത്രിമാർ ഭേതി പൂണ്ടു–
പൊന്നു മൂർ കുന്തുരുകം ഖിന്നത പോക്കീടും–
മന്നരിൽ മന്നൻ പാദേ വന്നു വെച്ചു കാഴ്ചയായി
എന്നുമെന്നും ആനന്ദം തന്നീടും പൊന്നുനായകൻ— മോടിയോടു...

2 പണ്ടു നരൻ ആദി ഏദൻ പൂങ്കാവിൽ
ഉണ്ടുകൊണ്ടു കനിയാൽ കൂടിവന്ന
ഇണ്ടലാകെപ്പോക്കാൻ വിൺമണ്ഡലം വിട്ടിഹേ
എണ്ടിശയ്യും മോദം ചേർക്കും ഡിംനേ ജാതനായിതാ
ഉണ്ടുശീലയിൽപൊതിഞ്ഞു കണ്ടിടുന്നതാരഹോ... മോടിയോടു...

3 കാലസംപൂർണ്ണതയിങ്കലെ രക്ഷ
ചേലോടു കണ്ടുകണ്ടാനന്ദിച്ചീടാൻ
പാലകൻ ശ്രീയശുപാദേ ചെന്നു കൂട്ടുവിൻ
മാലകറ്റും ബേതലേം ഗോശാലയിൽ പിറന്നവൻ
കാലിപ്പുല്ലു തന്നിലൊന്നു പോകാമിന്നു മോദമായി— മോടിയോടു...

M. D. DANIEL

## സണ്ടേസ്ക്കൂൾ കത്തു്

പ്രിയ സ്നേഹിതരേ,

ഈയാണ്ടത്തെ അഖിലലോക സണ്ടേസ്ക്കൂൾദിനം നവംബർ നാലാംതീയതിക്കു നിശ്ചയിച്ചിരുന്നതു മിക്ക സ്ഥലങ്ങളിലും നടന്നിട്ടുണ്ടു എന്നു വിശ്വസിക്കുന്നു. കഴിയുന്നിടത്തോളം നിശ്ചിതതീയതിയിൽതന്നെ എല്ലാ സ്ഥലങ്ങളിലും നടത്തുന്നതു ലോകമെങ്ങുമുള്ള സണ്ടേസ്ക്കൂളുകൾ തമ്മിലുള്ള കൂട്ടായ്മയ്ക്കു കൂടുതൽ സഹായകമാകുന്നു എന്നുള്ളതിനു സംശയമില്ലല്ലോ. എങ്കിലുമാപ്രമാറ്റത്തു നടത്തിയ ദിനാചരണങ്ങളിന്റെ ഒരു ചുരുങ്ങിയ വിവരണം താഴെ ചേർക്കുന്നു.

സണ്ടേസ്ക്കൂൾ സർപ്രീസുരജിസ്റ്റർ ഈ എഴുത്തു നിങ്ങൾ വായിക്കുന്നതിനകം വില്പനയ്ക്കു തയ്യാറാകും. എല്ലാ സണ്ടേസ്ക്കൂളുകളും അതു വാങ്ങിച്ചു അതിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഏഴുതി സൂക്ഷിക്കുന്നതിനു താല്പര്യപ്പെടണമെന്നു അപേക്ഷിക്കുന്നു. ഒരു രജിസ്റ്റർ രണ്ടു വർഷത്തേക്കു ഉപയോഗിക്കത്തക്കവണ്ണം താളുകൾ ചേർത്തിട്ടുണ്ടു്.

പാഠപുസ്തകഫണ്ടിലേക്കുള്ള സംഭാവനകളും, ബാലജനപ്രതിനാൽ പിരിവും, സണ്ടേസ്ക്കൂൾ ദിനപ്പിരിവും ഇതുവരെയും അയച്ചിട്ടില്ലാത്തവർ അവ കഴിയുന്നതും വേഗത്തിൽ ആഫീസിൽ എത്തിക്കുന്നതു സഹായമായിരിക്കും.

എന്നു്

പള്ളം
15-11-' 56

സി. റി. മാത്യു
ജനറൽസെക്രട്ടറി

## സണ്ടേസ്ക്കൂൾ ദിനാഘോഷം—എങ്ങുമാപ്രമാറം

1956 നവംബർ നാലാംതീയതി ഞായറാഴ്ച പകൽ ഒന്നരമണിക്കു ഹൈസ്ക്കൂളിലെ സണ്ടേസ്ക്കൂൾ കുട്ടികളും അദ്ധ്യാപകരും, വിശിഷ്യാ മേലുകാവുമറ്റം ആശുപത്രിചാപ്പൽ, ഏങ്ങുമാപ്രമാറം എന്നീ സ്ക്കൂളുകളിലെ കുട്ടികളും അദ്ധ്യാപകരും, രക്ഷാകർത്താക്കളും, വിവിധവർണ്ണത്തിലുള്ള കൊടികളും പ്ലക്കാർഡുകളും പിടിച്ചു സണ്ടേസ്ക്കൂൾദിനാചരണത്തിനു അനുയോജ്യമായ ക്രിസ്തീയഗാനങ്ങളും പാടി വടക്കുനിന്നും തെക്കുനിന്നും ഘോഷയാത്രയായി ഹൈസ്ക്കൂൾപരിസരങ്ങളിൽ വന്നുചേർന്നു. ഈ ഘോഷയാത്രയും കൂടിവരവും കാണികളായിരുന്ന അനേകം കർത്താക്കന്മാരേയും അപ്രതീക്ഷമായവരേയും അത്യുത്സാഹപ്പെടുത്തത്തക്കവണ്ണം അത്യുച്ചശബ്ദവും, ക്രമീകൃതവും ദൈവികചൈതന്യം ഉള്ളവയും ആയിരുന്നു. സ്ക്കൂൾഹാളിൽവെച്ചു മി. റി. ജെ. മാണി ആരാധന നടത്തി. വില്യം മാണി എന്ന ബാലൻ പാഠം വായിച്ചു. മി. പി. എ. തോമ്മസ് ബി. എ. കഥ പറഞ്ഞു. ആരാധനയ്ക്കുശേഷം മി. റി. എച്ചു്. ഉത്തമാക്ക അനുകൂലമായ പ്രകൃതി നൽകിയ ദൈവത്തിനു സ്തോത്രം ചെയ്തു പ്രാർത്ഥിച്ചു. തുടർന്നുള്ള പരിപാടികളിൽ പങ്കു എല്ലാവർക്കും പ്രത്യേകിച്ചു എല്ലാവരേയും സ്വീകരിച്ച ഹൈസ്ക്കൂൾ സണ്ടേസ്ക്കൂൾ നേതാവാഹികൾക്കും നന്ദി പ്രകടിപ്പിച്ചു. അവസാനമായി എല്ലാവർക്കും മധുരപലഹാരവും നൽകി.

സ്തോത്രകാഴ്ചയായി ലഭിച്ച 8 ക. 1 രൂ. ജനറൽ സെക്രട്ടറിയുടെപേക്കു അയച്ചുകൊടുത്തു.

കെ. ജെ. ജോസഫ്

## ഔഷധങ്ങളും അവയുടെ ഉചിതമായ ഉപയോഗവും 5
## ആൻറി ബയോട്ടിക്സ്

(ഡോ. ക്ലയർ തോംസൺ)

ഇൻഡ്യൻ ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ പൊതുജനാരോഗ്യ കമ്മിറ്റി പ്രസിദ്ധപ്പെടുത്തുന്നു്.

ഈ ലേഖനം, രോഗാണുക്കൾക്കെതിരായി ഇതഃപര്യന്തം നടത്തിയിട്ടുള്ള സമര ചരിത്രം വെളിപ്പെടുത്തുന്നു. 1928-ൽ പെനിസിലിൻ കണ്ടുപിടിക്കപ്പെട്ടു. ഇതു് ആൻറിബയോട്ടിക്കു് (വളർച്ചയ്ക്കെതിരെ എന്നാണെ വാക്കിന്റെ അർത്ഥം) എന്നറിയപ്പെടുന്ന ഔഷധക്കൂട്ടങ്ങളിലൊന്നാണു്. ആൻറി

ബയോട്ടിക്സിനു രോഗാണു വളച്ചയെ തടയുന്നതിനും അനേകം ഗുരുതര രോഗങ്ങളെ സുഖപ്പെടുത്തുന്നതിനും കഴിയും.

രോഗാണുക്കളുടെ ഒരു പ്രത്യേക സ്വഭാവം, അവയ്ക്ക് അതിവേഗം പെരുകുന്നതിനുള്ള ശക്തി ഉണ്ടെന്നുള്ളതാണ്. ഓരോ രോഗാണുവും ഒരു നിശ്ചിത വലിപ്പത്തിലെത്തുമ്പോൾ അതു രണ്ടായി വിഭജിക്കപ്പെടുന്നു. അവയും അതുപോലെ വളർന്നു വിഭജിക്കുകയും ആ ക്രമത്തിൽ മുമ്പോട്ടു പോകുകയും ചെയ്യുന്നു. ഇപ്രകാരം കോടിക്കണക്കിനു അണുക്കൾ അതിവേഗം രൂപം പ്രാപിക്കുന്നു. ആൻറിബയോട്ടിക്സുകൾ കണ്ടു പിടിക്കുന്നതുവരെ ശരീരത്തിൽ പ്രവേശിച്ചു കഴിഞ്ഞ രോഗാണുക്കളുടെ വളച്ചയെ തടയുന്നതിനു യാതൊരു മാർഗ്ഗവുമില്ലായിരുന്നു. ന്യൂമോണിയാ പോലെയുള്ള ഒരു രോഗം ഒരാൾക്കു പിടിച്ചാൽ വിശ്രമവും നല്ല ആഹാരവും നൽകി അയാളുടെ ശരീരത്തിൽ രോഗനിരോധനശക്തി വളർത്തുന്നതിനു ശ്രമിക്കുക എന്നതായിരുന്നു അയാളെ സഹായിക്കുന്നതിനുള്ള ഏകമാർഗ്ഗം. ഇപ്രകാരം ശോചനീയമായ അവസ്ഥയിൽ കഴിഞ്ഞിരുന്ന അനേകരുടെ അതിജീവിക്കുമെന്നുള്ള പ്രതീക്ഷിക്കപ്പെട്ടിരുന്നതു്. ആൻറിബയോട്ടിക്സ് കണ്ടുപിടിച്ചതോടുകൂടി ഇന്നു ശരീരത്തിലെ അണുക്കളുടെ വളച്ചയെ തടയുന്ന ഔഷധങ്ങൾ നമുക്കു സിദ്ധിച്ചിരിക്കുന്നു. ഇപ്രകാരം ന്യൂമോണിയാ സന്നിപാതജ്വരം, രക്തത്തിലെ വിഷം കലരൽ എന്നീ രോഗങ്ങൾ സുഖപ്പെടുത്തുവാനുണ്ട്. ക്ഷയം, കുഷ്ഠം, എന്നീ രോഗങ്ങൾക്കു പരിപൂർണ്ണ സുഖം നൽകുന്നതിനുള്ള സാധ്യത ആൻറിബയോട്ടിക്സ് വർദ്ധിപ്പിച്ചിരിക്കുന്നു. അറിയപ്പെട്ടിരിക്കുന്നതിലേയ്ക്കും ഏറ്റവും സുപരിചതമായ രോഗാണു സംക്രമണാശിനിയായ പെനിസിലിൻ യാദൃച്ഛികമായിട്ടാണു കണ്ടുപിടിക്കപ്പെട്ടതു്. ഒരിക്കൽ ഇംഗ്ലീഷുകാരനായ ഡോ. അലക്സാണ്ടർ ഫ്ളെമിംഗ് ലണ്ടനിലുള്ള സ്വന്തം ലാബറട്ടറിയിൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. അദ്ദേഹം ഒരു അണുപ്രാണി ശാസ്ത്രവിദഗ്ധനായിരുന്നു. രോഗാണുക്കളുടെ വളച്ച, വ്യത്യാസം അവ രോഗങ്ങളുണ്ടാക്കുന്ന വിധം മുതലായവ പഠിക്കുക എന്നതാണ് ഈ ശാസ്ത്രം. ഈ പഠനത്തിനു സഹായകമായി പലതരത്തിലുള്ള രോഗാണുക്കളെ പ്രത്യേകം നിർമ്മിച്ച പാത്രകിടുകളിൽ വളർത്തിവന്നു. ഒരു ദിവസം നോക്കിയപ്പോൾ പഴുപ്പുണ്ടാക്കുന്ന അണുക്കൾ വളരുന്ന പ്ളെയിറ്റിന്റെ ഒരു ഭാഗത്തു് മറ്റുള്ളതിൽനിന്നും വിഭിന്നമായ ഒരു നിറം, ഫ്ളെമിംഗ് കാണുകയുണ്ടായി. ഈ നിറവ്യത്യാസം വന്ന ഭാഗത്തുനിന്നും അല്പം പാവു മാറ്റിയെടുത്തശേഷം അദ്ദേഹം ആ സാധനത്തെ ഭൂതക്കണ്ണാടിയിൽക്കൂടി നോക്കി. പഴുപ്പിനുകാരം അദ്ദേഹം ഒരു മൊൾഡിന്റെ (പൂപ്പ്) വളച്ചയാണു കണ്ടതു്. അതു പെനിസിലിയം എന്ന കൂട്ടത്തിൽപ്പെടുന്ന (Mould) പൂപ്പാണെന്നു അദ്ദേഹം കണ്ടു.

അനന്തരം പാവുതകിടിലേക്കദ്ദേഹം നോക്കി. പൂപ്പു വളരുന്നിടത്തു അണുക്കൾ വളരുന്നില്ലായെന്നു അദ്ദേഹം കണ്ടു. പൂപ്പുവളരാതിരുന്നിടത്തു് പഴുപ്പുണ്ടാക്കുന്ന അണുക്കൾ സ്വതന്ത്രമായി വളരുന്നതു് അദ്ദേഹം കണ്ടു. പഴുപ്പുണ്ടാക്കുന്ന അണുക്കളെ കൊല്ലുന്നതിനു ഈ പൂപ്പിനു കഴിയുമെങ്കിലും ശരീരത്തിൽ കടത്തിയാൽ ഇതു ലോകോത്തരമായിരിക്കുമോ എന്നുള്ളതായിരുന്നു പ്രശ്നം. ദോഷരഹിതമായിരിക്കുമെന്നു പരീക്ഷണങ്ങൾ തെളിയിച്ചു. എന്നാൽ പെനിസിലിൻ എന്നറിയപ്പെടുന്ന ശുദ്ധിചെയ്ത ഔഷധം തയ്യാറാക്കുന്നതിനു 15 വർഷത്തെ കഠിന പ്രയത്നംകൂടി വേണ്ടിവന്നു.

മൈസിൻ (Mycin) എന്നു പേരുള്ളവസാനിക്കുന്ന എല്ലാ ഔഷധങ്ങളും ആൻറിബയോട്ടിക്സാണ്. ഇതിൽ ചിലതാണ് സ്ട്രെപ്റ്റോ മൈസിൻ, ക്ലോരോ മൈസിൻ, ഓറോ മൈസിൻ എന്നിവ. ഇതുപോലെ മറ്റു പലതുണ്ട്. ഓരോ വർഷവും കൂട്ടത്തലായി കണ്ടുപിടിച്ചുകൊണ്ടിരിക്കുകയുമാണ്.

ആൻറിബയോട്ടിക്സുകളെ അതിശയഔഷധങ്ങൾ എന്നു യഥാർത്ഥത്തിൽ വിളിക്കാവുന്നതാണ്. അവയുടെ സഹായംകൊണ്ടു അനേകംപേർ ഗുരുതരമായ രോഗങ്ങളിൽ നിന്നും വിമുക്തരാകുന്നതാണ്. എന്നാൽ അവ ഫലപ്രദമാകണമെങ്കിൽ ചില നിശ്ചിത നിയമങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്. ഇതു വളരെ പ്രധാനമാണ്. ഓരോ ആൻറിബയോട്ടിക്കും പ്രത്യേകം ചില രോഗാണുക്കൾക്കെതിരായി മാത്രമേ പ്രവർത്തിക്കുകയുള്ളു. തന്നിമിത്തം ഓരോ രോഗത്തിനും ശരിയായ ആൻറിബയോട്ടിക്സ് കൊടുക്കണം. കൃത്യമായ ഔഷധമാത്രകൾ ക്രമത്തിൽ കൃത്യസമയം ഇടവിട്ടു കൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ശരീരത്തിലുള്ള അണുക്കളെ തടയുന്നതിനാവശ്യമായ ഔഷധം ശരീരത്തിൽ കുറഞ്ഞിരിക്കും. തന്നിമിത്തം അണുക്കൾ വീണ്ടും വളരാൻ ഇടയുണ്ടാകും.

ഒരു കാര്യം തുടക്കത്തിൽ ഏതു നിസ്സാരമായ രോഗത്തിനും ഏതെങ്കിലുമൊരു ആൻറിബയോട്ടിക്സ് കഴിക്കുന്നുമെന്നു വിചാരിക്കുന്നതു് അബദ്ധമാണ്, ഇതു, പുല്ലിനെ കൊടുവിക്കൊണ്ടു മുറിച്ചുമാറ്റുന്നതിനു ശ്രമിക്കുന്നതുപോലെയാണ്. അതു അധികടകരം കൂടിയാണ്.

ശരീരത്തിൽ അണുക്കൾക്കെതിരായ പ്രതിരോധനശക്തി വർദ്ധിക്കുന്നതുപോലെ അണുക്കളിലും മരുന്നിനെതിരായ ശക്തി വർദ്ധിക്കുവാനുള്ളതാണ്. അതുകൊണ്ടാവശ്യമില്ലാത്തപ്പോൾ ഈ മരുന്നുകൾ ഉപയോഗിച്ചുകൊണ്ടിരുന്നാൽ, കഠിനരോഗം വരുമ്പോൾ മരുന്നിനു സുഖപ്പെടുത്തുന്നതിനുള്ള ശക്തി ഇല്ലാതെ വരും.

ഇതിൽനിന്നെല്ലാം ഡാക്ടരുടെ കുറിപ്പനുസരിച്ചും നിർദ്ദേശപ്രകാരവുമെ ഈ മരുന്നു ഉപയോഗിക്കാവൂ എന്നു വ്യക്തമാകുന്നു.

തജ്ജ്വമ.

കെ. വി. മാമ്മൻ ബി. എ.

---

## പ്രതിമാസപ്രസംഗം

## (Sermon for the Month)

### മഹത്വത്തിന്റെ പ്രത്യാശയാകുന്ന ക്രിസ്തു

"പ്രിയമുള്ളവരെ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതുകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശ ഉള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു." 1 യോഹ. 3. 2, 3.

ആഗമനത്തിന്റെയും ക്രിസ്തുമസ്സിന്റെയും സമയങ്ങളിലേക്കു നാം വീണ്ടും വന്നു ചേർന്നിരിക്കുന്നു. പ്രതിസന്ധികൾ നിറഞ്ഞ ദിവസങ്ങളെയാണു നാം തരണം ചെയ്തുകൊണ്ടിരിക്കുന്നതു്. കൂടുതൽ കൂടുതൽ സംഭവബഹുലമായ അനുഭവങ്ങളിലേക്കു നാം നീങ്ങിക്കൊണ്ടിരിക്കയാണ്. എങ്കിലും മനുഷ്യരുടെ രാജത്വത്തിന്മേൽ ദൈവമാണു വാഴുന്നതെന്നുള്ള ഉറപ്പും ഏറ്റവും സുനിശ്ചിതമാണ്. (ദാനീ. 4. 25).

ഈയിടെ ഒരു സിനിമാപ്പരസ്യം കാണുകയുണ്ടായി. 'അവരുണരുന്നു'—എന്നതാണു ചിത്രം. നാം ചിന്തിക്കുന്നതിലും വേഗം അവരുണരുകയാണ്. പലരിന്റെയും നാമത്തിൽ ലോകജനത ഉണരുന്നു. ലോകത്തിന്റെ സകല ഭാഗത്തുനിന്നുമുള്ള അവർ ഉണരുന്നതിന്റെ ഭയാനകമായ ശബ്ദം നാം ശ്രവിയായി കേൾക്കുന്നുണ്ട്. അവരുടേതായ പുതിയ സാമ്രാജ്യത്തിന്റെയും, സംസ്കാരത്തിന്റെയും, ഭാഷയുടെയും വസ്ത്രത്തിന്റെയും പേരിൽ അവരുണർന്നവരുന്നു.

പ്രകമ്പനങ്ങൾ നിറഞ്ഞ പുറപ്പാട്, സംഭ്രമജനകമായ അന്തരീക്ഷം, മഹായുദ്ധത്തിന്റെ കരിനിഴലുകൾ ഏറ്റവും സ്പഷ്ടമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന, ഈ ഭയാനകമായ പരിതഃസ്ഥിതികളിലാണ് 1956-ലെ ക്രിസ്തുമസ്സ് നാമെ സമീപിക്കുന്നതു്. അവന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശവും, രാജസ്സിന്റെ മഹത്വൈഭവമായി അവൻ വീണ്ടും പ്രത്യക്ഷപ്പെടുമ്പോൾ ഉണ്ടാകുന്ന സംഭവങ്ങളും, ലോകത്തെ അറിയിക്കേണ്ടതു നമ്മുടെ അരിപ്രധാന പ്രവർത്തനമാണ്. ഇന്നത്തെക്കാൾ ആത്മാർത്ഥതയോടും, ഗൗരവത്തോടും കൂടി ഭൂമിയുടെ എല്ലാ കോണുകളിലും അതു വിളിച്ചറിയിക്കേണ്ട ഒരു സമയം നമ്മുടെ ആയുസ്സിൽ ഉണ്ടായിട്ടില്ല.

പക്ഷെ ഒരു സംശയം, അവരുണരുന്നതുപോലെ നാം ഉണർന്നിട്ടില്ലെന്നു്, അവർ പ്രകടിപ്പിക്കുന്നതുപോലുള്ള ഉത്തേജനവും ചൈതന്യവും നാം പ്രകടിപ്പിട്ടില്ലെന്നു്. (അതു ഭൗതികമായ ചൈതന്യമാണെങ്കിലും.) അവർക്കുള്ളതുപോലെ ഒരു ലക്ഷ്യം (വെറും ഭൗതികമായ ലക്ഷ്യം) നമുക്കു ലഭ്യമായിട്ടില്ലെന്നു് ഏറ്റവും ലജ്ജാകരമായ പരമാർത്ഥം.

മുഷ്കിൽ ആകാശത്തേക്കുയർത്തി പുതുതായി രൂപം കൊള്ളുവാൻ പോകുന്ന ഒരു നവ്യ വ്യവസ്ഥിതിക്കുവേണ്ടി പോരാടുന്ന ആയിരം പതിനായിരങ്ങളെ നാം കണ്ടു മുട്ടുന്നുണ്ട്. അവശതയിലും അവഗണനയിലും കിടന്ന വർഗ്ഗങ്ങൾ, ജാതിമത ചിന്തകൾ കൂടാതെ, സ്ത്രീ പുരുഷഭേദമില്ലാതെ, അവർ ലക്ഷ്യങ്ങളെക്കുറിച്ചു നിന്നുകൊണ്ടു ശക്തിയായി മുന്നേറുകയാണ്. സംഘട്ടനത്തിന്റെ ഫലമായി പുതുതായ പലതും അവർ നേടുന്നുണ്ട്.

നമ്മുടെ പുറപ്പാടുകൾക്കപ്പുറമായി നമ്മുടെ വീക്ഷണം ഉയർത്താം. സർവ്വശക്തമായ സാമ്രാജ്യങ്ങൾ ശക്തിയിലും ബലത്തിലും മാത്രം അടിയുറച്ചു നിന്നുകൊണ്ടു അനേക ലക്ഷങ്ങളെ അടിച്ചമർത്തുന്നു. യുദ്ധത്തിന്റെ ഭയാനകമായ ആയുധങ്ങൾ മുന്നോട്ടു നീങ്ങുന്നു. സ്വാതന്ത്ര്യത്തിന്റെയും മനസ്സാക്ഷിയുടെയും വ്യാജമായ പ്രസ്താവനകളുടെ പുറകിൽ ഒന്നുമില്ലാതെ മനുഷ്യർ നശിപ്പിക്കപ്പെട്ടു

ന്നു. സംസ്കാരത്തിന്റെയും പരിഷ്കാരത്തിന്റെയും പേരിൽ ഈ ഇരുപതാം നൂറ്റാണ്ടിൽ ഏറ്റവും ഭീകരവും പൈശാചികവുമായ കൂട്ടക്കൊലകൾ നടക്കുന്നു. ഭൗതികമായ ഭരണസമ്പ്രദായങ്ങൾ, ഏറ്റവും നഗ്നമായ വധോദ്യമങ്ങൾ എങ്കിലും മനുഷ്യർ തടുത്തില്ല. മനുഷ്യവർഗ്ഗം പതറാതെ നീങ്ങുകയാണ്. ഏതോ ഒരു വിശ്വാസത്തിന്റെ വശ്യ ശക്തിയിൽ ആകൃഷ്ടരായി ഏതോ ഒന്നിനു വേണ്ടി അവർ വെമ്പൽ കൊള്ളുന്നുണ്ട്. അവൻ പ്രാപിക്കുന്നില്ലെങ്കിലും അനേഷിക്കുന്നുണ്ട്. നേടുന്നില്ലെങ്കിലും, ഏതോ ഒരു പരിപൂർണ്ണതയ്ക്കുവേണ്ടി, സമാധാനത്തിന്റെയും സന്തോഷത്തിന്റെ പ്രതീകമായി അവൻ വലതിനെയും ഉറ്റു നോക്കുകയാണ്. പുതിയ ആശയങ്ങൾ, തത്വസംഹിതകൾ. അവൻ പുതിയ ദൈവങ്ങളെ ആരാധിക്കുകയാണ്. മൺമറഞ്ഞ സംസ്കാരങ്ങളെ പുൽകി എട്ടുത്തു ശാന്തിയുടെ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുവാൻ അവർ വിശ്രമം കൂടാതെ മറ്റൊരു ഭാഗത്തു പരിശ്രമിക്കുന്നുണ്ട്. ഒരു സമത്വ സുന്ദരമായ, കൈപ്പും കണ്ണീരും ഇല്ലാത്ത, ദുഃഖവും മുറവിളിയും ഇല്ലാത്ത, യുദ്ധങ്ങളും കലഹങ്ങളും ഇല്ലാത്ത ആ ഭാവി ഉണ്ടാക്കുവാൻ.

ഐക്യരാഷ്ട്ര സംഘടനയിലും, മഹാസാമ്രാജ്യങ്ങളിലെ തലസ്ഥാന നഗരങ്ങളിലും സമാധാനത്തിന്റെ സന്ദേശങ്ങൾ മാറ്റൊലിക്കൊള്ളുന്നുണ്ട്.

മതങ്ങളും, മോക്ഷകളും പുതുതായ ഏതോ ഒരു ജീവൻ പ്രാപിക്കാൻ ഉറ്റു ശ്രമിക്കുന്നു. അചിരാനുകൂലങ്ങളിൽ തങ്ങളെത്തന്നെ വഞ്ചിച്ചുകൊണ്ടു മറ്റൊരു വഞ്ചനയും നാം കാണുന്നുണ്ട്, ഈ നൂറാണ്ടിലെ മൂന്നു വൻ ചേരികൾ ഇവയിലുണ്ട്. [ശക്തിയിൽ തങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്നു. രണ്ടാടുകൾ നവമായ ഒരു സംസ്കാരത്തെ പടുത്തുയർത്തി സാർവ്വലൗകിക ശാന്തി പരത്തുന്നതിൽ ശ്രമിക്കുന്ന ശക്തിയേറിയ സംഘടനകൾ ഏറ്റവും ഉത്കൃഷ്ട പാരമ്പര്യങ്ങളിൽ തങ്ങളെത്തന്നെ മലിനരാക്കുന്ന മതവിഭാഗങ്ങൾ.]

അന്നു ആദ്യത്തെ ക്രിസ്തുമസ്സിലും ഇതുപോലൊരു പശ്ചാത്തലം നാം കാണുന്നുണ്ട്. ശക്തമായ ഒരു റോമാ സാമ്രാജ്യം, അക്രമവും അഴിമതിയും നിറഞ്ഞ ഭരണകൂടം, പട്ടാളത്തിന്റെ ഭീകരമായ തേർവാഴ്ച. നീതിക്കും ന്യായത്തിനുംവേണ്ടി നിലകൊണ്ട റോമസാമ്രാജ്യം ആ വാക്കുകളെ വ്യഭിചരിക്കുകയായിരുന്നു. ഭൗതികമായ അടിമത്വം, പൈശാചികമായ വിനോദങ്ങൾ. അതായിരുന്നു അന്നത്തെ രാഷ്ട്രീയ പശ്ചാത്തലം. സംസ്കാരത്തിന്റെയും തത്വജ്ഞാനത്തിന്റെയും പേരിൽ ആരെയും പിന്നിൽ ആക്കികൊണ്ടു അന്നു യവനന്മാർ മുന്നിട്ടു നിന്നു. ഉല്ലാസങ്ങളും, മനുഷ്യനെ വഴിതെറ്റിക്കുന്ന വിനോദങ്ങളും അവരുടെ നിത്യ സഹചരണമായിരുന്നു. ഇന്നാമേനു കാണുന്നതുപോലെ യഥാർത്ഥമതാനുകൂലങ്ങൾ, കർമ്മങ്ങളിലും അനുകൂലനങ്ങളിലും കൂടി തങ്ങളെത്തന്നെ ദൈവസന്നിധിയിൽ നീതീകരിച്ചിരുന്ന പരിശുദ്ധർ. സത്യവും നീതിയും മറന്നു സർവ്വശക്തനായ ദൈവത്തെ അവഹേളിക്കുന്ന സഭായോഗങ്ങളും അമാവാസികളും നടത്തി ജനത്തെ കബളിപ്പിച്ചു പോന്ന പുരോഹിതവർഗ്ഗം.

ഈ അന്തരീക്ഷത്തിൽ 'സമാധാനം' എന്നതു മനുഷ്യന്റെ തീരാത്ത മോഹമായിരുന്നു. അപ്പോഴിതാ 'സമാധാനത്തിന്റെ പ്രഭു' വരുന്നു. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വിശുദ്ധിയുടെയും സത്യത്തിന്റെയും ദിവ്യമായ സന്ദേശവുമായി (അവൻ തന്നെ ആ സന്ദേശവും ആകുന്നു വല്ലോ) അവൻ അവതരിക്കുന്നു. അവന്റെ അവതരണത്തിനു ഏറ്റവും അനുയോജ്യമായ പശ്ചാത്തലം, ആ പശ്ചാത്തലത്തിനു ഏറ്റവും ആവശ്യമായിരുന്ന ("സമയത്തിന്റെ പൂർണ്ണതയിൽ") അവതരണം. അന്നത്തേപ്പോലെ ഇന്നും മനുഷ്യൻ അതീവ ദാഹം ഉള്ളവനാണ്. നീതിക്കും, സമാധാനത്തിനും വേണ്ടി, സത്യത്തിനും സ്നേഹത്തിനും വേണ്ടി.

പിതാവു പുത്രനെ ഏതൊരുദ്ദേശത്തോടുകൂടി ലോകത്തിലേക്കയച്ചുവോ, ആ പരമ ഉദ്ദേശത്തിന്റെ നിവർത്തിക്കായി ക്രിസ്തു നമ്മെയും അയച്ചിരിക്കുന്നു, എന്നു ഏറ്റവും വ്യക്തമായി പറയുമ്പോൾ, നാം വഹിക്കുന്ന പ്രതിനിധ്യം നാം നല്ലതുപോലെ അറിയുന്നുണ്ട്.

ലോകം ഉണരുന്നതിനൊപ്പം ക്രിസ്തുവിന്റെ പ്രതിനിധികളായ നാം ഉണരുന്നുണ്ടോ? ലോകത്തിനു ഏതോ ഒരു ഭൗതിക പ്രത്യാശയുണ്ട്. നമുക്കു ഏതെങ്കിലുമൊരു പ്രത്യാശ ഉണ്ടോ? ലോകം ഏതോ ചിലതു സ്ഥാപിക്കാൻ വേണ്ടി ജീവൻ മരണസമരം നടത്തുന്നു. ലക്ഷങ്ങളുടെ ജീവൻ ഈ പോരാട്ടത്തിൽ ബലികഴിക്കുന്നുണ്ട്. ഏതെങ്കിലും ഒരു വ്യവസ്ഥിതിക്കുവേണ്ടി നാം ഒരു ചെറിയ പോരാട്ടമെങ്കിലും നടത്തുന്നുണ്ടോ? യാന്ത്രിക ഉപകരണങ്ങളുടെ സഹായത്താൽ ശക്തിയേറിയ ശബ്ദതരംഗങ്ങളിൽ ലോകം അതിനേറ്റമായ സന്ദേശങ്ങൾ നമ്മുടെ ചെവിയിൽ തള്ളിക്കയറ്റുന്നുണ്ട്. പതറുന്ന ലോകത്തിനു കൊടുപ്പാൻ നമുക്കു ശാശ്വതമായ ഒരു സന്ദേശമെങ്കിലുണ്ടോ?

കഴിഞ്ഞമാസത്തിൽ യിസ്രായേൽ മിസ്രയീമിനോടു യുദ്ധപ്രഖ്യാപനം നടത്തി. ദൈവം യി

സ്രായേലിന്റെ പക്ഷത്തുനിന്നുകൊണ്ടു തന്നെ യുദ്ധം ചെയ്യുമെന്നു സത്യവേദപുസ്തകം ശക്തിയായ ഭാഷയിൽ ഉൽഘോഷിക്കുന്നുണ്ട്. അതേ സമയം തന്നെ സത്യയിസ്രായേൽ ആകുന്ന നാം സർവ്വ ശക്തനായ മശിഹാ നമ്മുടെ പക്ഷത്തു നിന്നു യുദ്ധം ചെയ്യു, അവന്റെ സ്നേഹ സാമ്രാജ്യം ലോകത്തിൽ വേഗം ഉറപ്പിക്കാൻ പോകയാണ് എന്നു അതിനെയ്ക്കുമായി പ്രഖ്യാപിക്കുവാൻ തയാറാകുമോ?

അവൻ തേജസ്സിന്റെ അത്യുത്തപ്രഭോവിൽ, അന്നു ഖേതമഹേമിൽ അവതരിച്ചു സാധാരണ മനുഷ്യനായിട്ടല്ല, സർവ്വശക്തനായ ദൈവമായി, മനുഷ്യ ശരീരം വഹിക്കുന്നവനായി, ആഗതനാകുമ്പോൾ അവനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന സകല മനുഷ്യരും, അവനോടു സദൃശന്മാർ ആയി. വർണ്ണനാതീതമായ തേജസ്സിന്റെ മഹത്വശരീരത്തോടുകൂടി കാലാവസാനം കൂടാതെ അവന്റെ സ്നേഹസാമ്രാജ്യത്തിൽ വാഴുമെന്ന ഏറ്റവും ദൃഢമായ വാക്കുകളാൽ നമുക്കു ലോകത്തെ അറിയിക്കുന്നതോ?

ഇവാൻസ്റ്റൻ സമ്മേളനം തിരഞ്ഞെടുത്ത മുദ്രാവാക്യം 'ക്രിസ്തു ലോകത്തിന്റെ പ്രത്യാശ' എന്നതായിരുന്നുവല്ലോ. വരാൻ പോകുന്ന ഈ മഹായുദ്ധത്തിന്റെ മുന്നണിയിൽ ഇന്നു പ്രത്യക്ഷപ്പെട്ടിരിക്കുന്ന യിസ്രായേൽ രാജ്യത്തിന്റെ പിന്നിലായി അവരുടെ പ്രത്യാശ അവശേഷിക്കുന്നുണ്ട്. പല പ്രവചനങ്ങളുടെ നിവർത്തിയായി അവരുടെ രാജാവായ ദാവീദ് പുത്രന്റെ വരവാണു അവരുടെ പ്രത്യാശ. നമ്മുടെ (സഭ) പ്രത്യാശയോ, ആത്മമണവാളനാകുന്ന ക്രിസ്തുവിനെ തേജസ്സിന്റെ ശരീരത്തോടുകൂടി മധ്യാകാശത്തിൽ നാം സ്വീകരിക്കുന്ന അത്യുത്തമകരമായ ആ സന്തോഷാധിക്യത്തിന്റെ അനുഭവമാണ്. ഇന്നത്തെ ലോകത്തിന്റെ പ്രത്യാശയാകുന്ന ആ "നല്ല നാളെ" സൃഷ്ടിക്കുന്ന സമാധാനത്തിന്റെയും നീതിയുടെയും രാജാവായി സകല ലോക തേരുകൂടങ്ങളെയും തട്ടിത്തകർത്തു കൊണ്ടു അവൻ വീണ്ടും പ്രത്യക്ഷനാകും. നമുക്കു ഒരോരുത്തർക്കും അവൻ മാധുര്യമേറിയ പ്രത്യാശ ആണോ?

അവന്റെ തേജസ്സിന്റെ പ്രത്യക്ഷത, നമ്മെ പരിപൂർണ്ണമായി തേജസ്കരിക്കുന്ന അവന്റെ ആഗമനം, ഏറ്റവും നിർമ്മലമായ ജീവിതത്തിനുള്ള ഒരു പ്രചോദനമായി നമുക്കു അനുഭവപ്പെടുന്നുണ്ടോ?

ഇവിടെ സ്വർഗ്ഗത്തിൽ ഏത്തുന്ന ഒരു ബാബേൽ പണിയുന്ന ജനസമൂഹങ്ങൾക്കു, ഭൗതികമായ പ്രത്യാശയിൽ നട്ടം തിരിയുന്ന മനുഷ്യവർഗ്ഗത്തിനു ശാശ്വതമായ സ്നേഹസാമ്രാജ്യത്തിന്റെ കർത്താവായ മശിഹായേ ചൂണ്ടികാണിക്കേണ്ടതു നമ്മുടെ ഏറ്റവും അടിയന്തിരമായ ചുമതലയല്ലയോ?

അന്നു അവൻ അവന്റെ സ്വന്തത്തിലേക്കു വന്നപ്പോൾ യിസ്രായേലിൽ ഒരു ചെറിയ അംശം മാത്രമേ അവനെ കൈക്കൊണ്ടുള്ളൂ. അവൻ ഇപ്പോഴത്തെ പാശ്ചാത്തലത്തിൽ വീണ്ടും ആഗതനാകുമ്പോൾ ഇന്നത്തെ യിസ്രായേലിൽ ഒരു അംശം മാത്രമേ അവനെ സ്വീകരിക്കയുള്ളൂ. പ്രവചനം ഏന്നും സത്യമാണല്ലോ, നാം അവനെ സ്വീകരിക്കുന്നവരുടെ പക്ഷത്തോ?

"അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ മഹത്വത്തോടെ വീണ്ടും വരും, അവന്റെ രാജ്യത്തിനു അവസാനം ഉണ്ടാകയില്ല."

നിത്യാ വിശ്വാസപ്രമാണം,

Rev. MATHEW MATHEW.

---

## ക്രിസ്തുമസ്സും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവും

By KOSHY JOHN

അടുത്തുവരുന്ന ക്രിസ്തുമസ്സിനെപ്പറ്റി ഒരു ലേഖനം എഴുതണമെന്നു ഒരു സ്നേഹിതൻ എന്നോടു പറയുകയുണ്ടായി. ഈ വിഷയംസംബന്ധിച്ചു ഇന്നത്തെ ലോകത്തിന്റെ സ്ഥിതിക്കു പല കാര്യങ്ങൾ പറയുവാനുണ്ട്. എങ്കിലും അപ്രധാനമല്ലാത്ത ഒരു സംഗതിയെപ്പറ്റി മാത്രം കുറഞ്ഞൊന്നു പറഞ്ഞുകൊള്ളട്ടെ. ക്രിസ്തുയേശുവിന്റെ അവതാരമായ ഒന്നാമത്തെ വരവാണല്ലോ ക്രിസ്തുമസ്സ് ദിനം കാണിക്കുന്നതു. അതിനോടു അനുബന്ധിച്ചു തന്റെ രണ്ടാമത്തെ വരവിനെപ്പറ്റിയുള്ള ചിന്ത എത്രയും ചെയ്യായിട്ടുള്ളതാണ്. അപ്പൊസ്തലിക കാലത്തെ ആദ്യസഭയിൽ യേശുവിന്റെ രണ്ടാമത്തെ വരവു എന്ന വിഷയം വിശ്വാസികളുടെ ജീവിതത്തെ സന്തോഷകരമാക്കിത്തീർത്ത ഒരു സംഗതിയായിരുന്നു. അപ്പൊസ്തലന്മാരുടെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും ഈ വിഷയത്തെപ്പറ്റിയുള്ള പ്രബോധനങ്ങൾ സഭയുടെ വളർച്ചയ്ക്കും കഷ്ടതകളെ സഹിക്കുന്നതിനുള്ള സഹിഷ്ണുതയ്ക്കും ഏറ്റവ

വും സഹായകരമായിരുന്നുവെന്നു നിസ്സംശയം പറയാവുന്നതാണ്. എന്നാൽ ഇന്നുള്ള നമ്മുടെ പല സഭകളിലും ഈ വിഷയത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ ഏതു ദുർല്ലഭമായിരിക്കുന്നു എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

അനേകവർഷങ്ങൾക്കു മുമ്പു ഞാൻ കേട്ട രണ്ടു പ്രസംഗങ്ങളെക്കുറിച്ചു ഇവിടെ പറയുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഒന്നാം മോക്കമഹായുദ്ധകാലത്തു്, ഞാൻ മദ്രാസിൽ പോയിരുന്ന അവസരത്തിൽ ഒരു ഞായറാഴ്ച മദ്രാസിലെ മെതഡിസ്റ്റ് പള്ളിയിൽ ആരാധനയ്ക്കു പോകുകയുണ്ടായി. അന്നു ഞാൻ കേട്ട ഒരു പ്രസംഗം ഇപ്പോഴും എന്റെ കാതുകളിൽ മുഴങ്ങുന്നു. സാധാരണ മാരാമണ്ണകൺവൻഷനിൽ സംബന്ധിച്ചുവന്ന റവ. സുബ്രഹ്മണ്യം എന്ന ദേഹം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റിയും നാം ഒരുങ്ങിയിരിക്കേണ്ടതിനെപ്പറ്റിയും ശക്തിയായിട്ടു പ്രബോധിപ്പിച്ചു. രണ്ടാമത്തെ പ്രസംഗം കേട്ടതുമുതൽ അനേകവർഷങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഒരു സാധുസ്ത്രീയുടേതായിരുന്നു. അവർ അക്ഷരാഭ്യാസമില്ലാത്തവരെങ്കിലും തിരുനക്കര പല സ്ഥലങ്ങളിലും ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിക്കുക പതിവായിരുന്നു. ഒരു ദിവസം ഞാൻ ആ വഴിയായി പോകുമ്പോൾ അവരുടെ പ്രസംഗം എന്നെ വളരെ ആകർഷിച്ചു. അവരുടെയും പ്രസംഗവിഷയം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെയും ന്യായവിധിയെയും പറ്റിയായിരുന്നു. അവരുടെ മുഖത്തു വിളങ്ങിയിരുന്ന സന്തോഷം മറ്റെന്തിനെയും ആകർഷിക്കുന്നതുതന്നെയായിരുന്നു. അവർ പ്രസംഗത്തിന്റെ അവസാനമായിട്ടു ഇപ്രകാരം പാടി:—

"യേശുവരും നാളിലിനി-കെത്രവിധം ശോഭവരും
ശോഭവരും, ശോഭവരും,-എന്നുകെത്രവിധം ശോഭവരും"

ജഡമോഹങ്ങൾക്കായി ജീവിച്ച ഫെലിക്സിനെ വിറയ്ക്കുമാറാക്കിയ വിശുദ്ധ പൌലൊസിന്റെ പ്രസംഗം പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, വരുവാനുള്ള ന്യായവിധിയെക്കുറിച്ചും അതായതു, (ക്രിസ്തുവിന്റെ രണ്ടാമത്തെ വരവു) ആയിരുന്നുവല്ലോ. അവ്വണ്ണം യഹൂദജാതിയെ ഒന്നാകെ ഇളക്കിയ യോഹന്നാൻസ്നാപകന്റെ പ്രസംഗവും വരുവാനുള്ള ന്യായവിധിയെക്കുറിച്ചായിരുന്നു. യോഹന്നാൻ വിളിച്ചുപറഞ്ഞതു "അവൻ (യേശു) കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടിവെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയുംചെയ്യും." രണ്ടാമത്തെ വരവിൽ നടക്കേണ്ടുന്ന സംഗതികളാണല്ലോ ഇവ. മനുഷ്യനെ പാപത്തിൽനിന്നു ഉണർത്തുന്നതു, ഇങ്ങനെയുള്ള പ്രസംഗങ്ങൾ ആണു്. ഇപ്രകാരം തന്നെ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റിയുള്ള മുന്നറിയിപ്പുകളും അടയാളങ്ങളും നല്കപ്പെട്ടിട്ടുണ്ടു്. ഇവയിൽ സർവ്വപ്രധാനമായ രണ്ടു സംഗതികളെപ്പറ്റി പ്രസ്താവിച്ചുകൊള്ളട്ടെ.

1. ചിതറിപ്പോയ യിസ്രായേല്യർ അവരുടെ വാഗ്ദത്തനാടായ ഫലസ്തീനിൽ കൂട്ടിച്ചേർക്കപ്പെടുന്നതു്, നമ്മുടെ കണ്ണുകൾക്കു മുമ്പാകെ നിവൃത്തിക്കപ്പെട്ടതായി കാണുന്നുവല്ലോ. 1917-ൽ ആയിരുന്നു ബ്രിട്ടീഷ് സേനാപതിയായ ലോർഡ് അല്ലൻബി ഇവരെ ആദ്യമായി ഫലസ്തീനിൽ പ്രവേശിപ്പിച്ചതു്. അതിനെ തുടർന്നു പല യഹൂദന്മാരും, അന്യനാടുകളിൽ അവർക്കുണ്ടായിരുന്ന സമൃദ്ധികളെല്ലാം ഉപേക്ഷിച്ചു പലസ്തീനിലേക്കു പൊയ്ക്കൊണ്ടിരിക്കയായിരുന്നു. യിസ്രായേൽ ഇന്നു ഫലസ്തീനിൽ ഒരു വലിയ ജാതിയായിത്തീർന്നിരിക്കയാണ്. എങ്കിലും ക്രിസ്തു വീണ്ടും വരുന്നതിനു മുമ്പായി, യഹൂദജാതി, അവനെ തങ്ങളുടെ വാഗ്ദത്തം ചെയ്യപ്പെട്ട മശീഹാ ആയി കൈക്കൊള്ളേണ്ടിയിരിക്കുന്നു. അപ്പൊസ്തലനായ പൌലൊസ് പറയുന്നപ്രകാരം സാധാരണകൊമ്പുകളായ യഹൂദജാതിയെ വീണ്ടും ഒലിവുവൃക്ഷത്തിന്റെ കൊമ്പുകളോടു ഒട്ടിച്ചു ചേർക്കപ്പെടുന്നതിലേക്കുന്നു, അവർ യേശുവിനെ തങ്ങളുടെ മശീഹാ ആയി സ്വീകരിക്കുന്നതു്. (റോമർ 11. 17 മുതൽ നോക്കുക.) സുപ്രസ്തുതകാരൻ സംബന്ധിച്ചു ഇന്നുജിപ്തുമായി ഇന്നുണ്ടായിരിക്കുന്ന തർക്കവും യുദ്ധവും ഇതിലേക്കായി യിസ്രായേൽജാതിയെ നടത്തുകയല്ലയോ, എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. സ്ഥലപരിമിതത്താൽ ഇവയെപ്പറ്റി വിവരിക്കുന്നില്ല. കർത്താവായ യേശുവിനെ തങ്ങളുടെ മശീഹാ ആയി യിസ്രായേൽജാതി കൈക്കൊള്ളുന്നതു എങ്ങനെ ആയിരിക്കുമെന്നു അധികം നിശ്ചയം പറയുവാൻ പാടില്ല. എങ്കിലും ദമസ്കോസിലെ വഴിയിൽവെച്ചു ശൌലിനു കർത്താവു പ്രത്യക്ഷപ്പെട്ടതുപോലെ യിസ്രായേൽജാതിക്കു അവരുടെ ഒരു അത്യാപത്തുസമയത്തു ദൈവത്തെ നോക്കി അവർ നിലവിളിക്കുമ്പോൾ കർത്താവിന്റെ പ്രത്യക്ഷത അവർക്കുണ്ടാകുമെന്നതിനാൽ ആയിരിക്കണം, എന്നാകുന്നു പല വ്യാഖ്യാനകാരുടെയും വിശ്വാസം. അന്നു യേശു, അവരുടെ പിതാക്കന്മാർ ക്രൂശിച്ചതിനുമുണ്ടായ തന്റെ വടുക്കളെ അവരെ കാണിക്കയും അതിനാൽ അവർ തന്നിൽ വിശ്വസിക്കയും ചെയ്യുമെന്നുവേണം വിചാരിപ്പാൻ. മുമ്പിത്തെഴുനേറ്റ കർത്താവു അവിശ്വാസിയായ തോമാസിനെ തന്റെ കൈ

കളെയും കാലുകളെയും കാണിച്ചു അവനെ വിശ്വസിയ്ക്കിയതുപോലെ യിസ്രായേൽജാതിയെ ഒന്നുകെ വിശ്വസിപ്പിക്കുന്നതിനല്ലയോ, താൻ തന്റെ മഹതശരീരത്തിൽ ഈ വടുക്കൾ ധരിച്ചിരിക്കുന്നതെന്നു വലപ്പോഴും എനിക്കു തോന്നാറുണ്ട്,

2. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനു മുൻപു ക്രിസ്തീയസഭകളിൽ ഒരു വിശ്വാസത്യാഗം ഉണ്ടാകുമെന്നു പൌലൊസ് തെളിവായി പറയുന്നു. (2 തെസ്സ. 2. 3.) മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" എന്നു നമ്മുടെ കർത്താവു ചോദിക്കുന്നു. പത്തു കന്യകമാരുടെ ഉപമയിലെ ബുദ്ധിയുള്ള കന്യകമാരും ബുദ്ധിയില്ലാത്തവരും ഒരുപോലെ ഉറങ്ങിക്കിടന്നതുപോലെ ഒരു ഉറക്കമല്ലയോ, ഇന്നത്തെ അനേകായിരം ക്രിസ്ത്യാനികളിലും കാണുന്നതു്. ഈ കന്യകമാർ കാത്തുകാത്തിരുന്നിട്ടും മണവാളന്റെ വരവു കാണായ്കയാൽ അവർ എല്ലാവരും ഉറങ്ങിപ്പോയി. സമയം അർദ്ധരാത്രിയോടടുത്തു. ഇന്നത്തെ ലോകം ഇതളയോ കാണിക്കുന്നതു്. എങ്കിലും ബേത്ലഹേമിൽ അവതരിച്ച യഥാർത്ഥരാജാവായ യേശു നിശ്ചയമായിട്ടും വരും. "വരുവാനുള്ളവൻ വരും, താമസിക്കയുമില്ല." ഇന്നത്തെ ലോകത്തോടുള്ള യേശുവിന്റെ ശബ്ദം, "ഇതാ ഞാൻ കള്ളനെപ്പോലെ വരുന്നു" എന്നാകുന്നു. യെഹെ. 33-ാം, 39-ാം അദ്ധ്യായങ്ങളിൽ അന്ത്യകാലത്തു യിസ്രായേൽജാതി, ക്രിസ്തുവിനെ തങ്ങളുടെ മശീഹായായി കൈക്കൊള്ളുന്ന സന്ദർഭങ്ങളെക്കുറിച്ചാണു വിവരിച്ചിരിക്കുന്നതു്, ക്രിസ്തുവിനെക്കുറിച്ചുള്ള പഴയനിയമകാലത്തെ പ്രവചനങ്ങൾ ഒന്നാമത്തെ ക്രിസ്തുമസ്സിനത്തിൽ നിവൃത്തിയായി. പുതിയനിയമകാലത്തിൽ ക്രിസ്തുവിനെപ്പറ്റിയുള്ള പ്രവചനം താൻ തന്നെ സ്വന്ത വായ്കൊണ്ടു അരുളിച്ചെയ്തിട്ടുണ്ടു്. "നിന്റെ നാഴിക യിൽ, മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ" ഇതു നിവൃത്തിയായി വരുന്നു, എന്നുള്ളതു ഇക്കാലത്തെ സംഭവങ്ങൾ വിളിച്ചുപറയുകയാണെന്നു വിചാരിക്കുന്നതിൽ തെറ്റില്ല.

## നിഷ്ക്രമനായ മിസ്റ്റർ സി. വി. സക്കറിയാ

തെക്കൻ പുതുപ്പള്ളി സി. എസ്സ്. ഐ. സഭയിലെ ഒരു പ്രമുഖ കുടുംബാംഗവും, മഹിയ കാലം പുതുപ്പള്ളി സഭയിലെ കൈക്കാരനുമായിരുന്ന ചേമത്തു വക്കി അവർകളുടെ പുത്രനുമായിരുന്ന മിസ്റ്റർ സി. വി. സഖറിയാ. അദ്ദേഹം 1956 നവംബർ മാസം 20നു ചൊവ്വാഴ്ച രാത്രി 8 മണിക്കു്, തന്റെ 60-മത്തെ വയസ്സിൽ പെട്ടെന്നുണ്ടായ ഹൃദ്രോഗം മൂലം നിഷ്ക്രമനായ വിവരം വ്യസന സമേതം അറിയിച്ചുകൊള്ളുന്നു. ശവസംസ്കാരം 21നു ബുധനാഴ്ച വൈകിട്ടു 5 മണിക്കു പുതുപ്പള്ളി സി. എസ്സ്. ഐ. സെമിത്തേരിയിൽ പ്രത്യേകം തയാർ ചെയ്ത കല്ലറയിൽ ഇടവകപ്പട്ടക്കാരൻ കെ. വി. വില്യം അച്ചൻ അവർകൾ നടത്തി. പരേതന്റെ മൂത്ത മകനു വിമാനമാർഗ്ഗം കൃത്യ സമയം വന്നു ചേർന്നു തന്റെ വാത്സല്യ പിതാവിന്റെ മൃതശരീരം കാണുവാനുള്ള ഭാഗ്യവും ഉണ്ടായി.

മിസ്റ്റർ സി. വി. സക്കറിയാ, 107½ മിഥുനമാസം 12നു ജനനമായി. അദ്ദേഹത്തിന്റെ പ്രാരംഭ വിദ്യാഭ്യാസം പുതുപ്പള്ളി സ്കൂളുകളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം മാവേലിക്കര ബി. എച്ചു്. ഹൈസ്കൂളിലും നടത്തി. പഠിത്തത്തിൽ വളരെ സമർത്ഥനായിരുന്ന തനിക്കു സ്കോളർഷിപ്പു കിട്ടിയിട്ടുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമത്രെ. സ്കൂൾ ഫൈനൽ പാസ്സായതിന്റെ ശേഷം കോളേജ് വിദ്യാഭ്യാസം ആരംഭിച്ചെങ്കിലും കുടുംബത്തിന്റെ സാമ്പത്തിക നില അനുവദിക്കാഞ്ഞതിനാൽ അതു പൂർത്തിയാക്കുന്നതിനു സാധിച്ചില്ല. അതിനാൽ ഉടൻ തന്നെ തൃശ്ശൂർ ഇംഗ്ലീഷ് മീഡിയൽ സ്കൂൾ അദ്ധ്യാപകനായി ജോലിയിൽ ഏർപ്പെട്ടു. ചില വർഷങ്ങൾക്കു ശേഷം സ്വന്തം സ്ഥലമായ പുതുപ്പള്ളിയിൽ തന്നെ ജോലി ലഭിച്ചു എങ്കിലും, അവിടെനിന്നും തലവടി ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഹെഡ്മാസ്റ്ററായും, പിന്നീടു ബി. എച്ചു്. ഹൈസ്കൂൾ അദ്ധ്യാപകനായും തന്നെ സ്ഥലം മാറി. 1949-ൽ വീണ്ടും പുതുപ്പള്ളി ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആക്ടിംഗ് ഹെഡ്മാസ്റ്ററായി നിയമിതനായി. മിഷ്യൻ സ്കൂളുകളിൽ 40 വർഷത്തോളം സേവനം അനുഷ്ഠിച്ചതിനു ശേഷമാണു അദ്ദേഹം നിഷ്ക്രമനായതു്. വളരെ സമർത്ഥനായ ഒരു മാതൃകാ അദ്ധ്യാപകനും, സ്കൂൾ സംബന്ധമായ മറ്റു ജോലികളിൽ അതി നിപുണതയും, കായ്ശേഷിയുമുള്ള ഒരുദ്യോഗസ്ഥനായിരുന്നു. പരേതനിൽ വിളങ്ങിയിരുന്ന ദൈവഭക്തി, സ്നേഹം, സൌമ്യത, വിശ്വസ്തത, ഔദാര്യമനുഭവം എന്നീ വിശിഷ്ട ഗുണങ്ങൾ ഏവർക്കും അനുകരണീയമത്രെ. അദ്ദേഹത്തിനു മൂന്നു ആൺമക്കളുണ്ടായിരുന്നു. മൂത്തവർ രണ്ടുപേരും ബാങ്കുകളിൽ ഓരോ ഉദ്യോഗങ്ങളിൽ ഇരിക്കുന്നവരും, ഇളയ മകൻ സ്ഥലം ഇംഗ്ലീഷ് സ്കൂളിൽ 8-ാം സ്റ്റാൻഡേർഡിൽ ഒരു വിദ്യാ

ത്തിയുമാകുന്നു. പരേതൻ ആത്മീയ ശുശ്രൂക്ഷയിൽ തല്പരനുള്ളവനും, സ്നേഹം സണ്ടേസ്കൂൾ സൂപ്രണ്ടുമായിരുന്നു.

പെട്ടെന്നുണ്ടായ ഈ നിര്യാണം മൂലം ദുഃഖത്തിലിരിക്കുന്ന മിസ്സിസ്സ് സഖറിയായെയും, മക്കളെയും, മറ്റു പ്രിയപ്പെട്ടവരെയും, ദുഃഖിതരെ ആശ്വസിപ്പിക്കുന്ന ദൈവം ആശ്വസിപ്പിച്ചു കാത്തു പരിപാലിക്കട്ടെ.

സെക്രട്ടറി,

K. L. NINAN.

## ഡോർണക്കൽ മഹായിടവക ബിഷപ്പിന്റെ സ്ഥാനാഭിഷേകം

ഡോർണക്കൽ മഹായിടവകയുടെ ബിഷപ്പായി ഡയോസിസൻ കൌൺസിൽ തെരഞ്ഞെടുക്കുകയും, സിനഡു നിയോഗിച്ച കമ്മറ്റി ശുപാർശ ചെയ്യുകയും സിനഡ് മക്ലിഷ്ടീപുകമ്മറ്റി നിയമിക്കുകയും ചെയ്ത റവ. പെരേജിസോളമൻ അവർകളുടെ സ്ഥാനാഭിഷേകം ഡോർണക്കൽ ദ്രോസനപ്പള്ളിയിൽവച്ചു നവംബർമാസം 27 ൽ ചൊവ്വാഴ്ച 9. 30 മണിക്കു സമുചിതം നിവൃത്തിച്ചിരിക്കുന്നു. സി. എസ്സ്. ഐ. ക്രമപ്രകാരമുള്ള വിശുദ്ധശുശ്രൂഷയുടെ മദ്ധ്യേ യാണു സ്ഥാനാഭിഷേകം നടത്തപ്പെട്ടത്. ദക്ഷിണന്ത്യസഭയുടെ മോഡറേറ്റർ റൈറ്റ റവ. സുന്ദർ നിരുമനസ്സുകൊണ്ടു പ്രധാന കാർമ്മികനായി നടത്തപ്പെട്ട ആ ശുശ്രൂക്ഷ ആദ്യവസാനം ഭയഭക്തിയോടെ വീക്ഷിക്കുകയും ഏറ്റുപറയുകയും ആയിരുന്നു.

മുൻ ഡോർണക്കൽ ബിഷപ്പായിരുന്ന റൈറ്റ റവ. ഏ. ബി. ഏലിയറ്റ തിരുമനസ്സുകൊണ്ടായിരുന്നു പ്രസംഗം പറഞ്ഞത്. പ്രസംഗം കഴിഞ്ഞയുടനെ ദ്രോസനപ്പള്ളിയിലിരുന്ന മോഡറേറ്റർ തിരുമേനിയുടെ അടുക്കൽ റവ. പി. സോളമനെ മുന്നു പ്രസ്ബിറ്റേറന്മാർ കൊണ്ടുചെല്ലുകയും പരിശോധനയ്ക്കുശേഷം മുന്നു ബിഷപ്പന്മാരും മുന്നു പ്രസ്ബിറ്റേറന്മാരും മോഡറേറ്റർ തിരുമേനിയോടുകൂടെ സ്ഥാനാർത്ഥിയുടെ തലയിൽ കൈവെക്കുകയും മോഡറേറ്റർ സ്ഥാനാഭിഷേകപ്രാർത്ഥന നടത്തുകയും ചെയ്തു.

ഉച്ചതിരിഞ്ഞു 3 മണിക്കു സ്ഥാനാരോഹണശുശ്രൂക്ഷ നടത്തപ്പെട്ടു. ആ ശുശ്രൂക്ഷയിൽ പുതിയ ബിഷപ്പ് റൈറ്റ റവ. പെരേജി സോളമൻ തിരുമനസ്സുകൊണ്ടു "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു" എന്ന വാക്യം അടിസ്ഥാനമാക്കി ഒരു പ്രസംഗം പറഞ്ഞു.

നമ്മുടെ മഹായിടവകയെ പ്രതിനിധീകരിച്ചു റവ. സി. ഐ. ഏബ്രഹാമും റവ. ഏം. ഏം. ജോണും ഈ ശുശ്രൂക്ഷകളിൽ സംബന്ധിച്ചിരുന്നു. പുതിയ ബിഷപ്പിനു അനുഗ്രഹകരമായ ശുശ്രൂക്ഷയും സേവനവും ആശംസിച്ചുകൊള്ളുന്നു.

## യുവജനസമ്മേളനം

### ഡിസം. 27—29

നമ്മുടെ മഹായിടവക യുവജനസമ്മേളനം (മലയാളം) ഡിസം. 27 മുതൽ 29 വരെയുള്ള തീയതികളിൽ റാണി സി. എസ്സ്. ഐ. പള്ളിയിൽവെച്ചു നടത്തപ്പെടുന്നതാണ്. നേതാക്കന്മാരായി റവ. റവി. ബി. ബഞ്ചമിൻ, റവ. ഏം. ഏം. ജോൺ, റവ. ഏം. ഏം. ആൻഡ്രൂസ്, റവ. കെ. മൈക്കൽ ജോൺ മുതലായവർ ഉണ്ടായിരിക്കും. വിവിധ ഇടവകകളിൽനിന്നുമായി അനേകം യുവജനങ്ങൾ ഇതിൽ സംബന്ധിക്കുണമെന്നു പ്രത്യേകം അഭ്യർത്ഥിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് *Sri K. C. Seth,*
*C/o Diocesan Office,*
*Chelty Street, Kottayam*
എന്ന മേൽവിലാസത്തിൽ എഴുതുക.

## The Royal School of Church Music

സംഗീത കലയെ നിലനിർത്തുന്നതിനും പരിപുഷ്ടിപ്പെടുത്തുന്നതിനുമായി ലോകത്തിൽ പല സ്ഥലങ്ങളിലും പ്രത്യേകിച്ചു ഇൻഡ്യയിലും പല സമിതികളും സംഘടനകളും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. ഇവയിൽ താരതമ്യേന ഏറ്റവും വിപുലമായും കാര്യക്ഷമമായും പ്രവർത്തനം നടത്തിവരുന്ന ഒരു സംഘടനയാണു്, The Royal School of Church Music. ഒരു ലോകസംഘടനയായ ഇതിൻ കേരളത്തിലുള്ള ഏതു ദേവാലയത്തിനും, ക്രൈസ്തവ സഭയുമായി വിശ്വാസബന്ധത്തിൽ കഴിയുന്ന ഏതും ഇതര സഭാംഗങ്ങൾക്കും തൽസഭകളിലുള്ള ഗായക സംഘങ്ങൾക്കും അംഗങ്ങളാകാവുന്നതാണെന്നുള്ള വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടു്.

ഉത്ഭവം. 1927-ൽ സർ സിഡ്നി നിക്കൽസൺ എന്ന സംഗീത വിദഗ്ധന്റെ വിപുല വ്യാപകമായ ചിന്താസരണിയിൽനിന്നും ഉടലെടുത്ത "The School of English Church Music" എന്ന സംഗീത പാഠശാലയാണു് 1930-മാണ്ടു് ഓഗസ്റ്റു മാസം 8-ാം തീയതി ഗ്രേറ്റു ബ്രിട്ടനിലെ 1929-ലെ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിപ്പാൻ തുടങ്ങിയതു. പിന്നീടു് ഇതു ഒരു പ്രസ്ഥാനമായ രൂപാന്തരപ്പെട്ടതു്. വണ്ടും 1945 മെയ്മാസം 19-ാം തീയതി ഈ സംഘടനയുടെ പേരു "The Royal School of Church Music" എന്നു പരിഷ്കരിച്ചു അതിന്റെ പ്രവർത്തനം ലോകവ്യാപകമായ വിധത്തിൽ പുനഃപ്രതിഷ്ഠിക്കപ്പെട്ടു.

ഉദ്ദേശം. ഈ സംഘടനയുടെ മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം അതിന്റെ ഉദ്ദേശം "ക്രൈസ്തവ സഭയോടും അതിനോടു വിശ്വാസബന്ധത്തിൽ സ്ഥിതിചെയ്യുന്ന ഇതര സഭകളോടും ആരാധനാ ഗീതങ്ങളെപ്പറ്റി ഉപരിപ്ലവമായി പഠിക്കുന്നതിനും ശരിയായി ഉപയോഗിക്കുന്നതിനും പരിപുഷ്ടിപ്പെടുത്തുന്നതിനും" എന്നാണു്. പ്രസ്തുത ഉദ്ദേശം തികച്ചും ഫലപ്രാപ്തിയിലെത്തിക്കുവാൻ ഈ സംഘടന പരമാധി ശ്രമിച്ചു വിജയം വരിക്കുന്നുണ്ടെന്നുള്ളതിനു താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനമാനദണ്ഡങ്ങൾ സാക്ഷ്യം വഹിക്കുന്നു.

രക്ഷാധികാരികൾ. ഇംഗ്ലണ്ടിലെ രാജ്ഞിയും അമ്മ മഹാറാണിയുമാണു് സംഘടനയുടെ രക്ഷാധികാരികൾ. കാന്റർബറിയിലെ ആർച്ചുബിഷപ്പു് അദ്ധ്യക്ഷപദവും, യോർക്കിലെയും വെയിൽസിലെയും ആർച്ചുബിഷപ്പന്മാർ, സ്കോട്ട്ലണ്ടിലെ എപ്പിസ്കോപ്പൽ സഭയുടെ പ്രൈമേറ്റു് ഇവർ ഉപാദ്ധ്യക്ഷപദവും അലങ്കരിക്കുന്നു ഈ സംഘടന ആഗോള വ്യാപകമായി വികസിപ്പാനിടയായതിൽ തെല്ലും അതിശയിപ്പാനില്ലതന്നെ.

ഭരണം. സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിർവഹിക്കുവാനായി, ബഹുമാന്യ ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ പുരോഹിതന്മാരും അല്മായരുമായ പതിനൊന്നു സംഗീത വിദഗ്ധന്മാർ ഉൾക്കൊള്ളുന്ന ഒരു പ്രവർത്തക സമിതി രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ടു്. ഒരു ഡയറക്ടർ, ഒരു വർഡൻ, ഒരു ജനറൽ സെക്രട്ടറി ഒരു ചീഫ് കമ്മീഷണർ, പെരിഫെറിക്കായ മറ്റൊരു കമ്മീഷണർ ഇവരുടെ കീഴിൽ മുപ്പതു കമീഷണർമാർ ഇവരെല്ലാം സംഘടനയുടെ പ്രതിദിന രേഖകൾപ്രകാരം സൗജന്യമായി നടത്തി വരുന്നു. കൂടാതെ നാലു ഓണററി പട്ടക്കാരും ഇരുപത്തിരണ്ടു ഓണററി ഫെലോസും ഇവരെ സഹായിക്കുകയും ചെയ്യുന്നു. സംഘടനയുടെ ചുമതലയിൽ നടത്തപ്പെടുന്ന പാഠശാലയിൽ രണ്ടു അദ്ധ്യാപകരും ഒരു ലൈബ്രേറിയനും സേവനം അനുഷ്ഠിച്ചുവരുന്നു. സംഗീതജ്ഞന്മാരായ കയർമാസ്റ്റർമാരും ഓർഗനിസ്റ്റുമാരും 15 പേരുൾപ്പെടുന്ന ഒരു ഉപദേശക സമിതിയും സഹായത്തിനായുണ്ടു്.

അംഗങ്ങൾ. 1955-ലെ കണക്കനുസരിച്ചു ഇംഗ്ലണ്ടിൽ നിന്നും 3347-ഉം വെയിൽസിൽനിന്നു 127-ഉം സ്കോട്ട്ലണ്ടിൽ നിന്നു 70-ഉം അയർലണ്ടിൽനിന്നു 26-ഉം ഇതര രാജ്യങ്ങളിൽനിന്നു 530-ഉം ഉൾപ്പെടെ ആകെ 4100 ഗായകസംഘങ്ങൾ ഈ സംഘടനയിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ടു്. നമ്മുടെ കോട്ടയം കാതീഡ്രൽ ഗായക സംഘവും ഇതിലുൾപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത നമുക്കേവർക്കും അഭിമാനകരം തന്നെയാണു്.

ധനസ്ഥിതി. 1954 ആഗസ്റ്റു് മുതൽ 1955 ജൂലായി വരെയുള്ള ഒരു കൊല്ലത്തെ ബാങ്കു പ്രസ്താവനപ്രകാരം പ്രസ്തുത സംഘടനയ്ക്കു £. 36648-0-8 വരുമാനവും 31-7-1955-ൽ പലയിനങ്ങളിലായി £. 5573-9-10 നിരത ദ്രവ്യമായി നിക്ഷേപവും ഉണ്ടായിരുന്നു.

പ്രവർത്തനങ്ങൾ. 25 കൊല്ലത്തെ സേവനങ്ങളും നേട്ടങ്ങളും വിവരിച്ചുകൊണ്ടു പ്രസ്തുത സംഘടന പുറപ്പെടുവിച്ചിട്ടുള്ള ഒരു റിപ്പോർട്ടിൽ ഏതാനും ചില പ്രധാന പ്രവർത്തനരീതിയെപ്പറ്റിയും പദ്ധതിയെപ്പറ്റിയും പരാമർശിച്ചിട്ടുണ്ടായിട്ടുണ്ടു്.

**Colles Library.** R. S. C. M. ന്റെ ഒരു പ്രധാന പ്രവർത്തകനായിരുന്ന Dr. H. C. Colles-ന്റെ സ്മരണയെ നിലനിറുത്തുവാനായി ആരംഭിച്ച പുസ്തക സഞ്ചയം, ആരാധനാ സംഗീതത്തിന്റെ മികവാർന്നതും എല്ലാ വശങ്ങളെയും പറ്റി സമഗ്രമായി പ്രതിപാദിക്കുന്ന ബഹു ശതം ഗ്രന്ഥങ്ങളടങ്ങിയ ഒരു ഗ്രന്ഥശാലയെയാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്. ഇതിൽ ഗായകസംഘങ്ങൾക്കു പ്രത്യേകമായുള്ള വിഭാഗം ഏതാണ്ടു പൂർണ്ണമാണെന്നു പ്രസ്താവിപ്പാൻ കഴിയും. ആകയ്ക്കൂടി പറഞ്ഞാൽ അനേകം ആരാധനാക്രമങ്ങൾ, Anthems, Tudor Church Music Series, ആംഗ്ലികനും മറ്റു സഭാക്രമങ്ങളുമായ ആരാധനാ ഗീതങ്ങൾ, ഇവ കൂടാതെ Sets of Boyce's Cathedral Music, Music Works by Arnold, lage etc; Anthems by Croft, Greene Hayes, Dapius, Boyce etc, Arnold's Hardel Edition Fellowes's Biyrd & Purcell Music, Britanica മുതലായവയും Text Books in Liturgiology. Psalmody, The organ, The history and Techniques of Church Music, വിവിധ ഭാഷകളിലുള്ള പുരാതനവും ആധുനികവുമായ Lymnaries എന്നു വേണ്ട സംഗീതപഠിതാവിനും ഗവേഷകനും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത അനേകം അമൂല്യവും ദുഷ്പ്രാപ്യവുമായ ഗ്രന്ഥസമുച്ചയങ്ങളുടെ ഒരു കലവറ തന്നെയാണ് പ്രസ്തുത ഗ്രന്ഥശാല.

**പ്രസിദ്ധീകരണങ്ങൾ.** ഏതൊരു ആധുനിക പ്രസ്ഥാനത്തിന്റെയും വളർച്ചയ്ക്കു അനുകാലിക പ്രസിദ്ധീകരണങ്ങൾ അവശ്യം ആവശ്യമാണല്ലോ. English Church Music, Chorister's Leftit എന്നീ രണ്ടു മാസികകൾ കൂടാതെ നവാംനവങ്ങളായ നിരവധി സംഗീതങ്ങളും രാഗങ്ങളും പ്രത്യേക അവസരങ്ങളിലേക്കുള്ള ആരാധനാക്രമങ്ങളും സംഘടനയുടെ ഉത്തരവാദിത്വത്തിൽ പ്രസിദ്ധപ്പെടുത്തി സംഗീത ലോകത്തെ പരിപുഷ്ടിപ്പെടുത്തി വരുന്നതായി കാണുവാൻ കഴിയും.

**ക്ലാസ്സുകൾ.** ഗായക സംഘാംഗങ്ങൾക്കായുള്ള പ്രത്യേക ക്ലാസ്സുകൾ സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നുണ്ട്. 1954—'55-ൽ 834 വിദ്യാർത്ഥികൾ ഈ ക്ലാസ്സുകളിൽ പഠനം നടത്തിയിരുന്നതായി റിപ്പോർട്ടിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഒരു ആഴ്ചത്തേക്കുള്ള പ്രസ്തുത ക്ലാസ്സുകളിൽ സംബന്ധിക്കുന്നതിനുള്ള ചിലവു അവരവരുടെ ഇടവകകളാണു വഹിക്കുന്നത്. കപയർ മാസ്റ്റർമാർക്കും ഓർഗനിസ്റ്റുകൾക്കുമുള്ള പ്രത്യേക ക്ലാസ്സുകൾ നടത്തപ്പെടുന്നതു കൂടാതെ പല മഹാ ഇടവകകളിലും ആഴ്ച വിവിധ ക്ലാസ്സുകളും നടത്തപ്പെട്ടുവരുന്നുണ്ട്. Australia, U. S. A., Canada, Malaya, Japan, Uganda, Nigeria, S. Africa, Newzeland മുതലായ രാജ്യങ്ങളിൽനിന്നും സ്ത്രീകളും പുരുഷന്മാരുമായി അനേകർ പ്രസ്തുത ക്ലാസ്സുകളിൽ ചേർന്നു അദ്ധ്യയനം നടത്തി വരുന്നുണ്ട്.

**സന്ദർശനങ്ങൾ.** സംഘടനയിലെ കമ്മീഷണർമാർ എല്ലാ ഇടവകകളിലുമുള്ള ഗായകസംഘങ്ങളെ സന്ദർശിച്ചു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിൽ സദാ ജാഗരൂകരാണ്. അപ്രകാരമുള്ള സന്ദർശനങ്ങൾ മൂലം ഗായകസംഘങ്ങൾക്കു പ്രയോജനവും സംഘാംഗങ്ങൾക്കു പ്രോത്സാഹനവും ലഭിക്കുന്നതു കൂടാതെ പൊതുവിൽ ഗായകസംഘവും കേന്ദ്ര സംഘടനയുമായുള്ള സ്നേഹബന്ധം പൂർവ്വാധികം ദൃഢമൂലമാകയും ചെയ്യുന്നതായി റിപ്പോർട്ടുകളിൽനിന്നു മനസ്സിലാക്കാം. സംഘടനയുടെ ഡയറക്ടറായ Gerald H. Knight M. A. Mus. B., FRCO (CHM) ADCM, ആറുമാസത്തോളം ദീർഘിച്ച തന്റെ ലോകപര്യടനാവസരത്തിൽ കഴിഞ്ഞ December 21, 22, 23 തീയതികളിൽ കോട്ടയം കത്തീഡ്രൽ ഗായകസംഘത്തെയും സന്ദർശിക്കയുണ്ടായി. പ്രസ്തുത സന്ദർശനം ഏറ്റവുമധികം പ്രയോജനകരമായിരുന്നു എന്നു പിന്നീടു കത്തീഡ്രൽ ഗായകസംഘത്തിനുണ്ടായിട്ടുള്ള പുരോഗതിയും ഇപ്പോൾ നമുക്കു തെളിയുന്നു. Diocesan Choristers Association-ഉം സാക്ഷ്യം വഹിക്കുന്നു.

**വൈഭവിക കമ്മീഷണർ.** സംഘടനയുടെ കീഴിൽ ഒരു പട്ടക്കാരൻ കമ്മീഷണർ ആയി പ്രവർത്തിക്കുന്നുണ്ടെന്നു മേൽപ്രസ്താവിച്ചല്ലോ. ഒരു ഗായകസംഘമോ സംഘടനയോ പുരോഗമിക്കുന്നതെങ്കിൽ ഇടവക പട്ടക്കാരുടെ നിർദ്ദോഷമായ സഹകരണം അത്യന്താപേക്ഷിതമാണെന്നുള്ള പരമാർത്ഥം ശരിക്കു മനസ്സിലാക്കിത്തന്നെയാണ് അദ്ദേഹം നിയമിതനായിരിക്കുന്നത്. അതിനാൽ അദ്ദേഹത്തിന്റെ സേവനത്തിനു വലിയ വിലകല്പിക്കപ്പെട്ടുവരുന്നു. അദ്ദേഹം പട്ടക്കാരെ ഇടവകകളിലും അവരുടെ സമ്മേളന സ്ഥലങ്ങളിലും വച്ചു സന്ദർശിക്കയും അവർക്കായി പ്രത്യേക സംഗീത പരിശീലനങ്ങളും മറ്റു ക്ലാസ്സുകളും നടത്തി സഹായിക്കയും ചെയ്യുന്നു. ഇംഗ്ലണ്ടിലെ മഹായിടവകകളിലുള്ള പല ബിഷപ്പന്മാരും പ്രസ്തുത കമ്മീഷണറെ ക്ഷണിച്ചുവരുത്തി തങ്ങളുടെ പട്ട

കാരെ അഭിസംബോധനം ചെയ്യുന്നതിനു ആവശ്യപ്പെടുകയും പ്രയോജനം അനുഭവിക്കുകയും ചെയ്യുവരുന്നതായി കാണുന്നു.

**ഗ്രൂപ്പ് പ്രവർത്തനം.** മഹായിടവകകളെ വിവിധ ഗ്രൂപ്പുകളായി തിരിച്ചു ഓരോ ഗ്രൂപ്പിലും പ്രത്യേകമായി സംഗീതോത്സവങ്ങളും ക്ലാസ്സുകളും നടത്തപ്പെടുന്നു. ഓരോ ഗ്രൂപ്പിലും പെട്ട ഗായകസംഘങ്ങൾ പരസ്പരം സഹായിക്കുകയും മറ്റു മഹായിടവകകളുമായി അഭേദ്യമായ ബന്ധം പുലർത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

**Choir Festivals.** പ്രതിവർഷം ഓരോ മഹായിടവകയിലും പ്രത്യേകമായും ഏതാനും മഹായിടവകകൾ ഒന്നിച്ചും പല പ്രാവശ്യം സംഗീതോത്സവങ്ങൾ നടത്തിവരുന്നതിനാൽ ഗായകസംഘങ്ങൾ തമ്മിലുള്ള ബന്ധം പൂർവ്വാധികം ദൃഢമാക്കുകയും സംഗീതാഭിരുചിയും നൈപുണ്യവും വർദ്ധമാനമായിത്തീരുകയും ചെയ്യുന്നു.

R. S. C. M. Dircetor ആയ Mr. Gerald H. Knight-ന്റെ നിരന്തരവും നിസ്വാർത്ഥവുമായ പ്രവർത്തന ഫലമായി പ്രസ്തുത സംഘടന ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സംഘടനയെപ്പറ്റി ചിന്തിക്കുമ്പോൾ, കേവലം ശൈശവാവസ്ഥയിൽ മാത്രമിരിക്കുന്ന Central Travancore Diocesan Chorister's Association-ന്റെ പ്രവർത്തനമാണ് ശ്രദ്ധയിൽ വരുന്നതു്. നിരന്തരവും നിസ്വാർത്ഥവുമായി പ്രവർത്തിക്കുന്നതിനു സന്നദ്ധതയുള്ള യുവാക്കന്മാരും പ്രായമുള്ളവരും വൈകിക്കരുതു. അഹമഹമികയാ മുൻപോട്ടു വരുമെങ്കിൽ നമ്മുടെ സംഘടനയും വളർന്നു പരിപുഷ്ടിപ്രാപിക്കുമെന്നുള്ളതിനു പക്ഷാന്തരമില്ല. ഏതൽക്കാര്യാർത്ഥം ദൈവം മുഖരെയും ഉണർത്തട്ടെ.

മാണി കെ. മാണി,
കരീഡ്റൽ ഗായകസംഘം സെക്രട്ടറി.

---

## ബിഷോപ്പുതിരുമനസ്സിലെ ആലസ്യം

ബിഷോപ്പുതിരുമനസ്സുകൊണ്ടു ആലസ്യവിധേയനായാണു കുവൈയിറ്റിൽനിന്നു മടങ്ങിയെത്തിയതെന്നും ചികിത്സയിലിരിക്കയാണെന്നും പത്രദ്വാരാ എല്ലാവരും അറിഞ്ഞുകാണുമല്ലോ. തിരുമനസ്സിലെ അസ്വാസ്ഥ്യങ്ങൾക്കു ദൈവകൃപയാൽ വളരെ കുറവുണ്ടെന്നു അറിയിക്കുവാൻ സന്തോഷമുണ്ടു. വിശ്രമം എന്തെന്നറിയാതെ പ്രവൃത്തിച്ച തിരുമേനിക്കു ഇനിയും ആവശ്യമായിരിക്കുന്നതു ക്രൂശതൽ വിശ്രമമാകയാൽ ഒരു മാസത്തേക്കെങ്കിലും സന്ദർശനത്താലും കത്തുകളാലും മറ്റും വിശ്രമഭംഗം വരുത്തുന്നതിനനുവദിക്കരുതെന്നാണു ഡോക്ടറന്മാരുടെ അഭിപ്രായം. തിരുമനസ്സുകൊണ്ടു വേഗത്തിൽ ആരോഗ്യം പ്രാപിച്ചു ദൈവം ഭരമേല്പിച്ചിരിക്കുന്ന ചുമതലകളെ നിറവേറ്റുന്നതിനുള്ള കൃപയ്ക്കായി ഏവരും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ.

---

## ഡയോസിസൻ ബോർഡ യോഗങ്ങൾ

ഡിസംബർ 4—8 വരെയുള്ള തിയ്യതികളിൽ **ആൻസേഫ് സൻഹാളിൽ** വച്ചു നടത്തപ്പെട്ടിരിക്കുന്നു.

---

## പ്രതിദിന വേദവായനക്കുറിപ്പുകൾ—നവംബർ—1956

ക്രമ. (ചൊ.) സഭാപ്ര. ൻ. ൨—ക്വ. (1) ജീവിതവും സേവനവും (൨—ക വാ). ഐഹികജീവിതത്തിനു ഒരു അന്തമുള്ളതിനാൽ നമ്മുടെ കൃത്യങ്ങളെ ഉത്സാഹത്തോടും ഉല്ലാസത്തോടും ജാഗ്രതയോടും ശക്തിയോടുംകൂടെ നിവൃത്തിക്കുക. മരണം സേവനത്തിനുള്ള അവസരങ്ങൾക്കു വിരാമം ഇടുന്നു (യോഹ. ൯. ൪). (2) ജീവിതവും പ്രവർത്തനഫലവും (ക—ക വാ). ജീവിതത്തിനുണ്ടാകുന്ന ജയാപജയങ്ങൾ പരിശ്രമങ്ങളുടെ ഉദ്ദേശ്യമായോ വൈരാഗ്യമായോ ആശ്രയിച്ചിരിക്കുന്നില്ല. അപ്രമേയമായ പരാശക്തി സകല സംഭവങ്ങളെയും നിയന്ത്രിക്കുന്നു. (3) ജീവിതവും വിവേകവും (ക്രമ—ക്വ വാ). ജീവിതായോധനത്തിൽ ഏറ്റവും ഫലകരവും ഉപയോഗപ്രദവുമായ ആയുധം ജ്ഞാനമാണ്. അതുമൂലമുള്ള വിജയം സുസ്ഥിരമാണ്. എങ്കിലും വിവേകത്തിന്റെ പ്രാധാന്യം പലപ്പോഴും വിസ്മരിക്കപ്പെടുന്നുവെന്നതു ജീവിതത്തിലെ ഒരു വൈപരീത്യം തന്നെ (ക്രമ വാ).

ക്രമ. (ബു.) സഭാപ്ര. ക്ര. ക—ക്ര. ജീവിതത്തെ പരമാവധി പ്രയോജനപ്പെടുത്തുക. ത്യാഗനിർഭരമായ സേവനമാണ് ജീവിതത്തെ ശ്രേഷ്ഠവും ക്ഷേമകരവുമാക്കുന്നതു. വൻപിച്ച മുതൽ മുടക്കിക്കൊണ്ടുള്ള സംരംഭം വൻപിച്ച ആദായത്തെ നേടിക്കൊടുക്കുന്നു (ക—ഫ വാ). ജീവിതത്തിന്റെ എല്ലാ വശങ്ങളിലും മുതൽ മുടക്കിന്റെ ആവശ്യകത കാണുന്നുണ്ട്. സാഹചര്യങ്ങൾ അനുകൂലമായി വരുന്നതുവരെ കാത്തിരിക്കുന്നതാൽ യാതൊരു സംരംഭത്തിലും ഏർപ്പെടുകയില്ല (൫ വാ). നഷ്ടവും തോൽവിയും വരാവുന്ന സാഹചര്യങ്ങളിലും പ്രവർത്തനത്തിനിറങ്ങുന്നവൻ ജീവിതത്തെ പ്രയോജനമുള്ളതാക്കും. സംഭവങ്ങളുടെ ഗതി എപ്രകാരമെന്നു നിർണ്ണയിപ്പാൻ മനുഷ്യബുദ്ധിക്കു സാദ്ധ്യമല്ല (൭—൧൧ വാ). പ്രവർത്തിക്കുകയെന്നുള്ളതാണ് നമ്മുടെ കർത്തവ്യം. യൌവനമുട്ടം സേവനത്തിനു ഏറ്റവും പറ്റിയ മുട്ടമത്രേ. ഉപയോഗപ്പെടുത്തിയ അവസരങ്ങളെയും മുട്ടങ്ങളെയും പറ്റി ദൈവത്തിന്റെ കോടതിയിൽ നാം സമാധാനം പറയേണ്ടവരാണ് (൯—ക്ം വാ). നഷ്ടപ്പെടുത്തിയ അവസരങ്ങളെ ഓർത്തു നീ അനുതപിക്കുന്നുണ്ടോ?

ക്രമ. (വ്യാ.) സഭാപ്ര. ക്ര. ക—ക്ര. സൃഷ്ടാവും മനുഷ്യജീവിതവും. പരലോകജീവിതത്തെപ്പറ്റിയുള്ള ദർശനമില്ലാത്ത ഐഹികജീവിതം മായയാണെന്നു സഭാപ്രസംഗി പറയുന്നു. ജീവിതത്തിന്റെ കാരണഭൂതനായ ദൈവത്തെ കൃതാതെയുള്ള നടപടികൾ വ്യർത്ഥപ്രയത്നങ്ങളത്രെ (ക്രമ വാ). യൌവനകാലം മുതൽ സൃഷ്ടാവിനെ അവലംബമാക്കിയാണ് ജീവിതം നയിക്കപ്പെടുന്നതെങ്കിൽ അതു ഭാവിയെ സുരക്ഷിതമാക്കും (ക വാ). പരമ്പര്യങ്ങളെ ശക്തിഹീനങ്ങളാക്കുന്ന വാർദ്ധക്യകാലം വരുമെന്നു ഓരോ യുവാവും ഓർക്കേണ്ടതാണ്. മനുഷ്യൻ എത്ര അത്ഭുതകരമായ ഒരു സൃഷ്ടിയാണെന്നും സൃഷ്ടികർത്താവായ ദൈവത്തിന്റെ ജ്ഞാനം എത്ര അപ്രമേയം എന്നും ചിന്തിക്കുക (൧—൭ വാ). നമ്മുടെ ഓരോ പ്രവർത്തനങ്ങളെപ്പറ്റിയും ദൈവത്തിനു ഒരു വിധി പ്രസ്താവിപ്പാനുണ്ടെന്നും സകല രഹസ്യങ്ങളെയും അവൻ ഒരിക്കൽ വെളിച്ചത്താക്കുമെന്നും ഓർക്കും (൧൨ വാ). കർത്താവിന്റെ വിധിപ്രകാരം എന്റെ ജീവിതത്തിന്റെ ആകെത്തുക എന്തായിരിക്കും?

ക്രമ. (വെ.) സങ്കീ. ൩൰. ക—ക്ര. വിശ്വാസിയുടെ വിജയപ്രത്യാശ. ഭീതിയുമായ ഒരു സങ്കടഘട്ടത്തിൽ സങ്കീർത്തനക്കാരൻ ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നു. ഒരു ക്രിസ്ത്യാനി വ്യക്തിപരമായും ഭീതിയുമായുള്ള പ്രതിസന്ധിഘട്ടങ്ങളെ എങ്ങനെ നേരിടണമെന്നു ഈ സങ്കീർത്തനം പഠിപ്പിക്കുന്നു. (1) ഒരിതങ്ങളെപ്പറ്റി ദൈവസന്നിധിയിൽ പറയുമ്പോൾ അവയിൽകൂടി ദൈവത്തിന്റെ നിർണ്ണായകമായ ശക്തി, പ്രവർത്തിക്കുന്നുണ്ടെന്നു സമ്മതിക്കുക (ക—൯ വാ). സകലവും പ്രവർത്തിക്കുന്നതു ദൈവമാണെന്നു ഇവിടെ പറഞ്ഞിരിക്കുന്നു. (2) ദൈവത്തിന്റെ വാഗ്ദാനങ്ങളെ അനുസ്മരിക്കുക (൧൦—൧൬ വാ). കനാൻനാട്ടിലിസ്രായേൽ ഗോത്രങ്ങൾക്കായി വിഭാഗിച്ചുകൊടുക്കുമെന്നുള്ള ദൈവവാഗ്ദാനത്തെ ഇവിടെ അനുസ്മരിക്കുന്നു. അതു സങ്കീർത്തനക്കാരനെ പ്രത്യാശയിലേക്കു നയിക്കുന്നു. (3) ദൈവ

ത്തിന്റെ ജനങ്ങൾക്കുള്ള ശുഭാപ്തിവിശ്വാസം വീക്ഷിക്കുക (൯—൧൨ വാ). മുറിവുകൾ ഉണ്ടാകിയ മൈവം അവയെ ഭേദപ്പെടുത്തുവാൻ കഴിവുള്ളവനുമാണ്. കഷ്ടതയെ പ്രയോജനപ്പെടുത്തുവാൻ നിനക്കു സാധിക്കുമോ?

കനിവ്. (ശ.) സങ്കീ. നൂ൧. ൧—വ്വ. അത്യുന്നതമായ പാറ. എഴുത്തുകാരൻ സ്വന്ത നാട്ടിൽനിന്നു അകലെ വസിക്കുന്നതായും (൫ വാ) ശത്രുക്കളുടെ ആക്രമണഭീഷണിയെ നേരിടുന്നതായും (൯ വാ) ഗ്രഹിക്കാം. അവൻ തനിക്കുവേണ്ടി മാത്രമല്ല തന്റെ രാഷ്ട്രത്തിന്റെ സ്വാസ്ഥതയ്ക്കുവേണ്ടിയും (൪—൭ വാ) പ്രാർത്ഥിക്കുന്നു. മൈവത്തെപ്പറ്റി 'അത്യുന്നതമായ പാറ' 'ഉറപ്പുള്ള ഗോപുരം' എന്നിപ്രകാരം പറഞ്ഞിരിക്കുന്നതിനാൽ എഴുത്തുകാരനു സ്വന്തം പ്രയത്നംകൊണ്ടു അവിടെ എത്താൻ സാദ്ധ്യമല്ലെന്നും, അതു ശത്രുക്കൾക്കു അപ്രാപ്യമായ സ്ഥാനമാണെന്നും സങ്കല്പിക്കുന്നു. വിശ്വാസത്തിന്റെ നായകനായ ക്രിസ്തു നമ്മെ ഒരിക്കലും ശത്രുപീഡയോ ഇല്ലാത്ത നാട്ടിലേക്കു നയിക്കും. സങ്കീ. ൧൯. ൧൪ നോക്കുക.

കനുഷ്. (ഞാ.) സങ്കീ. നൂ൧. ൧—൧൨ രക്ഷകനായ മൈവം. ശത്രുക്കളുടെ ആക്രമണങ്ങളിൽ തന്റെ ഏകരക്ഷാസ്ഥാനം മൈവമാണെന്നു സങ്കീർത്തനക്കാരൻ സാക്ഷിപ്പെടുത്തുന്നു. മൈവത്തെപ്പറ്റി താൻ ഉപയോഗിച്ചിരിക്കുന്ന വിശേഷണപദങ്ങളിൽനിന്നു തന്റെ അടിയുറച്ച വിശ്വാസത്തെ നമുക്കു ഗ്രഹിക്കാം. (൧) എന്റെ പാറ (൨, ൩, ൭ വാ). ഈ പദം സുസ്ഥിരമായ അവലംബമാണ് മൈവം എന്നു സൂചിപ്പിക്കുന്നു. (൨) ഗോപുരം (൨, ൩, ൭, ൮ വാ). സുരക്ഷിതമായ സങ്കേതം. ശത്രുക്കൾകെട്ട 'ചാഞ്ഞ മതിലും' 'ആടുന്ന വേലി'യുമല്ലെ (൩ വാ). (൩) പ്രത്യാശാകേന്ദ്രം (൫, ൬, ൭ വാ). (൪) ശക്തികേന്ദ്രം (൭, ൧൨ വാ). (൫) കരുണാമൂർത്തി (൧൨ വാ). മൈവത്തിന്റെ മറ്റു പ്രഭാവങ്ങൾകൊണ്ടു വർണ്ണം മെയും വലിയതാകുന്നു.

കനുഷ്. (തി.) സങ്കീ. നൂ൩. ൧—൧൨. ഒരു പ്രഭാതനമസ്കാരം. അതിരാവിലെ അത്യുന്നതിവാഞ്ഛയോടുകൂടെ ഭക്തനായ സങ്കീർത്തനക്കാരൻ മൈവസാന്നിദ്ധ്യത്തെ അന്വേഷിക്കുന്നു (൧ വാ). രാത്രിയാമങ്ങളിൽ മൈവത്തെ സ്മരിക്കുവാൻ ലഭിച്ച അവസരങ്ങൾക്കുവേണ്ടി താൻ സ്തോത്രം ചെയ്യുന്നു (൬, ൭ വാ). മൈവസംസർഗ്ഗത്തിന്റെ ആരോഗ്യകരമായ ഫലത്തെ അനുഭവിച്ചറിഞ്ഞവനായ എഴുത്തുകാരന്റെ സാക്ഷ്യം നോക്കുക. (൧) വിശുദ്ധസംസർഗ്ഗം ജീവദായകമാണ് (൩, ൭ വാ). (൨) അതു സന്തോഷകരമാണ് (൭, ൯, ൧൨ വാ). അതുകൊണ്ടു എഴുത്തുകാരൻ തന്റെ ജീവിതത്തെ മുഴുവനായി ബന്ധിക്കുന്ന ഒരു നിശ്ചയം ചെയ്യുന്നു (൮ വാ). എന്റെ അനുഭവങ്ങളിൽ നിന്നു ഇപ്രകാരം സാക്ഷ്യം പറവാൻ സാധിക്കുമോ?

കവനു. (ചൊ.) ഹോശെ. ൬൰ ൬—൭. യാഗമല്ല കരുണയത്രേ ആവശ്യം. യിസ്രായേൽ ജനതയുടെ അവിശ്വസ്തതയെ കണ്ടു ഖിന്നനായിരിക്കുന്ന മൈവത്തെയാണ് ഹോശെയാ ഇവിടെ ചിത്രീകരിച്ചിരിക്കുന്നതു്. ആദ്യത്തെ മൂന്നു വാക്യങ്ങളിൽ ജനത ചില അനുതാപവാക്കുകൾ പറയുന്നുണ്ട്. എന്നാൽ അവ ഹൃദയപൂർണ്ണമായ അനുതാപത്തിന്റെ ഫലമല്ല. തങ്ങളുടെ തിരിച്ചുവരവു, മൈവത്തിന്റെ വാഗ്ദാനങ്ങൾ, മഴ, എന്നിവയെപ്പറ്റി സൂചിപ്പിക്കുന്നുണ്ടെങ്കിലും ജീവിതനടപടികളിൽ വരുത്തേണ്ട വ്യതിയാനത്തെപ്പറ്റി അവർ പറയുന്നില്ല. ഇപ്രകാരമുള്ള അനുതാപം മൈവസന്നിധിയിൽ സ്വീകാര്യമായുള്ളതല്ല. മൈവത്തിന്റെ മനോഭാവത്തെ തുടർന്നുള്ള വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു (൮—൧൨ വാ). നല്ല ആശയങ്ങളോ കർമ്മനിരൂപണങ്ങളോ മാത്രംകൊണ്ടു മൈവത്തെ പ്രസാദിപ്പിപ്പാൻ സാദ്ധ്യമല്ല. ജീവിതാനുഭവങ്ങളിൽ പരിവർത്തനം വരുത്തുന്ന കരുണയും മൈവിക ബോധവുമത്രേ ആവശ്യം (൬ വാ).

കൻനു. (ബു.) ഹോശെ. ൧൧. ൧—൧൨. മൈവത്തിന്റെ ആർദ്രസ്നേഹം. ഈ ഭാഗത്തു പ്രവാചകൻ യിസ്രായേലിന്റെ ഭൂതകാലാനുഭവങ്ങളേയും ഭാവിയേയും മാറിമാറി മർശിക്കുന്നു. യിസ്രായേലിന്റെ ശൈശവകാലം മുതൽ യഹോവ സ്നേഹാർദ്രതയോടെ

അവനോട് വത്തിച്ചു. അവനെ അന്നു നടക്കുവാൻ പഠിപ്പിച്ചു, രോഗമുക്തനാക്കി ചെയ്തു (നൂ വാ), ലാളിച്ചു, ഭോജ്യങ്ങൾ നല്കി (൫ വാ). എന്നാൽ യിസ്രായേൽ മനഃപൂർവ്വം പിതാവിൽ നിന്നു അകന്നുകൊണ്ടിരുന്നു (൨, ൫, ൧൧ വാ. ലൂക്കൊ. ൧൫. ൧൯). അനുസരണക്കേടിന്റെ സ്വാഭാവികമായ ശിക്ഷ അവൻ അനുഭവിക്കുമെന്നു പ്രവാചകൻ ദീർഘദർശനം ചെയ്യുന്നു (൫, ൭ വാ). അതെപ്പറ്റിയുള്ള ചിന്ത പിതാവായ ദൈവത്തിന്റെ ഹൃദയത്തെ അത്യന്തം തപിപ്പിക്കുന്നു (൨, ൪ വാ). എങ്കിലും താതന്റെ സ്നേഹം സുതന്റെ തെറ്റുകളെ പരിഹരിപ്പാൻ തക്ക ശക്തിയുള്ളതാണ്. യിസ്രായേൽ യഥാസ്ഥാനത്താക്കപ്പെടും (൯—൧൨ വാ). ഈ ചിത്രം ഇന്നത്തെ സഭയുടെയും ക്രിസ്തുവിന്റെയും നിലപാടുകളെ വ്യക്തമാക്കുന്നില്ലയോ?

൨൯൯. (൭൨.) ഹോശെ. ൧൪. ൧—൯. പുനഃസമാഗമം. യിസ്രായേലിനുണ്ടായ കഠിനമായ ശിക്ഷകളിൽനിന്നും വിമുക്തരായ ജനങ്ങളെ പ്രവാചകൻ സംബോധന ചെയ്യുന്നു. ജനത ദൈവത്തോട് മാപ്പു യാചിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു (൨, ൩ വാ). പിതാവായ ദൈവം മാപ്പു നല്കി, ജനതയെ പുനഃസ്ഥാപിക്കാമെന്നു ഉറപ്പു കൊടുക്കുന്നു (൪—൭ വാ). തദനന്തരം യിസ്രായേൽ തന്റെ ജീവിതത്തിൽ വചിയ വ്യതിയാനങ്ങൾ വരുത്തും. വിഗ്രഹങ്ങളെ ഉപേക്ഷിച്ചു ദൈവത്തിങ്കലേക്ക് ഏകാഗ്രഹൃദയത്തോടെ തിരിയും (൮ വാ). വിഭജിക്കപ്പെട്ടിരുന്ന ഹൃദയങ്ങളുടെ പുനഃസമാഗമം എത്ര കരുണാമസൃണം! എത്ര ആനന്ദസാന്ദ്രം!! മാനസാന്തരപ്പെട്ട പാപിയെപ്പറ്റി സ്വർഗ്ഗത്തിലുണ്ടാകുന്ന സന്തോഷം വർണ്ണിക്കാവതോ? (ലൂക്കൊ. ൧൫. ൭—൧൦). ഞാൻ സ്വർഗ്ഗസ്ഥപിതാവിന്റെ സന്നിധിയിലേയ്ക്കു മിനംതോറും സമീപിക്കുന്നുണ്ടോ?

൨൮. (൨൧.) ലൂക്കൊ. ൧. ൫—൨൫. സ്നാപകന്റെ മാതാപിതാക്കൾ. ഈ സുവിശേഷം ക്രിസ്തുവിന്റെ ജീവിതവൃത്താന്തത്തെപ്പറ്റിയുള്ള പ്രഥമകൃതിയല്ലെന്നും ക്രമീകൃതമായ വിവരണം നല്കുകയാണ് ഗ്രന്ഥകാരന്റെ ഉദ്ദേശമെന്നും പ്രാരംഭവാക്യങ്ങളിൽ പറയുന്നു (൧—൪ വാ). മശിഹായ്ക്കുവേണ്ടി കളമൊരുക്കുവാൻ നിയോഗിക്കപ്പെട്ട യോഹന്നാന്റെ മാതാപിതാക്കളും, ജനനസാഹചര്യങ്ങളും പ്രത്യേകം പഠനവിഷയമാക്കേണ്ടതാണ്. സെഖര്യാവും ഏലിസബേത്തും കുറ്റമറ്റവരായിരുന്നെന്ന മാത്രമല്ല ദൈവഭക്തിയിലും നീതിമതികളായിരുന്നു (൬ വാ). സുദീർഘമായ അവരുടെ മാമ്പത്യജീവിതത്തിൽ സന്താനലബ്ധിക്കുവേണ്ടിയുള്ള നിരന്തരമായ പ്രാർത്ഥനകൾ ഉയർന്നുകൊണ്ടിരുന്നു (൭ വാ). ആ പ്രാർത്ഥനയുടെ സാഫല്യത്തെപ്പറ്റി പ്രത്യാശയില്ലാതിരുന്ന അവസരത്തിലാണ് മറുപടി കിട്ടിയതു്. അതിനാൽ സെഖര്യാവു അത്ഭുതപ്പെട്ടു വിശ്വസിപ്പാൻ അശക്തനായിത്തീർന്നു (൧൮ വാ). ഒരു അടയാളമെന്നുമുപോലെ ദൈവം ലഘുവായ ശിക്ഷ നല്കുന്നു. നിന്റെ പ്രാർത്ഥനയ്ക്കു മറുപടി തരുവാൻ താമസിക്കുന്നതും നിന്നെ ശിക്ഷിക്കുന്നതും പിതാവിന്റെ സ്നേഹാതിരേകത്താലാണെന്നു ബോദ്ധ്യമുണ്ടോ?

൨൯൯. (൯.) ലൂക്കൊ. ൧. ൨൮—൩൫. കർത്താവിന്റെ ദാസി. പൂർവ്വസഭാപിതാക്കന്മാർ വി. മറിയാമിനെപ്പറ്റി രണ്ടാമത്തെ ഹവ്വായെന്നു പറഞ്ഞിട്ടുണ്ട്. അവളുടെ അനുസരണം ഹവ്വായുടെ അനുസരണക്കേടിനെതിരെ നിലകൊള്ളുന്നു. വി. മറിയാമിനെ സമൂർണ്ണസമർപ്പണത്തിലേക്കു നയിച്ച പടികൾ ഏവ എന്നു സൂക്ഷിക്കുക. (൧) ഗബ്രിയേൽ മുഖാന്തരമുള്ള അനുഗ്രഹാടിനെ അവൾ ആശ്ചര്യം സംഭ്രമത്തോടുകൂടി നേരിടുന്നു (൨൯ വാ). (൨) അടുത്തതായി സംശയഭാവം പ്രത്യക്ഷമാകുന്നു (൩൪ വാ). (൩) ഒടുവിൽ സമൂർണ്ണ സമർപ്പണം ചെയ്യുന്നു (൩൮ വാ). നമ്മുടെ ഭയാശങ്കകൾ നമ്മെ സമൂർണ്ണസമർപ്പണത്തിലേക്കാകുന്നുവോ നയിക്കുന്നു?

൨൯൯. (൯൦). ലൂക്കൊ. ൧. ൪൬—൫൫. മറിയാമിന്റെ ഗീതം. ഈ സ്തുതിഗീതം പ്രധാനമായി ദൈവത്തിന്റെ കരുണയേയും ശക്തിയേയും അനുസ്മരിപ്പിക്കുന്നു (൧) അവന്റെ കരുണ തലമുറതലമുറയോളം ഇരിക്കുന്നു (൫൦, ൫൪, ൫൫). യിസ്രായേലിന്റെ പൂർവ്വപിതാക്കന്മാരുടെ കാലം മുതൽ ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ള മശിഹായെ ഇപ്പോൾ ത

ന്നിരിക്കുന്നതു ദൈവത്തിന്റെ കരുണകൊണ്ടാകുന്നു. ആ ദാനത്തെ സ്വീകരിക്കാൻ യിസ്രായേല്യനാകുന്നതുകൊണ്ടല്ലെങ്കിലും ദൈവത്തിന്റെ മുമ്പിൽ അവൻ നീതിമാനായിത്തീരുന്നു. (2) ദൈവത്തിന്റെ ബലം വിശ്വാസാത്മകമായ പരിവർത്തനങ്ങളിൽക്കൂടെ വെളിപ്പെടുന്നു (൫.൧—൧൧). മനോവിനയമുള്ളവരെ ഉയർത്തുക, അഹങ്കാരികളെ താഴ്ത്തുക, വിശപ്പുള്ളവരെ തൃപ്തിപ്പെടുത്തുക, സമ്പന്നരെ ശൂന്യമാക്കുക എന്നീ പരിവർത്തനങ്ങൾ മശിഹായുടെ ആഗമനത്തോടുകൂടി സാധിക്കേണ്ടതാണ്. ലൂക്കൊ. ൩. ൫—൬ നോക്കുക.

മാനസ. (തി.) ലൂക്കൊ. ൧. ൫—൭൩. അത്യുന്നതന്റെ പ്രവാചകൻ യോഹന്നാൻ സ്നാപകന്റെ ഭാവിപ്രവർത്തനങ്ങളെപ്പറ്റി സെഖര്യാവു ദീർഘദർശനം ചെയ്യുന്നു (൬൭, ൬൯). യോഹന്നാൻ മശിഹായുടെ പ്രവർത്തനങ്ങൾക്കായി വഴി ഒരുക്കേണ്ട പ്രാരംഭപ്രവർത്തകനാണ്. അവന്റെ മുമ്പതല മശിഹാ മുഖാന്തരമുള്ള പാപമോചനത്തേയും രക്ഷയേയും പറ്റി ജനങ്ങൾക്കു അറിവു നല്കുകയെന്നുള്ളതാണ്. അവൻ അതിൽ എത്രമാത്രം വിശ്വസ്തനായിരുന്നുവെന്നു തുടർന്നുള്ള ഭാഗങ്ങളിൽനിന്നു നാം ഗ്രഹിക്കുന്നു (ലൂക്കൊ. ൩. ൧—൨൦). നമ്മുടെ ജീവിതരംഗങ്ങളിൽ യേശുവിന്റെ ആഗമനം ഉണ്ടാകേണ്ടതിനായി യോഹന്നാനെപ്പോലെ നാം പ്രവർത്തിക്കുന്നുണ്ടോ?

മാനസ. (ചൊ.) ലൂക്കൊ. ൨. ൧—൨൦. രക്ഷിതാവിന്റെ ജനനം, ജീവിതങ്ങളിൽ നിസ്സീമമായ പരിവർത്തനം വരുത്താൻ ശക്തനായ മശിഹായുടെ ജനനം ഭൂമിശാസ്ത്രപരമായും ചരിത്രപരമായും ലോകത്തിന്റെ മദ്ധ്യസ്ഥാനത്തു സംഭവിച്ചു. തന്റെ മാതാപിതാക്കൾ ആത്മാവിൽ ഏറ്റവും വരായ സ്ത്രീപുരുഷന്മാർ ജനനസ്ഥലം ഒരു ഗോശാല ജനനവാർത്ത ഒന്നാമതായി അറിഞ്ഞതു സാധുക്കളായ ആട്ടിടയന്മാർ, ജനബാഹുല്യമായ സത്രത്തിൽ ലോകരക്ഷിതാവിനു സ്ഥാനം ലഭിച്ചില്ല. ഹേരോദാവിന്റെ ആഡംബരപൂർണ്ണമായ കൊട്ടാരം തന്നിക്കു യോജിച്ചതല്ല. കാരണം, ആ സ്ഥാനങ്ങൾ രക്ഷിതാവിനെ സ്വീകരിപ്പാൻ തക്കവണ്ണം സജ്ജീകൃതങ്ങളല്ലായിരുന്നു. എന്റെ ഭവനത്തിലും ജോലിസ്ഥലത്തും കർത്താവിനു പ്രവേശിക്കുവാൻ സാദ്ധ്യമാകുമോ? ഞാൻ അതിനായിട്ടു ഒരുക്കം ചെയ്യുന്നുണ്ടോ? എന്റെ ഹൃദയം കർത്താവിന്റെ വാസസ്ഥാനമാകുന്നുവോ? ആത്മികമായി എന്റെ സ്ഥാനം അവൻ അന്വേഷിക്കുന്നു.

മാനസ. (ബു.) മൂക്കൊ. ൨. ൨൫—൩൨. കർത്തൃദർശനം. പതിവുപോലെ ദേവാലയത്തിൽപോയ രണ്ടുപേർക്കു അന്നു കർത്താവിന്റെ മുഖദർശനം ലഭിച്ചു. ശിമെയോനും ഹന്നായും ആ ദർശനത്തിനുവേണ്ടി പ്രാർത്ഥനയോടും ഭക്തിനിർഭരയോടുംകൂടെ ദീർഘനാൾ കാത്തിരുന്നവരാണ്. അവരുടേതു പോലുള്ള ജാഗരണവും നിർമ്മലതയും വ്രതവും സഫലമാകാതിരിക്കയില്ല. അന്നത്തെ സംഭവം എത്രമാത്രം ഹൃദ്യമായിരുന്നു! ഒരു സാധുകുടുംബം തങ്ങളുടെ ശിശുവിനേയും എടുത്തുകൊണ്ടുപോയി ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ലോകത്തിന്റെ പ്രത്യാശയായ ആ ശിശു ദിവ്യപ്രേരണ ലഭിച്ച വൃദ്ധഭക്തന്റെ കരങ്ങളിൽ വഹിക്കപ്പെടുന്നു. നിന്റെ എല്ലാ ജീവിതരംഗങ്ങളിലും യേശുവിനെ വഹിക്കുന്നുണ്ടോ? നിനക്കു കർത്തൃദർശനം ലഭിച്ചിട്ടുണ്ടോ?

മാനസ. (വ്യാ.) മൂക്കൊ. ൨. ൩൯—൪൨. കുമാരനായ യേശു. യേശുവിന്റെ കൌമാരപ്രായത്തിൽ നടന്നതായി രേഖപ്പെടുത്തിയിരിക്കുന്ന ഏക സംഭവമാണിതു. സ്വർഗ്ഗീയപിതാവിനോടുള്ള ബന്ധത്തിൽ താൻ തന്റെ ഭൌമികമാതാപിതാക്കളെക്കാൾ അതീതനായിരുന്നു എന്നു തനിക്കറിയാമായിരുന്നു. എങ്കിലും താൻ നസറേത്തിൽ അവർക്കു കീഴടങ്ങിയിരുന്നു (൫൧ വാ) തന്റെ പിതാവു നല്കിയസാഹചര്യങ്ങളുടെ മുഴുവൻ പരിമിതികളെയും താൻ സസന്തോഷം വഹിച്ചു. തന്റെ ഭവനത്തോടും മാതാവിനോടുമുള്ള ബന്ധം അവൻ മൃത്യുമരണംവരെ വിലയേറിയതായി കരുതി (യോഹ. ൧൯. ൨൬—൨൭). ദൈവം നല്കുന്ന സാഹചര്യങ്ങളെ ഇഷ്ടപ്പെടുവാൻ നാം പഠിച്ചിട്ടുണ്ടോ?

മാനസ. (വെ.) സങ്കീ. ൧൧൭. ൧—൨൰. അധികർത്താവായ ദൈവത്തിനു

സ്തുതി. ഭൌതികവും ധാർമ്മികവുമായ പ്രവർത്തനങ്ങളിൽ ദൈവത്തിന്റെ അധീശാധീകാരത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവനെ സ്തോത്രം ചെയ്യാൻ സങ്കീർത്തനക്കാരൻ ആവശ്യപ്പെടുന്നു. പ്രപഞ്ചത്തിന്റെ ഭൌതികവ്യാപാരങ്ങളിലേയുള്ള ദൈവത്തിന്റെ കർതൃത്വം മനോഹരമായി വർണ്ണിച്ചിരിക്കുന്നു (൧, ൪, ൫, ൭, ൯, ൧൪—൧൭ വാ). ധാർമ്മികപ്രവർത്തനങ്ങളിലുള്ള ദൈവത്തിന്റെ നിയന്ത്രണവും വിവരിക്കുന്നു (൩, ൬, ൮, ൧൨, ൧൫, ൧൯, ൨൦ വാ). ഈ ദൈവം യിസ്രായേലിനു പ്രത്യേക സന്ദേശവും നിയോഗവും നല്കുന്നു (൨, ൧൧, ൧൩, ൧൪, ൧൯, ൨൦ വാ). അത്ഭുതപ്രഭാവനായ ദൈവം നമുക്കു പ്രത്യേകമായി തരുന്ന ഏതിനെ നാം ശ്രവിക്കുന്നുണ്ടോ?

൧൯൭-. (൬.) സങ്കീ. ൧൪൭. ൧—൧൧. സർവ്വചരാചരങ്ങളുടെയും സ്തുതി. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും ദൈവത്തെ സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന്നതിനു രണ്ടു കാരണങ്ങൾ സങ്കീർത്തനക്കാരൻ പ്രസ്താവിക്കുന്നു. ഒന്നാമതു, ദൈവത്തിന്റെ നാമം മാഹാത്മ്യമേറിയതാണു (൧൩ വാ). രണ്ടാമതു, അവൻ യിസ്രായേലിനെ സ്ഥാനപ്പെടുത്തിയിരിക്കുന്നു (൧൪ വാ). യിസ്രായേലിനു ലഭിച്ച കൃപകൾ സർവ്വഭൂമിയുടെയും സ്തുതിക്കു കാരണമായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ, യിസ്രായേൽ മുഖാന്തരം സർവ്വഭൂമിക്കും പ്രകാശം ലഭിയ്ക്കേണ്ടതാണു. പുതിയ യിസ്രായേലാകുന്ന ക്രിസ്തീയസഭ സർവ്വലോകത്തിനും പ്രകാശമായി ശോഭിച്ചു സർവ്വചരാചരങ്ങളും തന്മൂലം ദൈവത്തെ സ്തുതിപ്പാൻ ഇടയാകേണ്ടതിനു വേണ്ടി പ്രാർത്ഥിക്കാം.

൧൫൦-. (ഞാ.) സങ്കീ. ൧൫൦. ൧—൬. സഭയുടെ സ്തുതി. ഈ സങ്കീർത്തനത്തിന്റെ ആമുഖഭാഗത്തു യിസ്രായേലിനെ വീണ്ടെടുത്തതിനായി സ്തോത്രം ചെയ്യുന്നു (൧—൫ വാ). 'ഭക്തന്മാരുടെ സഭ,' 'സീയോന്റെ മക്കൾ', 'യഹോവയുടെ ജനം', 'ഭക്തന്മാർ' എന്നീ പദങ്ങളെല്ലാം യിസ്രായേൽ സഭയെ കുറിയ്ക്കുന്നു. രണ്ടാമത്തെ ഭാഗത്തു സഭയ്ക്കു ശത്രുവിനേലുള്ള ജയം സുനിശ്ചിതമാണെന്നു സ്ഥാപിക്കുന്നു (൬—൯ വാ). ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഈ സങ്കീർത്തനം സമ്പൂർണ്ണമായും അനവദ്യമാണു. സഭയുടെയും ഓരോ അംഗത്തിന്റെയും വീണ്ടെടുപ്പു, ശത്രുവായ സാത്താന്റെ മേലുള്ള സമ്പൂർണ്ണജയത്തോടുകൂടെ പൂർത്തിയാകുന്നു. യേശുക്രിസ്തുവിന്റെ കൃപയാൽ അതു സാദ്ധ്യമാകും.

൧൫൬-. (തി.) സങ്കീ. ൧൫൬. ൧—൬. സ്തോത്രോക്തി. സങ്കീർത്തനസമുച്ചയത്തിനു സമുചിതമായ ഒരു പര്യവസാനം നാം ഇവിടെ കാണുന്നു. ഭക്തനായ ഏഴാമുകാരൻ സർവ്വസൃഷ്ടിയേയും ഈ സ്തോത്രോക്തിയിൽ പങ്കെടുപ്പാൻ ക്ഷണിക്കുന്നു (൧ വാ). വിവിധസ്ഥാനങ്ങളിൽ നിന്നു ദൈവത്തെ സ്തുതിപ്പാൻ ആവശ്യപ്പെടുന്നു (൨ വാ). അവന്റെ അത്ഭുതപ്രഭാവത്തെ സ്മരിക്കുന്നു (൨ വാ). വിവിധതരത്തിലുള്ള സംഗീതോപകരണങ്ങളോടുകൂടെ ആഹ്ലാദപൂർവ്വം സ്തുതിപ്പാൻ താൻ ആവശ്യപ്പെടുന്നു (൩—൫ വാ). ഇന്നു അവസാനിയ്ക്കുന്ന വത്സരത്തെ പിന്തിരിഞ്ഞു നോക്കി ഇപ്രകാരം സ്തോത്രം ചെയ്വാൻ നമുക്കു സാധിക്കുമോ? സ്നേഹവാനായി ദൈവത്തിന്റെ കൃപകളെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടും അവന്റെ പരിപാലനത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ടും പുതുവർഷത്തെ നമുക്കു അഭിമുഖീകരിക്കാം.

E. J. CHACKO

---

# സ്ത്രീജന സഖ്യകൌൺസിൽ

1957 ജനുവരിമാസം 11-ാം തീയതി വെള്ളിയാഴ്ച വൈകിട്ടു മുതൽ 12-ാം തീയതി ശനിയാഴ്ച ഉച്ചവരെയുള്ള സമയത്തിനിടയിൽ തന്നാണ്ടത്തെ മഹായിടവക സ്ത്രീജനസഖ്യകൌൺസിൽ സെൻറ് മേരീസ്കോസിൽവെച്ചു നടത്തുന്നതാണ്. 11-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞു നടക്കുന്ന സെൻറ്മേരീസ്കോസ് ചാപ്പൽ പ്രതിഷ്ഠാനന്തരം തുടർന്നുതന്നെ കൌൺസിൽ പരിപാടികളും ആരംഭിക്കും.

എല്ലാ ഇടവകകളിൽനിന്നുള്ള പ്രതിനിധികളും ഇതിൽ വന്നു സംബന്ധിക്കുന്നതിനു താല്പര്യപ്പെടണമെന്നു ഇപ്പോഴേ ഓർപ്പിച്ചുകൊള്ളുന്നു.

S. T.

# THE FAMILY FRIEND

## കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 12 ഡിസംബർ 1956


## ആശ്രമ ഫെല്ലോഷിപ്പ് അസോഷ്യറ്റ്സ്

1941-ൽ ആയിരുന്ന നമ്മുടെ മഹാഇടവകയിൽ 5 പേരെ ആശ്രമ ഫെലോഷിപ്പ് സിസ്റ്റേഴ്സായി അംഗീകരിച്ചതു്. അവരെ പ്രവേശിപ്പിക്കുന്ന ശുശ്രൂക്ഷസമയത്തു അന്നത്തെ ഡയോസിസൻ ബിഷപ്പായിരുന്ന കോർഹിൽഡ്തിരുമേനി, തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചതു ഞാഴെ പറയുന്നപ്രകാരം ആയിരുന്നു. "ആശ്രമഫെല്ലോഷിപ്പ് സിസ്റ്റേർസായി എല്ലാവർക്കും വിളി ഉണ്ടായിട്ടില്ലല്ലോ. എന്നാൽ സാധാരണ കുടുംബസ്ഥരായവർക്കും അസോഷ്യറ്റ്സ് ആകാവുന്നതാണ്. ഒരോ സിസ്റ്ററിനും പിന്തുണയായി നൂറു അസോഷ്യറ്റ്സ്വീതം ഉണ്ടായാൽ ഏതു നല്ലതാകും. പ്രാർത്ഥനയാലും, സഹതാപത്താലും, ധനസഹായത്താലും സിസ്റ്റേർസിനെ സഹായിച്ചാൽ ഏതു അനുഗ്രഹമാകും." അതിന്റെ ഫലമായിട്ടാണെ നമ്മുടെ മഹാഇടവകയിൽ ഇടം പ്രഥമമായി അസോഷ്യറ്റ്സ് എന്നൊരു സംഘടനയുണ്ടായതു്. അന്നുമുതൽ ഇന്നുവരെ 423 പേർ അംഗങ്ങളായിട്ടുണ്ട്. ഇതിൽ ചിലർ തിരുവിതാംകൂർ കൊച്ചിമഹാഇടവക ആയിരുന്നപ്പോൾ തൃശ്ശൂർ ആശ്രമശാഖയോടു ചേർന്ന അസോഷ്യറ്റ്സ് ആയിരുന്നു. എന്നാൽ വടക്കൻകേരളമഹാഇടവകയുടെ ഉൽഘടനംമുതൽ അവർ വേറെ ഒരു സംഘടന ആയി. ഈ അസോഷ്യറ്റ്സ് അംഗങ്ങൾ പ്രാർത്ഥന, വേദാദ്ധ്യയനം, സേവനം, സുവിശേഷീകരണം, ദശാംശവഴിപാടുഅപ്പണം ഇവയെ സംബന്ധിച്ചു വാർഷങ്ങൾ ചെയ്യുണ്ട അംഗത്വകാർഡ് സ്വീകരിക്കുന്നതുണ്ട്. ഓരോ മെമ്പറും തങ്ങളുടെ ഒരു മാസത്തെ ദശാംശം ഈ ഫണ്ടിലേക്കു കൊടുക്കുമെന്നു വാഗ്ദത്തം ചെയ്യുന്നുണ്ട്.

ഈ അസോഷ്യറ്റ്സിനായി ആണ്ടിൽ ഒരു ധ്യാനയോഗം നടത്തുന്നുണ്ട്. ഈ വക്കുത്തെ യോഗം നവം. 10—12 വരെ ബേക്കർസ്കൂൾ ബംഗ്ലാവിൽവച്ചു നടത്തപ്പെട്ടു. വെല്ലൂർ മെഡിക്കൽകോളജിൽനിന്നു മിസ്സസ് പാരറർസൻ വന്നു മൂന്നു പ്രസംഗങ്ങൾ പറഞ്ഞു സഹായിച്ചു. ഖിഷോപ്പുതിരുമേനി 10 പുതിയ അംഗങ്ങളെ സ്വീകരിച്ചു ഒരു പ്രവേശനശുശ്രൂക്ഷ നടത്തുകയും പ്രസംഗം പറകയും ചെയ്തു. മദ്ധ്യസ്ഥപ്രാർത്ഥനയിൽ മിസ്സസ് ജേക്കബും, മറ്റു പ്രസംഗങ്ങളിൽ സിസ്റ്റർ ഈഡിത്തു്, സിസ്റ്റർ സാറാമ്മ തോമ്മസ്, മിസ്സ് ഡാൽറൊൻ ഇവരും സഹായിച്ചു.

ആണ്ടുതോറും പിരിയുന്ന പണപിരിവീതികൾ, പഠനയോഗം നിശ്ചയിക്കുക, റിപ്പോർട്ടുകൾ സ്വീകരിക്കുക ഇവയെല്ലാം കോൺഫ്രൻസ് സമയങ്ങളിൽ ആകുന്നു ചുരുക്കിചെയ്യുന്നതും രീതിമാറ്റിക്കുന്നതും. ഈ വക്കം 1250 രൂപ പല വേലകൾക്കു സംഭാവനചെയ്വാൻ സാധിച്ചു. ആശ്രമ ഫെലോഷിപ്പ് വിദ്യാർത്ഥിപരിശീലനത്തിനു 200 രൂ., പാറ്റപാറ പറകൾ സ്ത്രീപ്രവർത്തനത്തിനു 200 രൂ., സെൻറു മോണിക്കസ് ചാപ്പൽ പരിശീലനം 250 രൂ., സമാധാനമന്ദിരം (Home of Peace) 100 രൂ., പറകുൽ ചികിത്സാമന്ദിരത്തിനു 500 രൂ. ഇങ്ങനെ അസോഷ്യറ്റ്സ് ഒരു മിഷ്യനറിസമൂഹമായും വേല ചെയ്യുന്നതു വളരെ സന്തോഷകരം ആയ സംഗതി തന്നെ.

ഈ സംഘടന സജീവമായ ഒരു കൂട്ടായ്മ ആകുന്നു. സാക്ഷിയോഗവും, പ്രാർത്ഥനകൂട്ടവും സന്തോഷ അവസരങ്ങൾ ആകുന്നു. മനസ്സാന്തരപ്പെട്ടു, കർത്താവിനെ സേവിപ്പാൻ ആഗ്രഹിക്കുന്ന ഒരു കൂട്ടം ആകയാൽ അതിന്റെ ശക്തി ഉണ്ടു്.

---

## കുറിപ്പുകൾ

അടുത്ത വക്കം പഠിക്കാൻ നിശ്ചയിച്ചിരിക്കുന്ന വേദഭാഗം ആവർത്തനപുസ്തകം ആകുന്നു.

പണസംബന്ധമായ ഞെരുക്കത്തിൽ ധ്യാനയോഗത്തിനു വന്നുചേരുവാൻ സാധിക്കാത്തവരെ ഉദ്ദേശിച്ചു ഒരു Retreat Fund ഉണ്ടാക്കണമെന്നു ആഗ്രഹിക്കുന്നു. സന്മനസ്സുള്ള അംഗങ്ങൾ ഈ ഫണ്ടിലേക്കു സംഭാവന ചെയ്യുവാൻ ഉപകാരം.

---

അസോഷ്യേഷൻ ഫണ്ടിൽനിന്നും, ബഥേലിൽ പരിശീലനംകഴിഞ്ഞ 6 പേരും ഇന്നും, ആശ്രമങ്ങളിലും, സഭകളിലും, സിസ്റ്റേർസായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവരുടെപേക്ക ചെലവഴിച്ച പണം ഒരുവിധത്തിലും നഷ്ടമായിട്ടില്ല.

---

## ബഥേൽ ദിനം

കുട്ടികളുടെ ബഥേൽദിനം ഡിസം. 8നു- ശനിയാഴ്ച ഉച്ചകഴിഞ്ഞു 2. 30-മുതൽ 4. 30 വരെ നടത്തപ്പെടുന്നതാകുന്നു. പാട്ടു, കളി, വാക്യമത്സരം, പ്രസംഗം, 1 അണയ്ക്കു ലഘുഭക്ഷണവിതരണം, സ്നേഹവഴിപാടു ഇവയെല്ലാം ഉണ്ടായിരിക്കും എന്നു ഓർപ്പിക്കുന്നു. തിരുവല്ലാ, മല്ലപ്പള്ളി, മാവേലിക്കര ഈ കൌൺസിലുകളിൽനിന്നു കുട്ടികൾ വന്നുചേരുമെന്നു ആശിക്കുന്നു. എന്നാൽ 15നുള്ള ബഥേൽദിനത്തിനു കുട്ടികൾ ആരും വരരുതേ!

---

ബഥേൽദിനം ഡിസം. 15നു- രാവിലെ 8. 30 മുതൽ 1 മണിവരെയുള്ള സമയത്തു നടത്തപ്പെടുന്നതാകുന്നു. കാര്യപരിപാടി താഴെ കാണിക്കുന്ന വിധത്തിലായിരിക്കും.

8. 30 A. M. സ്നേഹശുശ്രൂക്ഷ, ദർശനാലയം.
9. 30 ,, വിളമ്പു. (മിസ്സിസ്സ് കേർക്കോ) ആഡിറ്റോറിയം സ്മാരകഹാൾ.
10. 30 ,, കുട്ടികളുടെ പാട്ടു, (ലഘുഭക്ഷണം)
10. 45 മു. 1 വരെ പൊതുയോഗം, കളി, പ്രസംഗം etc. പന്തൽ
അദ്ധ്യക്ഷൻ (Rt. Rev. Dr. C. K. Jacob)
1. P. M. ഉച്ചഭക്ഷണം.

പതിവുപോലെ 6 ണ. ടിക്കറിനു ഉച്ചഭക്ഷണം അകലെനിന്നു വരുന്നവർക്കു കൊടുക്കപ്പെടുന്നതാകുന്നു.

അന്നത്തെ സ്നേഹശുശ്രൂക്ഷയിൽ, ഓരോ സഭയിൽനിന്നും കൊണ്ടുവരുന്ന വഴിപാടു അർപ്പിക്കുവാനുണ്ടാകുന്നു. വഴിപാടുകൾ ലിസ്റ്റ് സഹിതം കുട്ടിൽ ഇട്ടു അടച്ചു വഴിപാടു പാത്രത്തിൽ അർപ്പിക്കേണ്ടതാകുന്നു.

എല്ലാ സഭകളിലും സ്ത്രീകൂട്ടങ്ങളിലും ഇതിനുവേണ്ടിയുള്ള ഒരുക്കങ്ങളും വഴിപാടുശേഖരങ്ങളും നടത്തുമല്ലോ. ബുദ്ധിമുട്ടുകയും പ്രയാസപ്പെടുകയും ചെയ്യുന്ന എല്ലാവരേയും പ്രാർത്ഥനയിൽ താങ്ങുന്നു.

---

## St. Monicas
## ചാപ്പൽ

വി. മോനിക്കാമന്ദിരത്തിന്റെ വകയായിട്ടു ഒരു ചാപ്പൽ പണിയുന്നു എന്നു എല്ലാവരും കേട്ടു കാണുമല്ലോ. എന്നാൽ ചാപ്പൽപണി മിക്കവാറും പൂർത്തിയായി. ചാപ്പലിന്റെ പ്രതിഷ്ഠ ദൈവഹിതമായാൽ 1957 ജനുവരി 11-ാം തീയതി മുന്നുമണിക്കു നമ്മുടെ ബിഷോപ്പു തിരുമേനിയാൽ നടത്തപ്പെടണമെന്നു ആഗ്രഹിക്കുന്നു.

ഇതിനെ തുടർന്നതന്നെ 11, 12 എന്നീ തീയതികളിൽ മാതൃസംഘം സ്ത്രീജനസഖ്യം കൌൺസിൽക്കുടെ നടത്തുന്നതാകുന്നു. ഈ ആണ്ടിൽ മുക്കിനോന്ത്യാസനോ സ്ത്രീജനസെക്രട്ടറി സിസ്റ്റർ ഖിയാറ്റീസ് മാനിയേൽ ഇതിൽ പങ്കെടുക്കുന്നതാകുന്നു.

ചാപ്പലിനുവേണ്ടിയുള്ള അഭ്യർത്ഥനകൾ അയയ്ക്കുവാൻ തുടങ്ങിയിട്ടു ഇപ്പോൾ രണ്ടു വർഷം കഴിഞ്ഞു. ദൈവവേലയെ നിരസിക്കാതെ അതേപ്പറ്റി ഓർക്കുകയും പ്രാർത്ഥിക്കയും സഹായിക്കയും ചെയ്തിട്ടുള്ള എല്ലാവരോടും ഞങ്ങൾ വളരെ നന്ദിയുള്ളവരായിരിക്കുന്നു.

ചാപ്പലിന്റെ അടങ്കൽ തുക 12,665 രൂ. ആകുന്നു. ബിഷോപ്പു തിരുമേനിയുടെയും മറ്റു സഭാ അധികാരികളുടെയും അനുമതിയോടുകൂടെ അതേ ഈ തുക സ്വീകരിച്ചിട്ടുള്ളൂ. ഞങ്ങൾ കരുതുന്ന ഇന്നു ദിവസത്തെ തുക 7,235 രൂ. 11 ണ. 3 പൈ. ആകുന്നു. 1957 ജനുവരി മാസം 11-ാം തീയതി ആകുമ്പോൾ കടം കൂടാതെ പ്രതിഷ്ഠ നടത്തുന്നതിനാഗ്രഹിക്കുന്നു.

മാതൃസംഘത്തിന്റെയും സ്ത്രീജനസഖ്യത്തിന്റെയും ശാഖകൾ ഇന്നുവരെയും തന്നിട്ടില്ലാത്തവർ ആണ്ടവസാനിക്കുന്നതിനു മുമ്പു തരും എന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. വങ്കിപ്പെട്ടികൾ തുറക്കുന്ന സമയത്തുതന്നെ ആകുന്നല്ലൊ. അപ്പോൾ സെന്റ് മേനിക്കാസിനെ മറക്കരുതേ!

ഈ ചാപ്പൽ, ഇവിടെ പണി കഴിപ്പിച്ചിട്ടുള്ള ആസ്പത്രിയിൽ വരുന്ന രോഗികളുടെ പ്രയോജനത്തിനുംകൂടെ ആകുന്നു. ആയതിനാൽ മാതൃസംഘവും സ്ത്രീജന സഖ്യവും മാത്രമല്ല ഇതിനെ വായിക്കുന്ന എല്ലാ പുരുഷന്മാരുംകൂടെ ഇതിൽ ശ്രദ്ധ വതിച്ചു ഇതിനെ സഹായിക്കുമല്ലൊ.

"സകലവും നിങ്കൽനിന്നല്ലൊ വരുന്നതു, നിന്റെ കയ്യിൽനിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളൂ" (1 ദിന. 29. 14).

ALEY THOMAS & E. M. DALTON.

---

# "ഇതു് എന്തൊരു രാത്രിയാണ്!!"

അതേ! ആ കുറാക്കുറിലുള്ളതു് ഒരു നിസ്സഹായനായ മനുഷ്യൻ സ്വഭാര്യയുടെ പ്രസവാനന്തരം അവൾക്കു കൂട്ടു പിടിക്കുവാൻ അല്പം തീയ്യുവേണ്ടി അലഞ്ഞു പുറപ്പെട്ടു. സമയം അർദ്ധരാത്രിയോടു അടുത്തിരുന്നതിനാൽ അന്തരീക്ഷം മുഴുവൻ ആ ഇരുമിൽകരിമ്പടത്തിനാൽ മറഞ്ഞു മൂകമായി കിടന്നു. ഏവിടെനിന്നും അവനു സഹായത്തിന്റെ മാറ്റൊലികൾ ലഭിച്ചില്ല. എന്നാലും അവൻ പിന്മാറാതെ ആശയോടെ മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നു. ഒടുവിൽ ദൂരെ ഒരു വെളിമ്പ്രദേശത്തു അല്പം പ്രകാശം കണ്ടിട്ടു് താൻ അങ്ങോട്ടു ലക്ഷ്യമായി നടന്നു. അവിടെ എത്തിയപ്പോൾ ഒരു ആട്ടിടയൻ വെള്ളനിറമുള്ള ഒരു വലിയ കൂട്ടം ആടുകളെയും കാവൽ കാത്തു അവയുടെ സമീപെ കിടന്നുറങ്ങുന്നതായിട്ടാണ കണ്ടതു. ആട്ടിടയന്റെ കാൽപാദത്തിങ്കൽ മൂന്നു തീയ്യുകരപട്ടികൾ കിടക്കുന്നതായും കണ്ടു. താൻ അവരെയടുത്തു സമീപിച്ചപ്പോൾ പട്ടികൾ ഉണർന്നു് കുരയ്ക്കുവാൻ ഭാവിച്ചു. എന്നാൽ അവയുടെ വായ് പിളർന്നതല്ലാതെ യാതൊരു ശബ്ദവും വെളിയിലേക്കു വന്നില്ല. ക്രമേണ അവ അവന്റെ നേരെ ചാടി വീണെങ്കിലും കടിച്ചു എങ്കിലും വല്ലതും അവനോടു ദേഷ്യത്തു പതിയുകയോ മുറിവു ഏല്പിക്കുകയോ ചെയ്തില്ല.

തീ എടുക്കുവാൻ കടന്നുചെല്ലുവാൻ സാധിക്കാത്തവിധം ആട്ടിൻകൂട്ടങ്ങൾ അടുത്തടുത്തു കിടന്നിരുന്നു എങ്കിലും താൻ അവയെ മറികടന്നു തീയുടെ സമീപം ചെന്നു. അവയാകട്ടെ അനങ്ങുകപോലും ചെയ്തില്ല. എന്നാൽ ആ വൃദ്ധ ഇടയൻ ഉണർന്നു. കാഴ്ചയിൽപോലും അവനെ ഒരു കഠിന മനുഷ്യനായിട്ടു തോന്നുമായിരുന്നു. ഒരു അന്യൻ തന്റെ ആടുകളോടു സമീപിച്ചതിൽ ക്രുദ്ധനായി അമ്പുപോലെ മൂർച്ചയുള്ള ഒരു കമ്പു എടുത്തു ആ സാധുമനുഷ്യന്റെനേരെ ലക്ഷ്യമാക്കി എറിഞ്ഞു. തന്റെ ലക്ഷ്യം ശരിയായിരുന്നെങ്കിലും ആ കമ്പു മനുഷ്യനോടു സമീപിച്ചപ്പോൾ മാറിഒഴിഞ്ഞു അവനെ സ്പർശിക്കുപോലും ചെയ്യാതെ കടന്നുപോയി. ഇതൊന്നും കൂട്ടാക്കാതെ അവൻ ഇടയനോടു "പ്രിയ സ്നേഹിതാ, എനിക്കു കുറച്ചു തീ അത്യാവശ്യമുണ്ടു്. എന്റെ ഭാര്യ ഈ രാത്രിയിൽ പ്രസവിച്ചു. അവൾക്കു കൂട്ടു പിടിക്കുവാൻ അത്യാവശ്യമായിരിക്കുന്നു" എന്നു പറഞ്ഞു. "ഇല്ല, തരികയില്ല" എന്നു പറയുവാൻ ഭാവിച്ച ഇടയൻ അല്പനേരം ചിന്താമഗ്നനായിരുന്നു." പട്ടി കുരയ്ക്കുവാൻ വായ് തുറന്നെങ്കിലും ശബ്ദം കേൾക്കാതിരുന്നതും, കടിച്ചിട്ടും മുറിവു ഏല്പിക്കാതിരുന്നതും, ലക്ഷ്യം തെറ്റാതെ എറിഞ്ഞ വടി സ്പർശിക്കുപോലും ചെയ്യാതെ മാറി കടന്നുപോയതും എല്ലാംകൂടെ ഒരു അതിശയം തന്നിൽ ഉളവാകിയതിനാൽ അയാളുടെ അപേക്ഷ നിരസിക്കുന്നതിൽ അല്പം ഭയത്തോടു ആവശ്യത്തിനു തീ എടുക്കാം എന്നു സമ്മതിച്ചു. വിറകു എല്ലാം എരിഞ്ഞു തീനാളം തീക്കനൽ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. തീ കൊണ്ടുപോകാൻ യാതൊരു പാത്രവും താൻ കൊണ്ടുവന്നിട്ടുമില്ലായിരുന്നു. എന്നാൽ ആ തീക്കനൽ കൈകൊണ്ടുതന്നെ എടുത്തു മധുരസ്വപ്നങ്ങൾ എന്നപോലെ നിഭ്യമായി മടിയിൽ വെച്ചുകൊണ്ടു പോയി. ഇതുംകൂടെ കണ്ടപ്പോൾ ആട്ടിടയൻ അതിശയിച്ചു.

"ഇതെന്തൊരു രാത്രിയാണ്! പട്ടികൾ കുരയ്ക്കുന്നില്ല. ആട്ടുകൾ ഭയപ്പെടുന്നില്ല, മൃഗയുള്ള കന്നുകൾ മുറിപ്പെടുത്തുന്നില്ല, തീയ് ജ്വലിപ്പിക്കുന്നുമില്ല" ഇതിന്റെ രഹസ്യം എന്തായിരിക്കും എന്നു ചിന്തിക്കാൻ തുടങ്ങി. ആ മനുഷ്യനോടു ഒന്നു ചോദിക്കേതന്നെയെന്നു തീരുമാനിച്ച് അവനെ പുറകോട്ടു വിളിച്ചിട്ട് ഈ രാത്രിയിൽ എല്ലായിടത്തും സ്നേഹവും ഭയവും കാണുന്നതിന്റെ രഹസ്യം എന്താണെന്നു ചോദിച്ചു. ഈ രാത്രിയുടെ രഹസ്യം നിനക്കുതന്നെ മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിൽ വേണ്ട എന്നു പറഞ്ഞിട്ടു താൻ തന്റെ വഴിക്കുപോയി. തീ കത്തിച്ചു തന്റെ ഭയത്തെ ചൂട്ടു പിടിക്കാൻ തുടങ്ങി. ഏതായാലും ഈ മനുഷ്യനെ പിന്തുടർന്നു പോകട്ടെ എന്നു ചിന്തിച്ച് ആട്ടിടയനും പിന്നാലെ ചേർന്നു. അവിടെ എത്തിയപ്പോൾ ഒരു പാറയുടെ ഗുഹയിൽ തണുത്തുവിറച്ചു കിടക്കുന്ന ഒരു നിർമ്മലശിശുവിനെയും അമ്മയെയും കണ്ടു. താൻ ഒരു കഠിന മനുഷ്യൻ ആയിരുന്നെങ്കിലും ഈ കാഴ്ച കണ്ടതു തന്റെ ഹൃദയത്തിനു എന്തെന്നില്ലാത്ത ഒരു വികാരം ഉളവാക്കി. താൻ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം മനസ്സലിവുള്ളവനായിത്തീർന്നു. തന്റെ ഇടയസഞ്ചി താഴത്തു വെച്ചിട്ടു ആ കുഞ്ഞിനെ കിടത്തുവാൻ ഉപയോഗിക്കണമെന്നു പറഞ്ഞു. ആ മനുഷ്യന്റെ കയ്യിലേക്കു കൊടുത്തു. ആ നിമിഷം മുതൽ ഇടയനു മൃഗങ്ങൾ കാണാൻ കഴിയാത്ത സംഗതികൾ കാണാൻ തന്റെ കണ്ണുകളും കേൾപ്പാൻ കഴിയാത്ത സംഗതികൾ കേൾപ്പാൻ തന്റെ ചെവികളും തുറന്നു. തിളങ്ങുന്ന ചിറകുകളോടുകൂടിയ ചെറിയ ദൂതഗണങ്ങൾ ഓരോരുത്തരായി സംഗീതോപകരണങ്ങളുമായി ഉച്ചത്തിൽ പാടുപാടുന്ന ശബ്ദം താൻ കേട്ടു. "ലോകത്തെ പാപത്തിൽനിന്നു വീണ്ടുവിപ്പാനുള്ള രക്ഷിതാവു ഈ രാത്രിയിൽ ജനിച്ചിരിക്കുന്നു" എന്നായിരുന്നു അവരുടെ പാട്ടിന്റെ സാരം. ആ രാത്രിയിൽ എല്ലായിടത്തും സ്നേഹവും ഭയവും കാണപ്പെട്ടതിന്റെ രഹസ്യം അപ്പോൾ ഇടയൻ ഗ്രഹിച്ചു. ആ നിർമ്മല കുഞ്ഞിന്റെ ചുറ്റും നിന്നു പാടിപാടുന്ന ദൈവ ദൂതഗണത്തെ കണ്ടു തന്റെ ഹൃദയം എന്തെന്നില്ലാത്ത സന്തോഷംകൊണ്ടു നിറഞ്ഞു. താൻ മുട്ടുകുത്തികൊണ്ടു "ദൈവമേ നിന്റെ മഹത്വം കാണാനുള്ള കണ്ണുലഭിക്കുന്നതിനേക്കാൾ ആകർഷിക്കത്തക്കതായി മറ്റ് ഒന്നുംതന്നെ ഇല്ല" എന്നു പറഞ്ഞു ദൈവത്തിനു സ്തോത്രം ചെയ്തു.

S. T.

---

# സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 12 ഡിസംബർ 1956

## എന്റെ പക്കൽ സന്ദർശനം

BROTHER AUGUSTINE PETER

"എൻ മനമേ യഹോവയെ വാഴ്ത്തുക.....അവന്റെ ഉപകാരങ്ങളൊന്നും മറക്കരുതു."

തിരുവിതാംകൂറിൽ സുവിശേഷപ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോൾ പക്കൽമിഷ്യനെപ്പറ്റി വളരെയധികം കേട്ടിട്ടുണ്ട്. അതു കാണുവാനും വളരെ ആഗ്രഹിച്ചിട്ടുമുണ്ട്. ദൈവകൃപയാൽ ഈ മാസാരംഭത്തിൽ ഫൈദ്രബാദ് മുതലായ തെലുങ്കുപ്രദേശങ്ങളിൽ സുവിശേഷപ്രസംഗയോഗങ്ങൾ നടത്തി വരുന്നവഴിക്കു പക്കലിൽ നിങ്ങളുടെ മിഷ്യൻവയൽ സന്ദർശിക്കുന്നതിനും പക്കൽ, നടിക്കുട, ദാമരഞ്ചപ്പള്ളി, ചിന്നകൊടിപ്പാക്കം എന്നീ ഗ്രാമങ്ങളിൽ ആത്മിക ഉണർവ്വുയോഗങ്ങൾ നടത്തുന്നതിനും സാധിച്ചു.

പക്കലിൽ അഞ്ചു രാത്രികളിൽ മിഷ്യൻവീടിന്റെ മുറ്റത്തു കൂടിയ യോഗങ്ങളിൽ പ്രസംഗിക്കുകയും രോഗശാന്തികായി പ്രാർത്ഥിക്കുകയും ചെയ്തു. ഒരുദിവസം രാവിലെ പനിപിടിച്ച ഒരു സ്ത്രീയെ ഇവിടെ കൊണ്ടുവന്നു. രാത്രിയോഗത്തിൽ മന്ത്രവാദികളെക്കൊണ്ടു മന്ത്രം ചെയ്യിച്ചുകൊണ്ടിരി

ക്കുകയായിരുന്നെങ്കിലും സൌമ്യം പ്രകടിപ്പിക്കുന്നതുകൊണ്ടു ഇവിടെ കൊണ്ടുവരികയാണു ചെയ്യുന്നു. ഈശുക്രിസ്തുവിന്റെ രക്ഷയെക്കുറിച്ചു അവരോടു സംസാരിച്ചു. അതിന്റെ ശേഷം എണ്ണ പൂശി. റവ. സത്യനാഥൻ അച്ചനും സ്ഥലത്തെ റവ. തോമസ് അച്ചനും ഞാനുംകൂടെ ആ സ്ത്രീയുടെ തലയിൽ കൈ വെച്ചു പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞ ഉടനെ അവൾ സുഖം ഉള്ളവളായി എഴുന്നേറ്റു മറ്റുള്ളവരുടെ സഹായംകൂടാതെ പോകയും രാത്രിയിലത്തെ യോഗത്തിൽ അവൾ വന്നു സാക്ഷി പറയുകയും ചെയ്തു. ഒരു യോഗത്തിൽ കൂടെക്കൂടെ പിശാചു ബാധിക്കുകൊണ്ടിരുന്ന ഒരു സ്ത്രീ പ്രാർത്ഥനയ്ക്കായിട്ടു വന്നു മുട്ടുകുത്തി. അവളുടെ വീട്ടിൽ ഭ്രാന്തുള്ളവനുണ്ടെന്നു അറിഞ്ഞു അവളുടെ വീട്ടിൽ ചെന്നു അവളോടു സംസാരിച്ചു. അവൾ അവളുടെ വീട്ടിലുണ്ടായിരുന്ന വിഗ്രഹങ്ങളെ എല്ലാം എടുത്തുകൊണ്ടു പൊയ്ക്കളയുവാൻ ഞങ്ങളോടു ആവശ്യപ്പെട്ടു. കൊച്ചുകൊച്ചു കലങ്ങളും തകിടുകളും മണിയും മുതലായ പല കൂട്ടങ്ങൾ എല്ലുംകൂടി ഒരുകൊട്ട സംഭാനങ്ങൾ ഉണ്ടായിരുന്നു. ആ സ്ത്രീയുടെ രോഗവും കുഞ്ഞുങ്ങളും ഇപ്പോൾ കർത്താവിൽ സന്തോഷത്തിലിരിക്കയും സ്നാനപ്പെടുവാൻ ഒരുങ്ങുകയും ചെയ്യുന്നു. മറ്റൊരു വീട്ടിൽ പ്രാർത്ഥനയ്ക്കായി വിളിച്ചപ്പോൾ അവിടെ ഒരു ദേവനെ നേർച്ചയായി രണ്ടു ശ്രുപം ഇട്ടിരുന്ന ഒരു കൊച്ചുകലം ഒരു ഉറിയിൽ കെട്ടിത്തൂക്കി ഇട്ടിരുന്നതു അവർ തന്നെ അഴിച്ചെടുത്തു ഞങ്ങളെ ഏല്പിച്ചു. ആ കുടുംബവും സ്നാനപ്പെടുന്നതിനു ഒരുങ്ങുകയാണു. ഇടയോഗങ്ങളിൽ സംബന്ധിപ്പെട്ട അനേകം പേർ തങ്ങളെത്തന്നെ പുതുതായി പ്രതിഷ്ഠിച്ചു. മുഹമ്മദീയരും ഉയർന്ന ജാതിയിലുൾപ്പെട്ട ഹിന്ദുക്കളും ധാരാളം പേർ വന്നു വചനം കേട്ടു. ഞായറാഴ്ചത്തെ ആരാധനയിൽ വെസ്യാ ജാതിയിൽപ്പെട്ട സ്ഥലത്തെ പ്രധാനികളും കുടുംബവും വന്നു സംബന്ധിച്ചിരുന്നു.

പകലിൽ ആരാധനയ്ക്കായി ഇതുവരെയും ഒരു ആലയം ഇല്ലാത്തതിൽ ഞാൻ വളരെ ഖേദിക്കുന്നു. തിരുവിതാംകൂറിൽ മനോഹരമായ പള്ളികളിൽ ആരാധിക്കുന്നവരുടെ വകയാണല്ലൊ ഈ മിഷ്യൻവയൽ. ക്രിസ്തീയ സഭയിൽ ചേർന്നവരുന്ന ഈ പാവപ്പെട്ട ജനങ്ങൾക്കായി ഒരു പള്ളി പണിതുകൊടുക്കേണ്ടതു നിങ്ങളുടെ കടമയാകുന്നു. നിങ്ങളുടെ ഒരു ദിവസത്തെ ക്ഷേണത്തിനു ചെലവാകുന്ന തുകയിൽ ഒരംശം മാറിവച്ചു നിങ്ങളുടെ പക്കൽമിഷ്യനയ്ക്കുമെങ്കിൽ അവിടെ മനോഹരമായ ഒരു പള്ളി പണിയിക്കുന്നതിനു സാധിക്കുന്നതാണ്. ഒട്ടും താമസിയാതെ അതിനുവേണ്ടി നിങ്ങൾ ശ്രമിക്കുമെന്നു കർത്താവിന്റെ നാമത്തിൽ വിനയപൂർവ്വം ഞാൻ അപേക്ഷിക്കുന്നു.

**നടിക്കൂടാ.** പകൽ ഗ്രാമത്തിൽനിന്നു അഞ്ചു മൈൽ അകലെയുള്ള നടിക്കൂടാ എന്ന ഗ്രാമത്തിൽ അച്ചനവർകളോടുകൂടെ പോകയും അവിടെ പ്രാർത്ഥനാക്കൂട്ടത്തിൽ പ്രസംഗിക്കുകയും ചെയ്തു. രാത്രി പതിനൊന്നുമണിയായിട്ടും ഞങ്ങളെ വിട്ടുപിരിയാതെ ജനങ്ങൾ ആഗ്രഹത്തോടുകൂടെ ദൈവവചനം കേട്ടുകൊണ്ടിരുന്നു. അവിടുത്തെ പ്രവർത്തകന്റെ വീട്ടുമുറ്റത്തു തിങ്ങിയിരുന്ന ജനങ്ങൾ കൂടിയതു. തിരുവിതാംകൂറിലുള്ള സണ്ടേസ്കൂൾ കുട്ടികളാണല്ലൊ ഈ ഗ്രാമത്തിലെ പ്രവർത്തനത്തിനു സഹായിച്ചുകൊണ്ടിരിക്കുന്നതു. അവിടെ ഒരു ചാപ്പൽ പണിയേണ്ടതു അത്യാവശ്യമാണ്. സണ്ടേസ്കൂൾ കുട്ടികൾ എല്ലാവരും അതിനുവേണ്ടി പ്രത്യേകം ശ്രമിക്കയും അവിടുത്തെ വേലയ്ക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യണമെന്നപേക്ഷിക്കുന്നു.

**ഭാമരഞ്ചപള്ളി, ചിന്നകൊടിപ്പാക്കാ.** ഓരോ രാത്രിയിൽ ഈ ഗ്രാമങ്ങളിലും യോഗങ്ങൾ നടത്തുന്നതിനു പോയിരുന്നു. വളരെ താല്പര്യത്തോടുകൂടെ ജനങ്ങൾ വന്നു സംബന്ധിച്ചു. ഈ പ്രദേശത്തു ആദ്യമായി പ്രവർത്തനം ആരംഭിച്ച ഒരു ഗ്രാമമാണ് ചിന്നകൊടിപ്പാക്കാ എന്നു ഞാൻ അറിയുന്നു. മാല ജാതിയിൽനിന്നും അനേകം പേർ സ്നാനപ്പെട്ടിട്ടുണ്ടായിരുന്നു എങ്കിലും അവർ ഇപ്പോൾ പുറകോട്ടു പോയിരിക്കുന്നു എന്നു കാണുന്നതിനിടയായി. അവരെ വീണ്ടും തിരിച്ചുകൊണ്ടുവരുന്നതിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു മനസ്സിലായതിൽ സന്തോഷിക്കുന്നു. അവിടെ ഉണ്ടായിരുന്ന പ്രാർത്ഥനാലയം ഇടിഞ്ഞുപൊളിഞ്ഞ സ്ഥിതിയിൽ കിടക്കുന്നതു കണ്ടു ഞാൻ വളരെ സങ്കടപ്പെട്ടുന്നു. അതുകൊണ്ടു രാത്രിയോഗം നടത്തുന്നതു മുറത്തുവച്ചാണ്. പ്രാർത്ഥനാലയം വീണ്ടും ശരിപ്പെടുത്തേണ്ടതു അത്യാവശ്യമായ ഒരു കാര്യമാണ്. അതിനുവേണ്ടി അവർ വളരെ ആഗ്രഹിക്കുന്നതായി അവരുടെ സംസാരത്തിൽനിന്നു ഞാൻ മനസ്സിലാക്കി.

ഓരോ സ്ഥലത്തും നടത്തപ്പെട്ട യോഗങ്ങളിൽ കർത്താവിനുവേണ്ടി തങ്ങളുടെ ഹൃദയങ്ങളെ കൊടുത്തു തങ്ങളെത്തന്നെ സമർപ്പിച്ചവർ അനേകരുണ്ട്. സിസ്റ്റർ മേരി തോമസ്സും മിസ്സ് ആനി തോമസ്സും കർത്താവിന്റെ വേല രീക്ഷ്ണതയോടും ത്യാഗത്തോടും സ്നേഹത്തോടുകൂടെയും ഇടയിൽ ചെയ്തുവരുന്നു. മിസ്സ് ആനി തോമസ് ഒരു പരിചാരികയുടെ ആവശ്യമുണ്ടെന്നു രോഗികൾക്കു മരുന്നു കൊടുക്കുകയും പ്രസവ സമയത്തു സ്ത്രീകളെ ശുശ്രൂഷിക്കുകയും ചെയ്തുപോരുന്നു. വക്കോ അതിനു വേണ്ടുന്ന സാധന സാമഗ്രികളും ഒരു തുകയായി കെട്ടിടവും ഉണ്ടാക്കുന്നതു ആവശ്യമാണ്.

ഞാൻ ഈ വേലയെ കാണുന്നതിനും പ്രവർത്തകരോടു സഹകരിച്ചു ചില ദിവസങ്ങളിൽ പ്രവർത്തിക്കുന്നതിനും ദൈവം എന്നെ സഹായിച്ചു. അതിനുവേണ്ടി കൂടുതൽ പ്രാർത്ഥിപ്പാൻ ദൈവം എന്നെ ഭാരപ്പെടുത്തുന്നു. ഈ മാസി മാസന്മാരുടെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം സമൃദ്ധമായി കൂടുതൽ അനുഗ്രഹിക്കട്ടെ.

"കൊയ്ത്തുണ്ടധികം വേലയുണ്ടേറെ
പോവതിനായിനി യാരുള്ളും.
ചുറ്റുചോര ചിന്നും വീരയോദ്ധാക്കൾ
ക്രിസ്തുവിനായിറങ്ങീടട്ടെ."

എന്നു്

കർത്താവിന്റെ ദാസൻ

അഗസ്റ്റിൻ എൻ. പീറ്റർ.

*C/o The Rev. Doraippa*
*C. S. I.*
*Washermanpett*
*Madras 21.*

കഴിഞ്ഞയാണ്ടുകളിൽ ക്രിസ്തുമസ്സു സമയം കൂട്ടികൾക്കു സമ്മാനദാനങ്ങൾ കൊടുക്കുന്നതിനായി സംഭാവനകൾ അയച്ചുതന്നവർക്കു വീണ്ടും നന്ദി പറഞ്ഞുകൊള്ളുന്നു. ഈ സംവത്സരം നമ്മുടെ മിക്ഷൻവയലിലുള്ള 250-ൽപരം കൂട്ടികൾ ക്രിസ്തുമസ് സമയത്തു ഒരു ദിവസം ഇവിടെ വന്നു സന്തോഷിക്കുന്നതിനായി നോക്കിക്കൊണ്ടിരിക്കയാണു്. അവർക്കു ആ ഒരു ദിവസം സന്തോഷമുള്ള ദിവസം ആക്കിത്തീർക്കുവാൻ വീണ്ടും ചില്ലറവരും മറയായി സഹായിക്കുമെന്നാശിക്കുന്നു. ഈ മാസത്തിൽ ഇവിടെ സംഭാവനകൾ അയച്ചുതന്നവർക്കു നന്ദി പറഞ്ഞുകൊള്ളുന്നു. നിങ്ങൾക്കെല്ലാവർക്കും ഉത്സാഹശാലികരമായ ഒരു ക്രിസ്തുമസ് ആശംസിച്ചുകൊള്ളുന്നു.

ലഭിച്ച സംഭാവനകൾ:— മി. ഇ. വി. ജോർജ്ജ്, ബീഹാർ 5 ക., മിസ്സസ്സ് തങ്കമ്മ എബ്രഹാം, നല്ലാനിക്കുന്നു് 5 ക., പേരറിയിക്കാതെ മദ്രാസ് 36 ക., മിസ്സസ്സ് ഏൽ. എ. വറുഗീസ്, ബോംബെ 12 ക.

എന്നു്

*Parkal*
*(Via) Kazipet C. Ry,*
*16-11-'56.*

റവ. ററി. എം. തോമസ്
മിക്ഷനറി.

---

# വാറ്റ്പാറാ മിഷ്യൻ

പ്രിയരേ,

ഈ കത്തു ലഭിക്കുന്ന അവസരത്തിൽ എല്ലാവരുടെയും ഹൃദയം ക്രിസ്തുമസ്സു ഏതുവിധമാണ് ഒരുങ്ങിയായി ആയ്വോഷിക്കേണ്ടതു എന്നുള്ള ചിന്തകൊണ്ടു നിറഞ്ഞിരിക്കയായിരിക്കുമല്ലൊ. ക്രിസ്തുമസ്സിന്റെ ഉദ്ദേശ്യം എന്തെന്നും, അതു നമ്മുടെ ഭാരതത്തിലുള്ള അനേക കോടി ജനങ്ങളിൽ എത്ര പേർ ഗ്രഹിച്ചിട്ടുണ്ട് എന്നും ഈ സമയത്തു നാം ഒന്നു ഓർക്കുമെങ്കിൽ നന്നായിരുന്നു. ദൈവദൂതൻ "സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു" എന്നതു യേശുരക്ഷിതാവിന്റെ ജനനത്തെ സൂചിപ്പിച്ചു പ്രസ്താവിച്ചതു്. ഹിന്ദിയിൽ "ബഡാദിൻ" എന്നവച്ചാൽ വലിയ ദിവസം, പ്രധാനപ്പെട്ട ദിവസം എന്നതെ ക്രിസ്തുമസ്സിനു കൊടുത്തിരിക്കുന്ന പേരു്. അക്രൈസ്തവർ പോലും മറ്റു യാതൊരു വിശേഷ ദിവസത്തിനും ഇപ്രകാരം ഒരു പേരു് നല്കിയിട്ടില്ലല്ലൊ എന്നതു് അതിശയം തന്നെ. ലോകരക്ഷിതാവായ യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നതിനായി ഈ ലോകത്തിലേക്കു വന്നു എന്നുള്ള മഹാ സന്തോഷം അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന മാ

രോ വ്യക്തിയും ഈ മഹാ സന്തോഷത്തിന്റെ ഒരു മറുഭാഗവരെയും അറിയിക്കുവാൻ ചുമതല പ്പെട്ടവരാണ എന്നു ഓർക്കുന്നതു കൊള്ളാം. ഈ സമയത്തമാനം ഘോഷിക്കുന്നതിൽ നാം ഏതെങ്കിലും വിധത്തിൽ ഭാഗഭാക്കാണോ? മഹാ സന്തോഷത്തിന്റെ അനുഭവക്കാരാണെങ്കിൽ നിശ്ചയമായും അതു മറുഭാഗക്കും നല്കുന്നതിൽ ഏതെങ്കിലും മാർഗ്ഗത്തിൽ ശ്രമിക്കും. നമ്മുടെ സ്വയ ശോധനയ്ക്കു ഈ അവസരം വിനിയോഗിക്കാം. മിഷ്യനറി പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുന്നതിനും, സഹായങ്ങൾ നല്കുന്നതിനും, വ്യക്തികളെ അയയ്ക്കുന്നതിനും നമുക്ക എല്ലാമാത്രം താല്പര്യം ഉണ്ട്.

പറ്റ്പാറ മിഷ്യൻ കാണുന്നതിനും കഴിയുന്ന സഹായങ്ങൾ ചെയ്യുതരുന്നതിനുമായി പല സ്നേഹിതർ അടുത്ത സമയങ്ങളിൽ ഇവിടെ വന്നിരുന്നു. യുവജനങ്ങളുടെ പ്രത്യേക ചുമതലയിൽ നടത്തപ്പെടുന്ന ഈ മിഷ്യനറി പ്രവർത്തനം കണ്ടു മനസ്സിലാക്കുന്നതിനായി മാർത്താമ്മാ യൂത്തുലീഗ സെക്രട്ടറിയും ഈ സ്ഥലം സന്ദർശിച്ചു. Fellowship of Reconciliation ന്റെ ഓർഗനൈസിംഗ് സെക്രട്ടറി പല മിഷ്യൻസ്ഥാപനകൾ സന്ദർശിച്ച കൂട്ടത്തിൽ പറ്റ്പാറയിലും വന്നു. ഇവിടുത്തെ പ്രവർത്തനത്തിൽ പ്രത്യേക താല്പര്യം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന കുറെ സ്നേഹിതർ ജബൽപൂരിൽ ഉണ്ടെന്നുള്ളതു സന്തോഷത്തോടുകൂടെ പ്രസ്താവിച്ചുകൊള്ളട്ടെ. അവർ പല പ്രകാരത്തിൽ ഞങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. തിരുവിതാംകൂറുകാരായ യുവസ്നേഹിതർ ഇവിടെ വന്നു ചെയ്യുന്ന സേവനങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുതിന്റെ ഫലമായി, ഗോണ്ടുവാനായിലെ യുവജനങ്ങളുടെ ഇടയിൽ നവജീവന്റെ അനുഭവം കാണുന്നുണ്ട്. കഴിഞ്ഞ ഞായറാഴ്ച "നൈൻപൂർ" എന്ന ഉപസഭയിൽനിന്നും പന്ത്രണ്ടു യുവാക്കന്മാർ ഇവിടെ വന്നു ആരാധനയിൽ സംബന്ധിക്കുയും, അന്നു വൈകുന്നേരം ഗ്രാമസന്ദർശനം കഴിഞ്ഞു മാജിക്ക് ലാന്റൺ പ്രസംഗം നടത്തുകയും ചെയ്തു. പിറെറ ദിവസം ശവക്കോട്ടയിലെ കാടെല്ലാം വെട്ടിത്തെളിച്ചു വൃത്തിയാക്കിയതിനു ശേഷം തിരിച്ചുപോയി. വേറെ ഒരു ഉപസഭയിലെ യുവാക്കന്മാർ പ്രാർത്ഥനകളും മീറ്റിംഗുകളും മറ്റും താല്പര്യപൂർവ്വം നടത്തുന്നതായി അറിയുന്നു. നമ്മുടെ കർത്താവു പുതിയ വഴികൾ ഇവിടുത്തെ വേലയുടെ അനുഗ്രഹത്തിന്നായി തുറന്നുതരികയാണെന്നു വിശ്വസിക്കാം.

സിസ്റ്റർ കുരോർഗ്രഹാം ഞങ്ങളെ സന്ദർശിച്ചു മൂന്നു ദിവസം ഇവിടെ താമസിച്ചു തിരിച്ചുപോയി. നാഗ്പൂർ ഡയോസിസിലെ മാതൃസംഘസെക്രട്ടറി ശ്രീമതി പത്മകുമാർ ഇവിടെയുള്ള മാതൃസംഘശാഖകൾ സന്ദർശിക്കുന്നതിനായി വന്നിരുന്നു. അവരോടൊന്നിച്ചു 'റത്തൻപൂർ' എന്ന ഉപസഭ സന്ദർശിക്കുന്നതിനു ഞങ്ങൾക്കും ഒരു അവസരം ലഭിച്ചു.

ഈ വർഷത്തിലും സിഹോറാ ആശ്രമമിനാമ്നോഷങ്ങളിൽ സംബന്ധിക്കുന്നതിനു ഞങ്ങൾക്കു സാധിച്ചു. തിരുവിതാംകൂറുകാരായ അനേകരെ കണ്ടു പരിചയപ്പെടുന്നതിനും ഇവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ചു പറയുന്നതിനും ഈ അവസരം വളരെ പ്രയോജനീഭവിച്ചു. മാർത്താമ്മാ സഭയിലെ മിഷ്യനറി ബിഷപ്പു മാർ അലക്സാണ്ടർ തിയോഫിലോസു തിരുമേനി സൗകര്യം ലഭിക്കുന്നപക്ഷം പറ്റ്പാറാ മിഷ്യൻ സന്ദർശിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

നെല്ലു കൊയ്തുകഴിഞ്ഞു, മറു ചില ധാന്യങ്ങളുടെ കൊയ്ത്തു നടന്നുകൊണ്ടിരിക്കുന്നു. ഗോതമ്പു, കടല ഇവ മിക്കവാറും വിതച്ചുകഴിഞ്ഞു. തണുപ്പു വളരെ ശക്തിയോടുകൂടെ ആരംഭിച്ചിട്ടുണ്ട്.

നമ്മുടെ ഇവിടുത്തെ പ്രവർത്തനം ആരംഭിച്ചിട്ടു രണ്ടു വർഷം കഴിഞ്ഞു. ഇതുവരെയും ഒരു വ്യക്തിപോലും യേശുരക്ഷിതാവിനെ സ്വീകരിക്കുന്നതിനായി മുമ്പോട്ടു വന്നിട്ടില്ലല്ലോ എന്നു ഓർക്കുന്നു. ഈ പുതിയ വർഷത്തിൽ കുറെക്കൂടെ വിനയത്തോടും ത്യാഗത്തോടും വി

ശാസ്ത്രോത്സാഹത്തിനും മൈത്രീശ്രേഷ്ഠത്തിനും ഉതകുന്നതിനു ആവശ്യമായ ആത്മീയകൃപ ലഭിക്കേണ്ടതിനു ഞങ്ങളെ നിങ്ങളുടെ പ്രാർത്ഥനയ്ക്കായി സമർപ്പിക്കുന്നു.

എല്ലാവർക്കും സന്തോഷകരമായ ഒരു ക്രിസ്തുമസ്സു ആശംസിച്ചുകൊള്ളുന്നു.

എന്നു

*Mission House,*
*Patpara P. O.,*
*Mandla, M. P.*
*30th Nov., 1956.*

പാറ്റ്പാറമിഷ്യനറിമാർ.

---

# സ്വദേശമിഷ്യൻ സുവിശേഷവേല

മഹായിടവകയുടെ വിവിധ ഭാഗങ്ങളിൽനിന്നും 6 പട്ടക്കാരും 5 സ്വദേശസുവിശേഷകരും സ്വദേശമിഷ്യൻ രംഗമായ ഉപ്പുതറ കേന്ദ്രത്തിൽ 1956 സെപ്തംബർ 20-ാം വ്യാഴാഴ്ച സന്ധ്യയോടുകൂടി എത്തിച്ചേർന്നു. ഉപ്പുതറയും അയ്യപ്പൻ കോവിലിലും ചുറ്റുപാടുകളിലും സുവിശേഷസംരംഭം നടത്തുക എന്നതായിരുന്നു പ്രധാന ലക്ഷ്യമായിരുന്നത്.

പ്രാരംഭയോഗം വള്ളിയിൽ നടത്തിയതിൽ റോമ. 1. 4. ആധാരമാക്കി പിതാവായ ദൈവത്തെപ്പറ്റി ഫലപ്രദവും സുവിശേഷവേലയിൽ ഉത്തേജനം നല്കുന്നതുമായ ഒരു പ്രസംഗം റവ. എം. എം. ജോൺ B. A. M. th അവർകൾ നടത്തി. മക്കൾ പിതാവായ ദൈവത്തെ ചുറ്റുമുള്ള ലോകത്തിനു വെളിപ്പെടുത്തേണ്ടതിനുള്ള ആവശ്യകത വെളിപ്പെടുത്തി. 21 തീയതി വെള്ളിയാഴ്ച രാവിലെ മറ്റു പട്ടക്കാരുടെ സഹായത്തോടുകൂടി സി. എസ്സ്. ഐ. യുടെ ക്രമപ്രകാരം ജോണച്ചൻ നടത്തിയ വിശുദ്ധ സംസർഗ്ഗ ശുശ്രൂക്ഷയിൽ ഉപ്പുതറ ഇടവകയിൽപെട്ട എല്ലാ സഭകളിൽനിന്നും ആളുകൾ സംബന്ധിച്ചിരുന്നു. അതിനുശേഷം അയ്യപ്പൻ കോവിൽ കേന്ദ്രമാക്കി ചുറ്റുപാടുമുള്ള ഭവനങ്ങൾ സന്ദർശിച്ചു. അനന്തരം അയ്യപ്പൻകോവിൽ പള്ളിയിൽ കൂടി. റവ. കെ. ഐ. കോശി B. A. M. th അവർകളുടെ ചുരുങ്ങിയ പ്രബോധനവും പ്രാർത്ഥനയും കഴിഞ്ഞു അയ്യപ്പൻകോവിൽ ചന്തയിൽ പരസ്യയോഗം നടത്തി. 3 സ്വദേശ സുവിശേഷകരും റവ. കെ. കെ. തമ്പൻ, റവ. യേശുവടിയാൻ, റവ. കെ. ഐ. കോശി എന്നീ പട്ടക്കാരും പ്രസംഗിച്ചു.

22 തീയതി ശനിയാഴ്ച കരിങ്കുളം, കരിന്തിരി, ഷെവൻ വാലി, പൂമല, തേങ്ങാക്കല്ല് മുതലായ എസ്റ്റേറ്റുകൾ കേന്ദ്രീകരിച്ചു പുതുവൽ സ്ഥലങ്ങളിലെ ഭവനങ്ങൾ സന്ദർശിച്ചശേഷം ശ്രൂഷകൾ തിരിച്ചു വന്ന ചപ്പാത്തിൽ വച്ചു പരസ്യയോഗം നടത്തിയതിൽ 2 സ്വദേശ സുവിശേഷകരും 2 പട്ടക്കാരും പ്രസംഗിച്ചു. വൈകിട്ട് വീണ്ടും പള്ളിയിൽ കൂടി രാത്രിയോഗം നടത്തി.

23 തീയതി ഞായറാഴ്ച രാവിലെ പട്ടക്കാരൊഴിച്ചുള്ള ശ്രൂഷകളായി തിരിഞ്ഞു ഇടവകയിലെ ഉപസഭകൾ സന്ദർശിക്കയും എല്ലാ പള്ളികളിലും വിശുദ്ധസംസർഗ്ഗം അനുഷ്ഠിക്കയും ചെയ്തു. വീണ്ടും എല്ലാ ശ്രൂഷകളും തന്നിലുള്ള കവലയിൽ 3. 30 P. M. നോടുകൂടി എത്തിച്ചേർന്നു. കോട്ടയം കടയുടെ മുൻവശത്തു തയ്യാർ ചെയ്തിരുന്ന പന്തലിൽ വച്ചു നടത്തിയ പരസ്യയോഗത്തിൽ 2 സുവിശേഷകരും റവ. കെ. കെ. തമ്പൻ, റവ. സി. സി. ചാക്കോ എന്നിവരും പ്രസംഗിച്ചു. രാത്രി 8 മണിക്കു വീണ്ടും പള്ളിയിൽ കൂട്ടുകയും റവ. കെ. കെ. തമ്പൻ ഉജ്ജ്വലമായി പ്രസംഗിക്കയും ഇടയ്ക്കു സ്വദേശ സുവിശേഷകരായി വന്നുചേർന്നവരും ഉപ്പുതറയിൽ നിന്നുള്ള പല ചെറുപ്പക്കാരും കർത്താവായ യേശുക്രിസ്തുവിൽ തങ്ങൾ അന്വേഷിക്കുന്ന രക്ഷയെക്കുറിച്ചു സാക്ഷീകരിക്കയും ചെയ്തു. റവ. സി. സി. ചാക്കോ അച്ചന്റെ അനുഭവസമ്പുഷ്ടവും സാരവത്തുമായ പ്രഭാഷണത്തോടും ആശീർവ്വാദത്തോടും കൂടി ഈ സുവിശേഷപ്രഭാഷണ പരിപാടി ഉപസംഹരിക്കയും ചെയ്തു. സഭയ്ക്കുള്ളിലും പുറമേയും ഒരു നവോന്മേഷം ഈ സുവിശേഷപരിപാടി നിമിത്തം ഉളവാകുവാൻ ഇടയായി എന്നതിനെയല്ല പല പുതിയ സാക്ഷികളും എഴുന്നേല്ക്കുവാൻ ഈ വേല സഹായകരമായിതീർന്നു എന്നുള്ളതു നന്ദിയോടും സന്തോഷത്തോടും കൂടി ഓർക്കുന്നു. ശരാശരി 25-ൽ പരം ആളുകൾ ഈ വേലയിൽ പങ്കെടുത്തു.

വിപുല സാധ്യതകൾ ഉള്ളതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതും നമ്മുടെ സ്വദേശ മിഷ്യൻ വയലുമായ ഈ സ്ഥലത്തു വലുതും വിശാലവുമായ വാതിലുകൾ തുറക്കപ്പെട്ടുന്നു എന്നുള്ളതു സന്തോഷാവഹം

[ശേഷം കവർ 2-ാം പേജിൽ]